www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 12 | 2017 APRIL 01 | ₹ 10

# ബാബരിയുടെ വിധി




## ലൈംഗിക അരാജകത്വം: പ്രശ്നങ്ങളും പരിഹാരങ്ങളും

ഇസ്‌ലാമിക ചരിത്രം: ഒരു അവലോകനം | ഉത്തരം കിട്ടാതെ ഉത്തരകേരളം

വ്യതിയാനാരോപണങ്ങളും പ്രതികരണവും | പ്രവാചകന്മാർ മനുഷ്യരാണ്

പ്രബോധനം: ബാധ്യതയും നിർവഹണവും

*Let our children learn to live*

ACADEMY OF EXCELLENCE

# ACADEMY OF EXCELLENCE

- well-being developed system of learning
- Educational guidance and support
- life long learning in focus
- Special focus for Islamic studies
- In service training for teachers
- High equality education and training
- Residential system
- Schooling at premier Public School affiliated to CBSE
- Self assessment approach of evaluation

**Admission test centres in Kerala and GCC countries**







Green Valley INSTITUTIONS

9496 60 69 60

**Admission only to standard V**

GREEN VALLEY INSTITUTIONS, NELLIKKAPARAMBA,MUKKAM, KOZHIKODE
Mail; greenvalleyinstitutions@gmail.com, Web; www.greenvalleycampus.org




# ബാബരിയുടെ വിധി

സുഫ്‌യാൻ അബ്ദുസ്സലാം/ 10

0012 / 2017 ഏപ്രിൽ 01 / 1438 റജബ് 04 / പുസ്തകം 01 / ലക്കം 12



## ലൈംഗിക അരാജകത്വം: പ്രശ്നങ്ങളും പരിഹാരങ്ങളും

മുഹമ്മദുബ്നു ബശീർ / 07


**മുഖമൊഴി**
സ്വയം തിരിച്ചറിയുക / 05
എഡിറ്റർ

**ക്വുർആൻ പഠനം**
പ്രതിസന്ധികളിൽ പതറാതിരിക്കാൻ / 06
ശമീർ മദീനി

**കാഴ്ച**
ജലമർമരങ്ങൾ / 17
ഇബ്നു അലി എടത്തനാട്ടുകര

**കവിത**
കാത്തിരിപ്പ് / 17
ഷാനവാസ് കുലുക്കല്ലൂർ

**ബാലപഥം**
മാതാപിതാക്കളെ അനുസരിക്കുക / 18
ഉസ്മാൻ പാലക്കാഴി

**കൂട്ടായ്മ**
വ്യതിയാനാരോപണങ്ങളും പ്രതികരണവും / 20
മുബാറക് ബിൻ ഉമർ

**ലേഖനങ്ങൾ**
ഇസ്‌ലാമിക ചരിത്രം, ഒരു അവലോകനം / 14
മുഹമ്മദ് സ്വാദിഖ് മദീനി
പ്രബോധനം: ബാധ്യതയും നിർവഹണവും / 24
സജ്ജാദ് ബിൻ അബ്ദുറസാഖ്
പ്രവാചകന്മാർ മനുഷ്യരാണ് / 26
ഹുസൈൻ സലഫി, ഷാർജ

**പാരന്റിംഗ്**
സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട / 30
അശ്റഫ് എകരൂൽ

**ഹദീസ് പാഠം**
സ്രഷ്ടാവിനോട് അടുക്കുക / 32
അബൂ മുഫീദ്

**നമുക്ക് ചുറ്റും**
ഉത്തരം കിട്ടാതെ ഉത്തരകേരളം / 34
ഡോ. സി.എം സാബിർ നവാസ്


Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Managing Editor: Nasir Balusseri | Editor: Usman Palakkazhi
Chief Editor: Anil Primrose | Web Editor: Haseeb Elayur | Design & Layout: Elan Creativo
Cover: Riyas K | mail@nerpatham.com | www.nerpatham.com

## വായനക്കാർ എഴുതുന്നു




### നേരിന്റെ ആർജവം

പ്രസിദ്ധീകരണങ്ങളുടെ ആധിക്യം പ്രകടമായ ഒരു സംസ്ഥാനമാണ് കേരളം. വായന മരിക്കുന്നു എന്ന് ചിലരെങ്കിലും വ്യാകുലപ്പെടാറുണ്ടെങ്കിലും ഇവിടെ പ്രസിദ്ധീകരണങ്ങൾക്ക് പഞ്ഞമില്ല. അതിനിടയിലേക്കണ് 'നേർപഥ'വും പിറന്നുവീണിരിക്കുന്നത്. ഈ നവാഗതന് ഇവിടെ എന്തുകാര്യം എന്ന് തുടക്കത്തിൽ ചിന്തിച്ചവരിൽ ഒരാളായിരുന്നു ഈയുള്ളവനും. ഇറങ്ങിയേടത്തോളം എല്ലാം വായിച്ചു. തേടിയിരുന്ന 'കാര്യം' കിട്ടി.

അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടും തിന്മകളോടും സന്ധിയില്ലാ സമരം നടത്താൻ വാരിക കാണിക്കുന്ന ആർജവം അതിന്റെ 'മുഖമൊഴി'കളിലൂടെ കണ്ണോടിച്ചാൽ മനസ്സിലാകും. ചില മിഥ്യാധാരണകളെ പൊളിക്കുകയും പള്ളി ഭാരവാഹികളെ പൊള്ളിക്കുകയും ചെയ്തുകൊണ്ടുള്ള മുഖമൊഴി (മാർച്ച് 11-18) ഏറെ ചർച്ച ചെയ്യപ്പെടേണ്ടതാണെന്ന് പറയാതെ വയ്യ.

മുഖം നോക്കാതെ, പക്ഷം ചേരാതെ, തെറ്റിനെ തെറ്റെന്ന് പറയാൻ തന്റേടം കാണിക്കുന്ന പ്രസിദ്ധീകരണങ്ങൾ -പൊതു പ്രസിദ്ധീകരണങ്ങളായാലും മതപ്രസിദ്ധീകരണങ്ങളായാലും ശരി- വിരളമാണ്. ആ തന്റേടം 'നേർപഥ'ത്തിൽ കാണുന്നു. അതുകൊണ്ടു തന്നെ അതിന് ഇസ്‌ലാമിക പ്രസിദ്ധീകരണ രംഗത്ത് ഇടമുണ്ട്. പേജുകൾ വർധിപ്പിക്കണം. വിജയം നേരുന്നു.

**കെ.പി അബൂബക്കർ, മുത്തനൂർ**

### നിലപാടറിയിച്ച ലേഖനം

'തെരഞ്ഞെടുപ്പ്; നിലപാട് സുചിന്തിതമാകണം' എന്ന ലേഖനം മുഴുവൻ മലയാളികളും വായിക്കേണ്ടതാണ്. അമുസ്‌ലിംകൾക്ക് ചില ധാരണകൾ തിരുത്തുവാനും മുസ്‌ലിംകൾക്ക് നിലപാടുകൾ നന്നാക്കുവാനും ഏറെ സഹായകമായിരുന്നു പ്രസ്തുത ലേഖനം.

'തന്റെ വിശ്വാസ ആദർശങ്ങൾക്ക് കോട്ടം തട്ടാത്ത വിധം ഭൗതിക കാര്യങ്ങളിൽ ഇതര മതസ്ഥരുമായി സഹകരിക്കുന്നതിനോ, അവർക്ക് പുണ്യം ചെയ്യുന്നതിനോ, അവരോടു സഹിഷ്ണുതയോടെയും അനുകമ്പയോടെയും പെരുമാറുന്നതിനോ ഇസ്‌ലാം വിലക്കുന്നില്ല. മറിച്ച് അതാണ് ഇസ്‌ലാം നിഷ്‌കർഷിക്കുന്നത്. തന്റെ ചുറ്റും ജീവിച്ചിരുന്ന ഇതര മതസ്ഥരോട് ഏറെ വിനയത്തോടെയും സഹിഷ്ണുതയോടെയും പെരുമാറിയിരുന്ന ആളായിരുന്നു പ്രവാചകൻ(സ്വ). വിശുദ്ധ ക്വുർആൻ പ്രവാചകനിൽ ഉണ്ടായിരുന്ന ആ സഹിഷ്ണുതാ മനോഭാവം പ്രത്യേകം എടുത്ത് പറഞ്ഞിട്ടുമുണ്ട്. മാത്രമല്ല അതാണ് ഏറ്റവും കൂടുതൽ ആളുകളെ ഇസ്‌ലാമിലേക്ക് ആകർഷിച്ചതും. അല്ലാഹു പറയുന്നു:

"(നബിയേ) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു" (വി.ക്വുർആൻ 3:159).'

പ്രമാണങ്ങളിൽനിന്ന് ഇസ്‌ലാമിനെ മനസ്സിലാക്കിയാലേ ശരിയായ ഇസ്‌ലാമിനെ മനസ്സിലാക്കാൻ കഴിയൂ. തികച്ചും പ്രമാണബദ്ധമായി, ചരിത്രത്തിന്റെ ശോഭയാർന്ന ഏടുകൾ നിരത്തിവെച്ച് പഠനാർഹമായ ലേഖനം എഴുതിയ പി.എൻ അബ്ദുറഹ്മാന്റെ തൂലികക്ക് നാഥൻ ശക്തി പകരട്ടെ എന്ന് പ്രാർഥിക്കുന്നു.

**അമീൻ തുവക്കാട്**

### പ്രാർഥനയും സമസ്തയും

അല്ലാഹുവിന് കീഴ്‌പ്പെട്ട് ആത്മാർഥമായി ആരാധന നിർവഹിക്കാനാണ് ഇസ്‌ലാം കൽപിച്ചിട്ടുള്ളത്. ഈ കൽപന ഉൾക്കൊണ്ട് ജീവിക്കുന്ന ഒരു മുസ്‌ലിമിന് അണുഅളവ് ശിർക്കുമായി പൊരുത്തപ്പെടാൻ കഴിയില്ല. എന്നാൽ പ്രാർഥനയും ആരാധനയും ഒന്നല്ലെന്നും പ്രാർഥനയാകുന്ന വിളിയും ആകാത്ത വിളിയുമുണ്ടെന്നും വിശ്വസിച്ച് അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കുന്നത് അനുവദനീയമാണെന്ന് വാദിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന സമസ്തയുടെ വാദങ്ങളിലെ നിരർഥകത ബോധ്യപ്പെടുത്തുന്നതായിരുന്നു മൂസ കാരയുടെ ലേഖനം.

**മുർഷിദ ജംഷാദ്, കല്ലടിക്കോട്**

### സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com,www.nerpatham.com

മുഖമൊഴി

# സ്വയം തിരിച്ചറിയുക

മനുഷ്യനെ സൃഷ്ടിക്കുകയും അവന് ജീവിതവും മരണവും നിശ്ചയിക്കുകയും ചെയ്ത പ്രപഞ്ചനാഥൻ നിരവധി സ്വഭാവ വൈവിധ്യങ്ങളോട് കൂടിയാണ് മനുഷ്യപ്രകൃതിയെ സംവിധാനിച്ചിട്ടുള്ളത്. ഒരു ജീവിയെന്ന നിലയിൽ മനുഷ്യനിൽ സഹജമായി നിലകൊള്ളുന്ന പല ശീലങ്ങളെയും സ്വഭാവങ്ങളെയും മറികടന്നുകൊണ്ടും അവയെ അടിച്ചമർത്തിക്കൊണ്ടും മുന്നോട്ടു പോവുക സാധ്യമല്ല. എന്നാൽ അവയെ നിയന്ത്രിക്കുകയും നിയമ വിധേയവും സ്രഷ്ടാവിന്റെ താൽപര്യാനുസൃതവും വിനിയോഗിക്കുകയും ചെയ്തുകൊണ്ട് തന്റെ ജീവിതത്തെ മുന്നോട്ട് നയിക്കുവാൻ മനുഷ്യൻ ബാധ്യസ്ഥനാണ് എന്ന് വിശുദ്ധ ക്വുർആൻ മാനവരാശിയെ പഠിപ്പിക്കുന്നു. വിശുദ്ധ ക്വുർആൻ പറയുന്നു:

"ആകയാൽ (സത്യത്തിൽ) നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ചു നിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടി വ്യവസ്ഥക്ക് യാതൊരു മാറ്റവുമില്ല. അതത്രെ വക്രതയില്ലാത്ത മതം. പക്ഷേ, മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല"(30:30).

പ്രകൃതിയുമായുള്ള ഇണക്കം ഇസ്‌ലാമിന്റെ സഹജ ഗുണമാണെന്നും അത് മനുഷ്യന് അനിവാര്യമായ മാർഗദർശനമാണെന്നും ഈ സൂക്തം ചൂണ്ടിക്കാണിക്കുന്നു. മനുഷ്യന്റെ പ്രകൃതിയുമായി ഇസ്‌ലാം പുലർത്തുന്ന ഈ ബന്ധത്തെ നിഷേധിക്കുകയും ഇസ്‌ലാമിനെ ജീവിത മാർഗമായി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നത് നിരർഥകമായ നിലപാടാണ്.

"(നിങ്ങൾ) അവങ്കലേക്ക് തിരിഞ്ഞവരായിരിക്കുകയും അവനെ സൂക്ഷിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക. നിങ്ങൾ ബഹുദൈവാരാധകരുടെ കൂട്ടത്തിലായിപ്പോകരുത്. അതായത് തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും പല കക്ഷികളായി തിരിയുകയും ചെയ്തവരുടെ കൂട്ടത്തിൽ. ഓരോ കക്ഷിയും തങ്ങളുടെ പക്കലുള്ളതിൽ സന്തോഷമടയുന്നവരത്രെ" (30: 31,32).

ഇസ്‌ലാം മനുഷ്യരാശിയുടെ ഏകീകരണത്തിനുള്ള ഏക ഉപാധിയാണെന്ന് വിശുദ്ധ ക്വുർആൻ പഠിപ്പിക്കുന്നു. മനുഷ്യപ്രകൃതിയിലെ ജൈവസവിശേഷതകളും ഗുണങ്ങളുമെല്ലാം ഏകദൈവാദർശത്തിന്റെ അനിവാര്യത എന്ന സാക്ഷ്യത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്.

"നിന്റെ രക്ഷിതാവ് ആദം സന്തതികളിൽ നിന്ന്, അവരുടെ മുതുകുകളിൽ നിന്ന് അവരുടെ സന്താനങ്ങളെ പുറത്ത് കൊണ്ട് വരികയും, അവരുടെ കാര്യത്തിൽ അവരെ തന്നെ അവൻ സാക്ഷി നിർത്തുകയും ചെയ്തു. സന്ദർഭവും (ഓർക്കുക). (അവൻ ചോദിച്ചു:) "ഞാൻ നിങ്ങളുടെ രക്ഷിതാവല്ലയോ? അതെ, ഞങ്ങൾ സാക്ഷ്യം വഹിച്ചിരിക്കുന്നു. തീർച്ചയായും ഞങ്ങൾ ഇതിനെ പറ്റി ശ്രദ്ധയില്ലാത്തവരായിരുന്നു എന്ന് ഉയർത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങൾ പറഞ്ഞേക്കും എന്നതിനാലാണ് അങ്ങനെ ചെയ്തത്"(7:172).

വികലമനസ്കനല്ലാത്ത ഏതൊരു മനുഷ്യനും തുറന്നു സമ്മതിക്കും; ഞാൻ എങ്ങനെയോ അങ്ങ് ഉണ്ടായതല്ല; പ്രത്യുത സർവജ്ഞനും സർവശക്തനുമായ സൃഷ്ടികർത്താവ് വിസ്മയകരമാം വിധം തന്നെ സംവിധാനിച്ചിരിക്കുകയാണെന്ന്. ഈ തിരിച്ചറിവാണ് പ്രധാനം. അതില്ലാത്തവരാണ് സർവശക്തനിൽ അഭയം തേടേണ്ടതിനു പകരം സർവശക്തന്റെ ദുർബലരായ സൃഷ്ടികളിൽ അഭയം തേടുന്നത്. ജാറങ്ങളിലും ദർഗകളിലും ചെന്ന് സാഷ്ടാംഗം വീഴുന്നത്. ദിവ്യവേഷം കെട്ടി തട്ടിപ്പിനിരിക്കുന്നവരുടെ ചൂഷണത്തിന് വിധേയരായി ആരോഗ്യവും മാനവും പണവും നഷ്ടപ്പെട്ടവരുടെ വാർത്തകൾ എത്ര കേട്ടാലും ഇത്തരക്കാരിൽ അതൊന്നും സ്വാധീനം ചെലുത്തില്ല. ഇവരിൽ ആണും പെണ്ണുമുണ്ട്. വിദ്യാസമ്പന്നരും പാമരരുമുണ്ട്. ധനാഢ്യരും ദരിദ്രരുമുണ്ട്. അല്ലാഹുവിന്റെ പാശം കൈവിട്ടാൽ ആരും അധഃപതിച്ചുപോകും എന്നർഥം. അല്ലാഹു പറയുന്നു:

"വക്രതയില്ലാതെ (ഋജുമാനസരായി) അല്ലാഹുവിലേക്ക് തിരിഞ്ഞവരും അവനോട് യാതൊന്നും പങ്കുചേർക്കാത്തവരുമായിരിക്കണം (നിങ്ങൾ). അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം അവൻ ആകാശത്തു നിന്ന് വീണത് പോലെയാകുന്നു. അങ്ങനെ പക്ഷികൾ അവനെ റാഞ്ചിക്കൊണ്ടു പോകുന്നു. അല്ലെങ്കിൽ കാറ്റ് അവനെ വിദൂര സ്ഥലത്തേക്ക് കൊണ്ടു പോയി തള്ളുന്നു" (22:31).

ശമീർ മദീനി
shameermadeeni@gmail.com

ക്വുർആൻ പഠനം

# പ്രതിസന്ധികളിൽ പതറാതിരിക്കാൻ

**"വല്ലവനും സദ്‌വൃത്തനായിക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് സമർപ്പിക്കുന്ന പക്ഷം ഏറ്റവും ഉറപ്പുള്ള പിടികയറിൽ തന്നെയാണ് അവൻ പിടിച്ചിരിക്കുന്നത്. അല്ലാഹുവിങ്കലേക്കാകുന്നു കാര്യങ്ങളുടെ പരിണിതി"(ക്വുർആൻ 31:22)**

**ജീ**വിതത്തിൽ കഷ്ടതകളനുഭവിക്കാത്തവരായി ആരുമുണ്ടാകില്ല. തങ്ങളാഗ്രഹിക്കുന്നതിന് വിരുദ്ധമായി പലതും സംഭവിച്ച് പരീക്ഷണങ്ങളുടെ കയ്പുനീര് കുടിക്കേണ്ടി വരുമ്പോൾ പലരും പരാജയപ്പെട്ടുപോകുന്നു. നിരാശയും നിഷ്‌ക്രിയത്വവും അവരുടെ ജീവിതത്തിൽ പിടിമുറുക്കുന്നു. ചിലർ മയക്കുമരുന്നിലും മദ്യത്തിലും അഭയം തേടുന്നു. മറ്റു ചിലരാകട്ടെ, ആത്മഹത്യയിൽ ജീവിതമവസാനിപ്പിക്കുന്നു. സത്യത്തിൽ അവയൊന്നും പ്രശ്‌നങ്ങൾക്ക് ശരിയായ പരിഹാരമാകുന്നില്ല. പ്രത്യുത പ്രശ്‌നങ്ങൾ കൂടുതൽ സങ്കീർണങ്ങളാക്കുകയാണ് ചെയ്യുന്നത്.

എന്നാൽ മഹാന്മാരായ ദൈവദൂതന്മാരുടെയും സാത്വികരായ മഹത്തുക്കളുടെയും ജീവിതരീതികൾ പരിശോധിച്ചാൽ അവരും ഒട്ടേറെ പരീക്ഷണങ്ങളെയും പ്രതിസന്ധികളെയും അഭിമുഖീകരിച്ചതായി തന്നെയാണ് കാണാൻ കഴിയുന്നത്. പക്ഷേ, അവർ അത്തരം സന്ദർഭങ്ങളിൽ ഭീരുക്കളായി പരാജയം സമ്മതിച്ച് പിന്മാറി പോവുകയായിരുന്നില്ല. ആദർശപ്രബോധനവീഥിയിൽ പ്രതിസന്ധികളെ അഭിമുഖീകരിച്ച പ്രവാചകന്മാരും അനുയായികളും പ്രതിസന്ധികൾക്ക് മുമ്പിൽ പ്രബോധന പ്രവർത്തനങ്ങൾ നിർത്തിവെച്ചില്ല.

ഏറെ നാളത്തെ ദാമ്പത്യജീവിതത്തിന് ശേഷവും സന്താനങ്ങളില്ലാതിരുന്നിട്ട് നിരാശരാകാതെ അല്ലാഹുവിനോട് പ്രാർഥിച്ച ഇബ്‌റാഹീം നബി(അ)യും സക്കരിയ്യാ നബി(അ)യും ഏറെ നാളത്തെ രോഗാവസ്ഥയിൽ വിഷമതകളനുഭവിച്ച അയ്യൂബ് നബി(അ)യും ഏറെ സ്‌നേഹത്തോടെയും വാൽസല്യത്തോടെയും വളർത്തിക്കൊണ്ട് വന്ന പ്രിയപ്പെട്ട രണ്ട് മക്കളെ രണ്ട് സന്ദർഭങ്ങളിലായി 'നഷ്ടപ്പെട്ടു' പോയപ്പോഴും കരഞ്ഞു കലങ്ങിയ കണ്ണുകളുമായി റബ്ബിനോട് മാത്രം ആവലാതി ബോധിപ്പിച്ച് പതറാതെ പിടിച്ചു നിന്ന യഅ്ക്വൂബ് നബി(ﷺ)യുമെല്ലാം പരീക്ഷണങ്ങളുടെ തീച്ചൂളകളിലൂടെ തന്നെ കടന്നുവന്നവരാണ്.

പരീക്ഷണങ്ങളിലും പ്രതിസന്ധികളിലും പതറാതെ പിടിച്ചു നിൽക്കാൻ അവർക്ക് സഹായകമായതും അത്തരം ഘട്ടങ്ങളിൽ നമുക്ക് പ്രചോദകമായി വർത്തിക്കേണ്ടതുമായ ചില സുപ്രധാന കാര്യങ്ങളുണ്ട്.

ഒന്നാമതായി ഈ ജീവിതത്തിന്റെ ലക്ഷ്യം ഗ്രഹിക്കുക എന്നത് തന്നെ. ഈ ലോകജീവിതമാണ് യഥാർഥജീവിതമെന്നും ഇവിടുത്തെ താൽക്കാലികമായ ജയ-പരാജയങ്ങളാണ് ശരിയായ ജയ-പരാജയങ്ങളെന്നും ധരിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഇവിടുത്തെ നഷ്ടങ്ങൾ വല്ലാത്ത ആഘാതങ്ങൾ ഏൽപ്പിക്കുക സ്വാഭാവികമാണ്. ഇവിടുത്തെ താൽക്കാലിക നേട്ടങ്ങളിൽ അത്തരക്കാർ മതിമറന്നാഹ്ലാദിക്കുകയും ചെയ്യും. എന്നാൽ അല്ലാഹുവിലും പരലോകജീവിതത്തിലും വിശ്വസിക്കുന്നവർ അങ്ങനെയായിരിക്കുകയില്ല. ഈ ജീവിതത്തിലെ കഷ്ടനഷ്ടങ്ങൾ കൂടി പാരത്രികജീവിതത്തിലേക്കുള്ള സമ്പാദ്യമാക്കി മാറ്റാൻ ശ്രമിക്കുന്നവരായിരിക്കുമവർ. അതുകൊണ്ടാകണം നിരാശ ബാധിക്കുന്നവർ ആരെന്ന ക്വുർആനിന്റെ വിവരണത്തിൽ ഇപ്രകാരം കാണുന്നത്: "അല്ലാഹുവിങ്കൽ നിന്നുള്ള ആശ്വാസത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. അവിശ്വാസികളായ ജനങ്ങളല്ലാതെ അല്ലാഹുവിങ്കൽ നിന്നുള്ള ആശ്വാസത്തെപ്പറ്റി നിരാശപ്പെടുകയില്ല, തീർച്ച." (12:87).

അതുപോലെ പ്രതിസന്ധികളുടെയും പരീക്ഷണങ്ങളുടെയും ഘട്ടങ്ങളിൽ നമ്മെക്കാൾ പ്രയാസമനുഭവിക്കുന്നവരെക്കുറിച്ചോർക്കാൻ കഴിഞ്ഞാൽ നമ്മുടെ വിഷമങ്ങളുടെയും വേദനകളുടെയും കാഠിന്യം കുറക്കാൻ സാധിക്കുന്നതാണ്. നബി(ﷺ) പറയുന്നു: "നിങ്ങളെക്കാൾ താഴെയുള്ളവരിലേക്ക് നിങ്ങൾ നോക്കുക. നിങ്ങൾക്ക് മുകളിലുള്ളവരിലേക്ക് നിങ്ങൾ നോക്കരുത്. അല്ലാഹു നിങ്ങൾക്ക് നൽകിയ അനുഗ്രഹങ്ങളെ നിസ്സാരവൽക്കരിച്ച് തള്ളാതിരിക്കാൻ അതാണ് കരണീയമായിട്ടുള്ളത്" (മുസ്‌ലിം).

നമ്മുടെ തീരുമാനങ്ങൾക്കുപരിയായി അല്ലാഹുവിന്റെ തീരുമാനമനുസരിച്ചാണ് കാര്യങ്ങൾ നടക്കുകയെന്ന യാഥാർഥ്യം മനസ്സിനെ ബോധ്യപ്പെടുത്തുക. ഇസ്‌ലാം പഠിപ്പിക്കുന്ന വിധിവിശ്വാസത്തിന്റെ ഒരു പ്രധാനവശം കൂടിയാണത്. അല്ലാഹുവിന്റെ വിധി ആത്യന്തികമായി നമുക്ക് ഗുണകരമായിരിക്കുമെന്ന് തിരിച്ചറിയാൻ കഴിഞ്ഞാൽ ദൈവികവിധിയുടെ ഭാഗമായ ഏത് അനുഭവങ്ങളിലും ആശ്വാസം കണ്ടെത്താൻ ഒരു വിശ്വാസിക്ക് പ്രയാസമുണ്ടാവുകയില്ല.


എല്ലാറ്റിനുപരിയായി, പ്രവാചകന്മാരുടെ ജീവിതത്തിൽ തെളിഞ്ഞു കാണാവുന്നതുപോലെ സർവശക്തനായ അല്ലാഹുവിനോട് മോചനത്തിനും സഹായത്തിനുമായി നിരന്തരം തേടിക്കൊണ്ടിരിക്കുക. ആ പ്രാർഥനകൾ ശാന്തിദായകവും പ്രതിഫലാർഹവും പ്രതിസന്ധികളെ അവഗണിച്ച് മുന്നേറാൻ തക്ക ധൈര്യം നൽകുന്നതുമാണ്. സർവശക്തനും പരമകാരുണികനുമായ അല്ലാഹുവിനെ തന്റെ ആശ്രയവും അവലംബവുമായി കണ്ടെത്തുന്ന ഒരു വിശ്വാസി അനുഭവിക്കുന്ന ആനന്ദവും മനഃസമാധാനവും പറഞ്ഞറിയിക്കാനാവുന്നതിലുമപ്പുറമാണ്. "...ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപ്പോകുകയേ ഇല്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു." (2:256).

മുഹമ്മദുബ്നു ബശീർ
mail@nerpatham.com

ലേഖനം

# ലൈംഗിക അരാജകത്വം
## പ്രശ്നങ്ങളും പരിഹാരങ്ങളും

**ഒരു വ്യക്തി തന്റെ ലൈംഗികത ഉപയോഗിക്കുന്നത് അനുവദനീയമായ വിവാഹത്തിലൂടെയാകണം എന്നാണ് ഇസ്ലാം ആവശ്യപ്പെടുന്നത്. അതല്ലാത്ത ബന്ധങ്ങളെല്ലാം നാശം സൃഷ്ടിക്കുന്നവയാണ്. വൈവാഹിക ജീവിതത്തിൽ സംശയത്തിന്റെ വിത്തുകൾ വിതക്കുന്നതിനും ഭാവിജീവിതത്തിൽ മാനസിക വിള്ളലുകൾ സൃഷ്ടിക്കുന്നതിനും വിവാഹേതര ലൈംഗിക ബന്ധങ്ങൾ കാരണമാകുന്നു. വഴിവിട്ട ബന്ധങ്ങൾ വ്യാപകമാവുന്ന പശ്ചാത്തലത്തിൽ ലൈംഗിക സദാചാരത്തെ കുറിച്ച് ഒരു വിശകലനം.**



**ലൈം**ഗികത ഒരു ദൈവിക അനുഗ്രഹമാണ്. അതിന്റെ പ്രധാനമായ ലക്ഷ്യം പ്രത്യുൽപാദനമാണ്. മാനസികാരോഗ്യവും കുടുംബ ഭദ്രതയും സാമൂഹിക ജീവിതത്തിലെ സമാധാനവും ലൈംഗികതയുമായി ബന്ധപ്പെട്ടിരിക്കുന്നു. ശരിയായ മാർഗദർശന പ്രകാരമല്ലാതെയുള്ള അതിന്റെ ഉപയോഗം വ്യക്തിയുടെ മാനസികനില തെറ്റിക്കുവാനും കുടുംബത്തിന്റെ കെട്ടുറപ്പിനെ തകർക്കുവാനും സാമൂഹികഘടനയെ നശിപ്പിക്കുവാനും കാരണമായിത്തീരും. മനുഷ്യരിലുണ്ടാകുന്ന മിക്ക ലൈംഗിക രോഗങ്ങൾക്കും കാരണം വിവാഹേതര ലൈംഗികതയാണ്.

ഒരു വ്യക്തി തന്റെ ലൈംഗികത ഉപയോഗിക്കുന്നത് അനുവദനീയമായ വിവാഹത്തിലൂടെയാകണം എന്നാണ് ഇസ്ലാം ആവശ്യപ്പെടുന്നത്. അതല്ലാത്ത ബന്ധങ്ങളെല്ലാം നാശം സൃഷ്ടിക്കുന്നവയാണ്. വൈവാഹിക ജീവിതത്തിൽ സംശയത്തിന്റെ വിത്തുകൾ വിതക്കുന്നതിനും ഭാവിജീവിതത്തിൽ മാനസികവിള്ളലുകൾ സൃഷ്ടിക്കുന്നതിനും വിവാഹേതര ലൈംഗിക ബന്ധങ്ങൾ കാരണമാകുന്നു.

പാശ്ചാത്യ സംസ്കാരത്തെ പുൽകാൻ വെമ്പൽകൊള്ളുന്ന കേരളീയ സമൂഹത്തിൽ ഇവ്വിഷയകമായി വന്ന വ്യതിചലനങ്ങളെക്കുറിച്ചുള്ള പഠന ഫലങ്ങൾ ധാർമികബോധമുള്ളവരെ ഏറെ ചിന്തിപ്പിക്കുന്നതാണ്. കേരളത്തിന്റെ തലസ്ഥാന നഗരിയിൽ ഓരോ മാസവും ശരാശരി 300 പേരാണത്രെ തങ്ങളുടെ ഇണയിലൂടെ പിറന്ന കുഞ്ഞ് തന്റേതാണോ എന്ന് ഉറപ്പിക്കാനായി എത്തുന്നത്!

പരപുരുഷ ബന്ധവും പരസ്ത്രീബന്ധവുമെല്ലാം കുടുംബ ബന്ധങ്ങൾ ശിഥിലമാക്കുന്ന കാഴ്ചകൾ വ്യാപകമാണ്. സ്വവർഗരതിയെന്ന ലൈംഗിക അരാജകത്വത്തിന് നിയമപരിരക്ഷ ലഭിക്കാൻ അനുമതി തേടുന്നവർ എങ്ങനെ നമ്മുടെ നാട്ടിലുണ്ടായി എന്നത് ചിന്തിക്കേണ്ട കാര്യമാണ്.

ഇസ്‌ലാം വിഭാവനം ചെയ്യുന്ന സമൂഹം ഒരിക്കലും ഇത്തരത്തിലുള്ളതല്ല. ശാന്തമായ കുടുംബാന്തരീക്ഷവും സമാധാനപൂർണമായ ദാമ്പത്യബന്ധവും പുലരുവാൻ വിവാഹേതര ബന്ധങ്ങൾ പൂർണമായി ഒഴിവാക്കേണ്ടതാണ്. ഒരു മനുഷ്യന് തന്റെ ലൈംഗികത ഏറ്റവും നല്ലനിലയിൽ ഉപയോഗിക്കുന്നതിനും മോശമായ മാർഗത്തിൽ നിന്നും തടയുന്നതിനും ആവശ്യമായ എല്ലാ നിർദേശങ്ങളും ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. "നിങ്ങൾ വ്യഭിചാരത്തെ സമീപിച്ചുപോകരുത്. തീർച്ചയായും അത് ഒരു നീചവൃത്തിയും ദുഷിച്ച മാർഗവുമാകുന്നു"(ക്വുർആൻ 17:32). വ്യഭിചാരത്തിലേക്ക് അടുക്കുകപോലുമരുത് എന്നാണ് ക്വുർആനിന്റെ കൽപന. അതിലേക്ക് എത്തുന്നതായ എന്തൊക്കെ കാര്യങ്ങളുണ്ടോ അതെല്ലാം നിർബന്ധമായും ഒഴിവാക്കണമെന്നാണ് പ്രവാചകൻﷺ ലോകത്തെ പഠിപ്പിച്ചത്.

അന്യസ്ത്രീ പുരുഷൻമാർ ശാരീരികമായി ബന്ധപ്പെടുന്നതിനെ മാത്രമല്ല ഇസ്‌ലാം വ്യഭിചാരമായി കാണുന്നത്. അന്യസ്ത്രീകളെ അനാവശ്യമായി നോക്കുന്നതും ഇന്റർനെറ്റിന്റെ സഹായത്തോടെയും ടെലിവിഷനിലൂടെയും മറ്റും കാണുന്ന അശ്ലീല വീഡിയോകളും ചിത്രങ്ങളുമെല്ലാം ആസ്വദിക്കലും വ്യഭിചാരത്തിന്റെ ഇനങ്ങൾ തന്നെയാണ്. ഫോണിലൂടെയും നേരിട്ടും അന്യസ്ത്രീ പുരുഷന്മാർ തമ്മിൽശബ്ദാസ്വാദനം നടത്തുന്നതും അശ്ലീലഭാഷണം നടത്തുന്നതുമെല്ലാം വ്യഭിചാരമാണ്. ഏതൊരു അവിഹിത ബന്ധത്തിന്റെയും തുടക്കം മിക്കവാറും ഇങ്ങനെയായിരിക്കും.

പരമകാരുണികന്റെ വിനീത ദാസന്മാരുടെ ഗുണങ്ങൾ പറയവെ ക്വുർആനിൽ ഇങ്ങനെ കാണാം: "അല്ലാഹുവോടൊപ്പം വേറെയൊരു ദൈവത്തെയും വിളിച്ച് പ്രാർഥിക്കാത്തവരും അല്ലാഹു പവിത്രമാക്കി വെച്ചിട്ടുള്ള ജീവനെ ന്യായമായ കാരണത്താലല്ലാതെ ഹനിച്ചുകളയാത്തവരും വ്യഭിചരിക്കാത്തവരുമാകുന്നു അവർ. ആ കാര്യങ്ങൾ വല്ലവനും ചെയ്യുന്ന പക്ഷം അവൻ പാപഫലം കണ്ടെത്തുക തന്നെ ചെയ്യും"(25:68).

ഈ വൻപാപവുമായി ലോകത്ത് നിന്ന് വിടപറയുന്ന മനുഷ്യർക്ക് വരാനിരിക്കുന്ന ഭീകരമായ അവസ്ഥ മഹാനായ പ്രവാചകൻ ഉണർത്തിയിട്ടുണ്ട്. നരകത്തിലെ ശിക്ഷകൾ കാണിക്കപ്പെട്ട സംഭവം പറയവെ അവിടുന്ന് പറഞ്ഞു:

"...പിന്നെയും അവർ എന്നെയും കൊണ്ട് പോവുകയുണ്ടായി. അപ്പോഴതാ നന്നായി വീർത്ത, അതിരൂക്ഷമായ ദുർഗന്ധമുള്ള ഒരു വിഭാഗം. അവരുടെ ഗന്ധം കക്കൂസിന്റേതുപോലെയാണ്. ഞാൻ ചോദിച്ചു: "ഇവർ ആരാണ്?" അവർ പറഞ്ഞു: "ഇവർ വ്യഭിചാരികളും, വ്യഭിചാരിണികളുമാണ്" (ബുഖാരി).

വ്യഭിചാരികൾ മരണാനന്തരം അനുഭവിക്കാനിരിക്കുന്ന മറ്റൊരു ഭയാനകമായ ശിക്ഷ മറ്റൊരു ഹദീഥിൽ വിവരിക്കുന്നു:

പ്രവാചകൻﷺയുടെ അടുക്കലേക്ക് ജിബ്‌രീൽ, മീകാഈൽ എന്നീ മലക്കുകൾ വന്നു. പ്രവാചകൻﷺ പറയുകയാണ്: "ഞങ്ങൾ പോയി. അങ്ങനെ മുകൾഭാഗം ഇടുങ്ങിയതും അടിഭാഗം വിശാലവുമായ ഒരു അടുപ്പിന്റെ അടുത്തെത്തി. അതിൽ നഗ്നരായ സ്ത്രീ-പുരുഷൻമാരാണ്. അവരുടെ താഴ്ഭാഗത്ത് നിന്ന് ഒരു തീജ്വാല അവരിലേക്ക് വരുന്നു. അത് വരുമ്പോൾ അതിന്റെ ചൂടിന്റെ കാഠിന്യം കാരണത്താൽ അവർ അട്ടഹസിക്കുന്നു. അപ്പോൾ ഞാൻ ചോദിച്ചു (നബി): 'ജിബ്‌രീൽ ആരാണീ കൂട്ടർ?' ജിബ്‌രീൽ(അ) പറഞ്ഞു: 'ഇവർ വ്യഭിചരിച്ച സ്ത്രീ-പുരുഷൻമാരാണ്" (ബുഖാരി). അന്ത്യനാൾവരെ അവർക്കുള്ള ശിക്ഷയാണിത്. നരകത്തിൽ ഏറ്റവും കൂടുതൽ പതിക്കാൻ കാരണമാകുന്ന തിൻമകളെ സംബന്ധിച്ച് ചോദിച്ചപ്പോൾ പ്രവാചകൻﷺ നൽകിയ ഉത്തരം "നാവും ഗുഹ്യാവയങ്ങളും" (ബുഖാരി) എന്നായിരുന്നു.

പ്രകൃതിവിരുദ്ധമായ സ്വവർഗരതിയെയും ഇസ്‌ലാം ശക്തമായി എതിർക്കുന്നു. ലോകത്ത് പല രാജ്യങ്ങളും ഇതിന് അനുമതി നൽകിയിട്ടുണ്ട്. ആദ്യമായി ഈ മ്ലേഛ പ്രവർത്തനം ചെയ്ത സമൂഹത്തിന് സംഭവിച്ച നാശത്തിന്റെ കഥ ക്വുർആൻ പറയുന്നുണ്ട്. ഈ ഒരു തിന്മയെ ആ ഗോത്രത്തിന്റെ പേരിലേക്ക് ചേർത്തുകൊണ്ടാണ് ലോകം സ്മരിക്കുന്നത്. ലൂത്വ് നബി(അ) നിയോഗിക്കപ്പെട്ട 'സദൂം' ഗോത്രക്കാരാണ് ഇതിന്റെ തുടക്കക്കാർ. അല്ലാഹു പറയുന്നു:

"ലൂത്വിന്റെ ജനത ദൈവദൂതൻമാരെ നിഷേധിച്ചുതള്ളി. അവരുടെ സഹോദരൻ ലൂത്വ് അവരോട് പറഞ്ഞ സന്ദർഭം: നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ? തീർച്ചയായും ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ഒരു ദൂതനാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ. ഇതിന്റെ പേരിൽ നിങ്ങളോട് ഞാൻ യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എനിക്കുള്ള പ്രതിഫലം ലോകരക്ഷിതാവിങ്കൽ നിന്നുമാത്രമാകുന്നു. നിങ്ങൾ ലോകരിൽ നിന്ന് ആണുങ്ങളുടെ അടുക്കൽ ചെല്ലുകയും നിങ്ങളുടെ രക്ഷിതാവ് നിങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചുതന്നിട്ടുള്ള നിങ്ങളുടെ ഇണകളെ വിട്ടുകളയുകയുമാണോ? അല്ല, നിങ്ങൾ അതിക്രമകാരികളായ ഒരു ജനത തന്നെ. അവർ പറഞ്ഞു: ലൂത്വേ, നീ (ഇതിൽനിന്ന്) വിരമിച്ചില്ലെങ്കിൽ തീർച്ചയായും നീ (നാട്ടിൽ നിന്ന്) പുറത്താക്കപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കും. അദ്ദേഹം പറഞ്ഞു: തീർച്ചയായും ഞാൻ നിങ്ങളുടെ പ്രവൃത്തിയെ വെറുക്കുന്നവരുടെ കൂട്ടത്തിലാകുന്നു. (അദ്ദേഹം പ്രാർഥിച്ചു): എന്റെ രക്ഷിതാവേ, എന്നെയും എന്റെ കുടുംബത്തെയും ഇവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിൽ നിന്ന് നീ രക്ഷപ്പെടുത്തേണമേ. അപ്പോൾ അദ്ദേഹത്തെയും കുടുംബത്തെയും നാം രക്ഷപ്പെടുത്തി. പിൻമാറി നിന്നവരിൽ ഒരു കിഴവി ഒഴികെ. പിന്നീട് മറ്റുള്ളവരെ നാം തകർത്തുകളഞ്ഞു. അവരുടെ മേൽ നാം ഒരു തരം മഴവർഷിപ്പിക്കുകയും ചെയ്തു. താക്കീത് നൽകപ്പെട്ടവർക്ക് ലഭിച്ച ആ മഴ എത്രമോശം."

ആ കടുത്ത ശിക്ഷ ലോകാവസാനംവരെയുള്ളവർക്ക് പാഠമായി അല്ലാഹു നിലനിർത്തിയിട്ടുണ്ട്. അതാണ് ചാവുകടൽ.

ഒരു വ്യക്തി സ്വയം തന്നെ ലൈംഗികാസ്വാദനം

കണ്ടെത്തുന്ന സ്വയംഭോഗം എന്ന തിന്മയും ഇന്ന് ലോകത്ത് വർധിച്ചു വരികയാണ്. സ്വയം പരിശ്രമത്തിലൂടെയാണെങ്കിലും അത്തരമൊരു ആസ്വാദനം അടിസ്ഥാനപരമായി നിഷിദ്ധമാണ് എന്നതിൽ പണ്ഡിതർ ഏകോപിച്ചിട്ടുണ്ട്. ഉന്നതമായ സംസ്കാരം ലോകത്തിന് മുമ്പിൽ സംഭാവന ചെയ്ത ഇസ്‌ലാം ഇത്തരമൊരു മ്ലേഛതക്ക് പ്രോത്സാഹനം നൽകുകയില്ലെന്ന് ഇസ്‌ലാമിന്റെ ബാലപാഠങ്ങൾ മനസ്സിലാക്കിയ ഏതൊരാൾക്കും മനസ്സിലാകുന്നതാണ്.

സ്വർഗം കരസ്ഥമാക്കുന്ന വിജയികളുടെ കൂട്ടത്തിൽ അല്ലാഹു ലൈംഗിക ശുദ്ധി എടുത്തുപറഞ്ഞത് വളരെ ശ്രദ്ധേയമാണ് (23:1-7).

ഇതിന്റെ അടിസ്ഥാനത്തിൽ സ്വയംഭോഗം ചെയ്യുന്നതും തിന്മയായി പണ്ഡിതന്മാർ വിലയിരുത്തിയിട്ടുണ്ട്. ശാരീരികമായും ഇത് ഗുണകരമല്ല. ഒരാൾ തന്റെ ഇണയുമായി സുഖാസ്വാദനം നടത്തുന്നതിന്റെ ഏഴ് മടങ്ങ് ഊർജമാണ് ഈ പ്രവൃത്തിയിലൂടെ ശരീരത്തിൽ നിന്ന് നഷ്ടമാകുന്നത്. ശരീരത്തിൽ നിന്നും ശരിയായ രൂപത്തിൽ ബീജം പുറത്തേക്ക് പോകണമെങ്കിൽ പൂർണമായ രൂപത്തിൽ ഉത്തേജനം നടക്കണം. ഇതിൽ പൂർണ ഉത്തേജനം സാധ്യമല്ല. അതിനാൽ തന്നെ ശരീരം ഈയൊരു പ്രവർത്തനത്തിനായി വൻതോതിൽ ഊർജം ചെലവഴിക്കുകയും അത് ശരീരത്തിന് വലിയ ക്ഷീണമായി മാറുകയും ചെയ്യുന്നു.

വിവാഹം കഴിക്കാൻ കാലതാമസം ആവശ്യപ്പെടുന്നവരിലധകവും ഈ ദുസ്സ്വഭാവത്തിന് അടിമപ്പെട്ടവരായിരിക്കും. അതിലൂടെ വിവാഹം കഴിക്കുക എന്ന ഇസ്‌ലാമിന്റെ നിർദേശമാണ് തടയപ്പെടുന്നത്. ഇനി വിവാഹം നടന്നാൽ തന്നെ ഇത്തരക്കാർക്ക് ആനന്ദകരമായ ദാമ്പത്യജീവിതം നയിക്കൽ പ്രയാസകരമായിരിക്കും. സ്വയംഭോഗം നടത്തുന്ന ഏതൊരു വ്യക്തിയും മാനസികമായ വ്യഭിചാരത്തിന് വിധേയരാണ്. അതിനാൽ തന്നെ ഇതിനെ ഒരു പാപമായിട്ടല്ലാതെ കാണാൻ സാധ്യമല്ല. മനസ്സിൽ ചൊറിച്ചിൽ ഉണ്ടാക്കുന്നതും ജനങ്ങളറിയുന്നത് വെറുക്കുന്നതുമായ കാര്യങ്ങളെയാണ് ഇസ്‌ലാം പാപമായി പരിചയപ്പെടുത്തുന്നത്.

ഇസ്‌ലാം പ്രകൃതിമതമാണ്. ലോകസ്രഷ്ടാവായ രക്ഷിതാവിന്റെ നിയമങ്ങളും അനുശാസനുകളുമാണ് അതിലടങ്ങിയിട്ടുള്ളത്. ലൈംഗിക വ്യതിയാനങ്ങളെക്കുറിച്ച് ബോധവൽകരിക്കുമ്പോൾ അതിനുള്ള തെളിമയാർന്ന പരിഹാരവും ഇസ്‌ലാം നിർദേശിച്ചിട്ടുണ്ട്. വിവാഹപ്രായമെത്തിയാൽ വിവാഹിതരാവുക എന്നതാണ് ഇസ്‌ലാം നിർദേശിക്കുന്ന ആദ്യപരിഹാരം. പ്രാപ്തിയും കഴിവുമുള്ള ഏതൊരു വ്യക്തിയും വിവാഹം കഴിക്കൽ അനിവാര്യമാണ്. മഹാനായ പ്രവാചകൻ ﷺ പറഞ്ഞു: "ഹേ, യുവാക്കളേ..! നിങ്ങളിൽ നിന്നും വിവാഹത്തിന് കഴിവുള്ളവർ വിവാഹം കഴിക്കട്ടെ. കാരണം അത് അവന്റെ നോട്ടത്തെ നിയന്ത്രിക്കുകയും ഗുഹ്യാവയത്തെ സംരക്ഷിക്കുകയും ചെയ്യും"(ബുഖാരി, മുസ്‌ലിം).

വിവാഹപ്രായമായ മക്കളുടെ വിവാഹം ചെറിയ ചെറിയ കാരണങ്ങൾ നിരത്തി നടത്തിക്കൊടുക്കാത്ത രക്ഷിതാക്കൾ പ്രകൃതി മതത്തിന്റെ നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. പഠനവും അനുബന്ധകാര്യവുമാണ് വിവാഹത്തിനുള്ള തടസ്സമെങ്കിൽ അവർക്ക് വിവാഹശേഷമുള്ള പഠനമാണ് ഏറ്റവും ഗുണകരമെന്ന് സാമൂഹ്യശാസ്ത്രവും മാനസികനിലവാരവുമറിയുന്ന ഏതൊരാളും അംഗീകരിക്കുന്നതാണ്. വിവാഹത്തോട് കൂടി മാനസികമായ ബുദ്ധിമുട്ടുകളും പിരിമുറുക്കങ്ങളും നീങ്ങുന്നതുകൊണ്ട് പഠനത്തിൽ വളരെയേറെ ഉത്സാഹം ലഭിക്കുമെന്നാണ് ആധുനിക പഠനം തെളിയിക്കുന്നത്. വിവാഹത്തിനുള്ള പ്രയാസം സാമ്പത്തിക പ്രതിസന്ധിയാണെങ്കിൽ അതിനെ ഭയക്കരുതെന്ന് ഇസ്‌ലാം ഉണർത്തുന്നു.

നബിﷺ പറഞ്ഞു: "അല്ലാഹു നിഷിദ്ധമാക്കിയതിൽ നിന്നും മാറിനിൽക്കുന്നതിനായി വിവാഹം കഴിക്കുന്നവനെ സഹായിക്കൽ അല്ലാഹുവിന്റെ മേൽ ബാധ്യതയാണ്" (ഇബ്നു അദിയ്യ്, സ്വഹീഹുൽ ജാമിഅ് -3152).

ദൃഷ്ടികളെ നിയന്ത്രിക്കുകയും അന്യസ്ത്രീകളിലേക്ക് അനാവശ്യമായി ദൃഷ്ടി തിരിക്കാതിരിക്കുകയും ചെയ്യുക എന്നത് ലൈംഗിക ശുദ്ധി സംരക്ഷിക്കാനുള്ള പരിഹാരമാർഗങ്ങളിൽപ്പെട്ടതാണ്. "നബിയേ, നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക. അതാണവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു" (24:30-30).

അനാവശ്യമായ നോട്ടമാണ് പലരുടെയും ജീവിതത്തെ വഴികേടിലാക്കാൻ കാരണമെന്നത് പരക്കെ അറിയപ്പെട്ട സത്യമാണ്. ഒരു മനുഷ്യന് വിവാഹത്തിന് കഴിയാതെ വന്നാൽ അതിനുള്ള പരിഹാരമായി റസൂൽﷺ നിർദേശിച്ച മറ്റൊരു മാർഗം വ്രതാനുഷ്ഠാനമാണ്.

"ഓ, യുവസമൂഹമേ! നിങ്ങളിൽ നിന്നും വിവാഹത്തിന് കഴിവുള്ളവൻ വിവാഹം കഴിക്കട്ടെ. കാരണം അത് അവന്റെ നോട്ടത്തെ നിയന്ത്രിക്കുകയും ഗുഹ്യാവയത്തെ സംരക്ഷിക്കുകയും ചെയ്യും. അതിന് കഴിയാത്തവർ നോമ്പെടുക്കുക. അത് വികാരത്തെ നിയന്ത്രിക്കും" (ബുഖാരി).

ജീവിതത്തിൽ ലൈംഗികവിശുദ്ധി കാത്തുസൂക്ഷിക്കണമെങ്കിൽ സ്വന്തം ശരീരത്തെ സംബന്ധിച്ച തിരിച്ചറിവ് അനിവാര്യമാണ്. മോശമായ രൂപത്തിൽ ലൈംഗികത ഉപയോഗിക്കുന്ന ഏതൊരു വ്യക്തിയും തന്റെ ദേഹേഛക്കും പൈശാചിക പ്രേരണക്കും കീഴടങ്ങിയാണ് അത് ചെയ്യുന്നത്. നരകത്തിലേക്ക് പതിക്കുന്ന ഏതൊരു മനുഷ്യനും തന്റെ ശരീരേഛക്ക് അടിമപ്പെട്ട് ചെയ്ത പ്രവർത്തനഫലമായിക്കൊണ്ടല്ലാതെ പ്രവേശിക്കുന്നില്ല. അതിനാൽ തന്നെ ഏതൊരു ദുഷ്പ്രവൃത്തിയും മനസ്സിൽ തോന്നുമ്പോൾ തന്നെ ഈ തിരിച്ചറിവുണ്ടാവണം. അത് നരകത്തിലേക്കുള്ള വഴിയാണെന്ന് മനസ്സിലാക്കണം. ●

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com




# ബാബരിയുടെ വിധി

**ഇന്ത്യൻ മതേതരത്വത്തിന്റെ പ്രതീകമായിരുന്ന ബാബരി മസ്ജിദ് ഒരു സംഘം വർഗീയക്കോമരങ്ങളുടെ 'കരസേവനങ്ങൾ' കൊണ്ട് തകർന്നിട്ട് ഇരുപത്തിയഞ്ച് സംവത്സരങ്ങൾ പിന്നിടുമ്പോൾ മസ്ജിദ് തകർക്കലിന്റെ ബുദ്ധികേന്ദ്രങ്ങളായി പ്രവർത്തിച്ച എൽ. കെ. അദ്വാനി, മുരളി മനോഹർ ജോഷി, കല്യാൺ സിംഗ്, ഉമാഭാരതി എന്നിവർക്കെതിരെയുള്ള ഗൂഢാലോചന കേസ് സുപ്രീംകോടതി ഏപ്രിൽ ആറിന് വീണ്ടും വാദം കേൾക്കാൻ വെച്ചിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ ഒരു അന്വേഷണം.**

ഇന്ത്യൻ മതേതരത്വത്തിന്റെ പ്രതീകമായിരുന്ന ബാബരി മസ്ജിദ് ഒരു സംഘം വർഗീയക്കോമരങ്ങളുടെ 'കരസേവനങ്ങൾ' കൊണ്ട് തകർന്നിട്ട് ഇരുപത്തിയഞ്ച് സംവത്സരങ്ങൾ പിന്നിടുമ്പോൾ മസ്ജിദ് തകർക്കലിന്റെ ബുദ്ധികേന്ദ്രങ്ങളായി പ്രവർത്തിച്ച എൽ. കെ. അദ്വാനി, മുരളി മനോഹർ ജോഷി, കല്യാൺ സിംഗ്, ഉമാഭാരതി എന്നിവർക്കെതിരെയുള്ള ഗൂഢാലോചന കേസ് സുപ്രീംകോടതി ഏപ്രിൽ ആറിന് വീണ്ടും വാദം കേൾക്കാൻ വെച്ചിരിക്കുകയാണ്. കേസിൽ ഇവർക്ക് പുറമെ 13 ബിജെപി നേതാക്കളാണ് പ്രതികളായി ഉണ്ടായിരുന്നത്. ഇവരെ പ്രതിപ്പട്ടികയിൽ നിന്ന് ഒഴിവാക്കിയ റായ്ബറേലി വിചാരണക്കോടതി വിധി ലക്നൌ ഹൈക്കോടതി ശരിവെച്ചിരുന്നു. ഇത് ചോദ്യംചെയ്ത് 2011ൽ സിബിഐ സമർപ്പിച്ച അപ്പീലും 2015ൽ സന്നദ്ധ പ്രവർത്തകനായ ഹാജി മെഹ്ബൂബ് അഹ്മദ് നൽകിയ ഹരജിയും പരിഗണിക്കവേയാണ് കോടതിയുടെ നിരീക്ഷണങ്ങൾ.

ബാബരി മസ്ജിദ് തകർക്കപ്പെട്ടതുമായി ബന്ധപ്പെട്ട രണ്ടു കേസുകളായിരുന്നു ഉണ്ടായിരുന്നത്. ഒരു കേസ് (197/1992) മസ്ജിദ് തകർക്കലുമായി നേരിട്ട് ബന്ധപ്പെട്ട കേസായിരുന്നു. രണ്ടുലക്ഷത്തോളം വരുന്ന ഊരും പേരുമില്ലാത്ത കർസേവകരായിരുന്നു കേസിലെ പ്രതികൾ. പരമാവധി പത്ത് വർഷം ജയിൽ ശിക്ഷ ലഭിക്കാവുന്ന കേസായിരുന്നു ഇത്. ഈ കേസ് ലക്നൗ കോടതിയിലാണ് ആദ്യം വാദം കേട്ടിരുന്നത്. രണ്ടാമത്തെ കേസ് (198/1992) മസ്ജിദ് തകർ

ക്കലിന്റെ ഗൂഢാലോചനയുമായി ബന്ധപ്പെട്ടതാണ്. കർസേവകർ ബാബ്റി മസ്ജിദ് തകർക്കുമ്പോൾ അതിന്റെ സമീപത്ത് തന്നെ നിലയുറപ്പിക്കുകയും ഗൂഢാലോചനയിൽ പങ്കെടുക്കുകയും ചെയ്ത അദ്വാനി, കല്യാൺ സിംഗ്, ജോഷി, ഉമാഭാരതി, വിനയ് കത്യാർ, അശോക് സിംഗാൾ എന്നിവരടക്കമുള്ളവർക്കെതിരെയായിരുന്നു കേസ്. രാഷ്ട്രത്തിന്റെ അഖണ്ഡത തകർക്കും വിധം വിവിധ മതവിഭാഗങ്ങളിൽ സ്പർദ്ധ വളർത്താൻ ശ്രമിച്ചു എന്നതാണ് അഞ്ച് വർഷം വരെ ജയിൽ ശിക്ഷ ലഭിക്കാവുന്ന കേസിന്റെ കാരണങ്ങളിൽ ഏറ്റവും സുപ്രധാനമായ ഇനം. റായ്ബറേലി കോടതിയിലായിരുന്നു ഈ കേസ് പരിഗണിച്ചിരുന്നത്. 1993 ഒക്ടോബർ 5നു സി ബി ഐ ഈ രണ്ടു കേസുകളും ഏറ്റെടുക്കുകയും അവ രണ്ടും ഒരു ചാർജ് ഷീറ്റായി ഫയൽ ചെയ്യുകയും ചെയ്തു. ചാർജ് ഷീറ്റിൽ പറയപ്പെട്ട വ്യക്തികൾ വിനയ് കത്യാരുടെ വീട്ടിൽ രഹസ്യയോഗം ചേരുകയും മസ്ജിദ് തകർക്കാൻ തീരുമാനമെടുക്കുകയും ചെയ്തുവെന്നാണ് സി ബി ഐ കോടതിയെ ബോധിപ്പിച്ചത്. എന്നാൽ അലഹബാദ് ഹൈക്കോടതിയുടെ ലക്നൗ ബെഞ്ച് ഈ കേസ് അകാരണമായി നീട്ടിക്കൊണ്ടുപോവുകയായിരുന്നു. 2001 ഫിബ്രവരിയിൽ ഒരു സാങ്കേതിക പിഴവ് ചൂണ്ടിക്കാട്ടിയാണ് കോടതി നടപടിക്രമങ്ങളുടെ വേഗതയെ തണുപ്പിച്ചത്. റായ്ബറേലി കോടതിയിലുണ്ടായിരുന്ന ഗൂഢാലോചന കേസ് സി ബി ഐ ഏറ്റെടുത്തപ്പോൾ അലഹബാദ് ഹൈക്കോടതിയുമായി ആലോചിച്ചിരുന്നില്ല എന്ന വാദമാണ് കോടതി ഉന്നയിച്ചിരുന്നത്. അതെ സമയം ആരോപിതരെ രക്ഷപ്പെടുത്തുന്ന തരത്തിലുള്ള പ്രസ്താവനകളൊന്നും കോടതിയുടെ ഭാഗത്ത് നിന്ന് ഉണ്ടായതുമില്ല. പക്ഷെ കോടതിയുടെ സാങ്കേതികപിഴവെന്ന നിരീക്ഷണത്തെ മറികടക്കാൻ വേണ്ട നടപടികൾ സി ബി ഐയോ മാറി മാറി വന്ന സംസ്ഥാന സർക്കാരുകളോ ചെയ്തതുമില്ല. തൽഫലമായി ഗൂഢാലോചനയുമായി ബന്ധപ്പെട്ട 198ാം നമ്പർ കേസ് റായ്ബറേലി കോടതിയിലേക്ക് മടക്കുകയും ചെയ്തു.



ലഖ്നോ കോടതിയിൽ 197ാം നമ്പർ കേസ് മാത്രമാണ് പിന്നീട് പരിഗണനക്ക് വന്നത്. അതാവട്ടെ മസ്ജിദ് തകർത്തതിൽ പങ്കെടുത്തവർക്കെതിരെ (കർസേവകർക്കെതിരെ) മാത്രം നിലനിൽക്കുന്ന കേസാണ്. അതിൽ ബി ജെ പി നേതാക്കൾക്കെതിരെയുള്ള കേസില്ല. ഈ ന്യായം പറഞ്ഞുകൊണ്ട് കേസ് നിലനിൽക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടി 2001 മെയ് 24നു ലക്നൗ കോടതിയിലെ സ്പെഷൽ ജഡ്ജി ശ്രീകാന്ത് ശുക്ല, അദ്വാനിക്കും കൂട്ടർക്കുമെതിരെയുള്ള കേസ് പിൻവലിക്കുകയാണുണ്ടായത്. ഇതിനെതിരെ സി ബി ഐ റിവിഷൻ പെറ്റിഷൻ നൽകിയെങ്കിലും 2010 മെയ് 20നു അലഹബാദ് ഹൈക്കോടതി ശുക്ലയുടെ വിധി അംഗീകരിക്കുകയും സി ബി ഐ യുടെ പെറ്റിഷൻ തള്ളിക്കളയുകയും ചെയ്തു. ഇതിനെത്തുടർന്നാണ് 2011 ഫിബ്രവരി 11നു സി ബി ഐ സുപ്രീംകോടതിയിൽ ശക്തമായ ഒരു നീക്കം നടത്തി. ബാബരി മസ്ജിദ് തകർത്തവർക്കെതിരെയുള്ള കേസുകളിൽ ശ്രീകാന്ത് ശുക്ല ഒരു കൃതിമത്വം (artificial distinction) നടത്തിയിരിക്കുന്നുവെന്നാണ് സി ബി ഐ സുപ്രീംകോടതിയിൽ വാദിച്ചത്. നേർക്കുനേരെ മസ്ജിദ് ധ്വംസനത്തിൽ ബി ജെ പി നേതാക്കൾക്ക് പങ്കില്ലെന്ന വാദം പറഞ്ഞുകൊണ്ട് ഗൂഢാലോചന കുറ്റത്തിൽ നിന്നും അവരെ സംരക്ഷിക്കാനാണ് ശുക്ല ശ്രമിച്ചതെന്ന് അവർ വാദിച്ചു. മുമ്പ് ചെയ്തതുപോലെ തന്നെ രണ്ടു കേസുകളും ഒരുമിച്ച് കൊണ്ടുപോവാനുള്ള സാഹചര്യം സൃഷ്ടിക്കണമെന്നും അവർ സുപ്രീംകോടതിയെ ബോധിപ്പിച്ചു. 'കുറ്റകൃത്യത്തിനുള്ള പ്രേരണ, കുറ്റകൃത്യം നടപ്പാക്കൽ, പള്ളിയുടെ ധ്വംസനം, മാധ്യമപ്രവർത്തകർക്കെതിരെയുള്ള നിരന്തരമായ അതിക്രമങ്ങൾ എന്നിവയെല്ലാം പരസ്പരബന്ധമുള്ള വ്യവഹാരങ്ങളായിരിക്കെ, ഇന്ത്യൻ ശിക്ഷ നിയമം 120 B പ്രകാരം ഒന്നിച്ചു കേസെടുക്കുന്നതിനു തടസ്സമില്ല. നിരവധി നിയമലംഘനങ്ങൾ മുഖേന തുടരെത്തുടരെ കുറ്റകൃത്യങ്ങൾ ഉണ്ടായതുകൊണ്ട്തന്നെ കേസുകൾ ഒന്നിച്ച് പരിഗണിക്കുകയാണ് വേണ്ടത്. തെളിവുകൾ രണ്ടു വ്യത്യസ്ത കോടതികളിലേക്ക് കൊണ്ടുപോകുവാൻ സാധിക്കില്ല. 'കോടതിയുടെ മുമ്പാകെ സി ബി ഐ നയം വ്യക്തമാക്കി.

കഴിഞ്ഞ മാർച്ച് 6നാണ് സി ബി ഐ യുടെ അപ്പീലിൽ സുപ്രീംകോടതിയുടെ പരാമർശമുണ്ടായിരിക്കുന്നത്. സാങ്കേതികകാരണം പറഞ്ഞ് ഗൂഢാലോചന കേ

**ലോകത്തിന് മുമ്പിൽ ഇന്ത്യയുടെ പ്രതിച്ഛായ നഷ്ടപ്പെടുത്തിയ ബാബരി മസ്ജിദ് ധ്വംസന കേസുമായി ബന്ധപ്പെട്ട് പ്രതിപ്പട്ടികയിലുള്ള ഉമാഭാരതി നിലവിൽ കേന്ദ്ര മന്ത്രിയും കല്യാൺ സിംഗ് രാജസ്ഥാൻ ഗവർണറുമാണ്. മുരളി മനോഹർ ജോഷിയാവട്ടെ പ്രണബ് മുഖർജിക്ക് ശേഷം രാഷ്ട്രപതിയാവാനുള്ള തയ്യാറെടുപ്പിലാണ്. ബി ജെ പി തയ്യാറാക്കിയ രാഷ്ട്രപതി ലിസ്റ്റിലെ പ്രഥമൻ ജോഷിയാണ്. വിധി എതിരായാൽ രാഷ്ട്രപതിയാവാനുള്ള ജോഷിയുടെ മോഹം നടപ്പാവില്ല. ഉമാഭാരതിക്കും കല്യാൺസിംഗിനും അവരുടെ സ്ഥാനങ്ങൾ രാജിവെക്കേണ്ടതായും വരും.**

സ് റദ്ദാക്കിയ വിചാരണക്കോടതിയുടെ നടപടി നിലനിൽക്കില്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കി. ജസ്റ്റിസ് ആർ. എസ്. നരിമാൻ, പി. സി. ഘോഷ് എന്നിവരടങ്ങിയ ബെഞ്ചാണ് കേസിൽ പ്രതികളായിട്ടുള്ള മുഴുവൻ പേർക്കെതിരെയും പുതിയ കുറ്റപത്രം നൽകാൻ സി ബി ഐക്ക് നിർദേശം നൽകിയിരിക്കുന്നത്. കേസ് വാദം കേൾക്കാൻ മാർച്ച് 22 ലേക്ക് മാറ്റിയെങ്കിലും ജസ്റ്റിസ് നരിമാന്റെ അഭാവം കാരണം കേസ് ഏപ്രിൽ ആറിലേക്ക് മാറ്റിവെച്ചിരിക്കുകയാണ്.

ബി ജെ പി നേതാക്കളുടെ അഭിഭാഷകൻ കെ കെ വേണുഗോപാൽ പുതിയ ചാർജ് ഷീറ്റ് കൊണ്ടുവരുന്നതിനെതിരെ ശക്തമായി വാദിച്ചുവെങ്കിലും ജസ്റ്റിസ് നരിമാൻ അത് അംഗീകരിച്ചില്ല. 'പ്രഥമ ദൃഷ്ട്യാ കുറ്റം നിലനിൽക്കുന്നത്കൊണ്ട് ആരോപിതരെ കുറ്റവിമുക്തരാക്കിയതിനെ അംഗീകരിക്കാൻ കഴിയില്ല. എന്തടിസ്ഥാനത്തിലാണ് ഇവരെ കുറ്റവിമുക്തരാക്കിയത്? സാങ്കേതികകാരണങ്ങൾ ഒരിക്കലും കുറ്റവിമുക്തമാക്കാനുള്ള ന്യായീകരണമല്ല.' ജസ്റ്റീസ് നരിമാൻ പറഞ്ഞു. അഡീഷണൽ സോളിസിറ്റർ ജനറൽ നീരജ് കിഷൻ കൗൾ ആണ് സി ബി ഐയെ പ്രതിനിധീകരിച്ചത്.

നിലവിൽ ഉമാഭാരതി കേന്ദ്ര മന്ത്രിയും കല്യാൺ സിംഗ് രാജസ്ഥാൻ ഗവർണറുമാണ്. മുരളി മനോഹർ ജോഷിയാവട്ടെ പ്രണബ് മുഖർജിക്ക് ശേഷം രാഷ്ട്രപതിയാവാനുള്ള തയ്യാറെടുപ്പിലാണ്. ബി ജെ പി തയ്യാറാക്കിയ രാഷ്ട്രപതി ലിസ്റ്റിലെ പ്രഥമൻ ജോഷിയാണ്. വിധി എതിരായാൽ രാഷ്ട്രപതിയാവാനുള്ള ജോഷിയുടെ മോഹം നടപ്പാവില്ല. ഉമാഭാരതിക്കും കല്യാൺസിംഗിനും അവരുടെ സ്ഥാനങ്ങൾ രാജിവെക്കേണ്ടതായും വരും.

ഈ വാദങ്ങൾ നടന്നുകൊണ്ടിരിക്കെയാണ് ബി ജെ പി നേതാവ് സുബ്രമണ്യൻ സ്വാമി രാമക്ഷേത്ര നിർമാണത്തിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സുപ്രീംകോടതിയെ സമീപിച്ചത്. പ്രശ്നം കോടതിക്ക് പുറത്ത് മധ്യസ്ഥതയിലൂടെ പരിഹരിക്കാമെന്ന നിർദേശമാണ് സുപ്രീം കോടതി ജസ്റ്റിസ് ജെ. എസ്. കേഹാർ മുന്നോട്ടു വെച്ചത്. 'ഒരു കോടതി ഉത്തരവ് എന്ന നിലക്കല്ല; ഒരു നിർദേശമായി കണ്ടാൽ മതി. വിഷയം മതപരവും വൈകാരികവുമായതിനാൽ എല്ലാ കക്ഷികളുമായി ഒരുമിച്ചിരുന്നു സാധ്യമാവുന്ന ഒരു പരിഹാരത്തിനായി ശ്രമിക്കാം.' ജസ്റ്റിസ് കേഹാർ പറഞ്ഞു. കേഹാറിന്റെ അഭിപ്രായത്തെ മതേതര സംഘടനകൾ പൊതുവിൽ നിരാകരിക്കുകയാണുണ്ടായത്. ബാബരി മസ്ജിദ് ആക്ഷൻ കമ്മറ്റി കൺവീനർ ഡോ: എസ്.ക്യൂ.ആർ.ഇല്യാസ്, മുസ്‌ലിംലീഗ് അഖിലേന്ത്യാ സിക്രട്ടറി ഇ. ടി. മുഹമ്മദ് ബഷീർ എം. പി, മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് അംഗം മൗലാനാ ഖാലിദ് റഷീദ് എന്നീ നേതാക്കളും സുന്നി വഖഫ് ബോർഡും കോടതി നിർദേശത്തെ തള്ളിക്കളഞ്ഞു. ഭൂമിയുടെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട കാര്യത്തിൽ കോടതിയുടെ മുമ്പിലുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ കോടതി വിധി പ്രസ്താവിക്കുകയാണ് വേണ്ടതെന്ന് നേതാക്കൾ പറഞ്ഞു. നിയമപരമായ തർക്കത്തിൽ കോടതിയുടെ വിധിയാണ് ആവശ്യമെന്ന് സി. പി. എം. ജനറൽ സിക്രട്ടറി സീതാറാം യെച്ചൂരിയും പറഞ്ഞു.

2010 സെപ്റ്റംബർ 30നു അലഹബാദ് ഹൈക്കോടതി ബാബ്‌രി മസ്ജിദ് സ്ഥിതി ചെയ്തിരുന്ന സ്ഥലത്തിന്റെ അവകാശവുമായി ബന്ധപ്പെട്ട ഒരു സുപ്രധാന വിധി പ്രസ്താവം നടത്തിയതിനെ തുടർന്നാണ് ഇപ്പോൾ സുപ്രീംകോടതി ഒരു മധ്യസ്ഥ നിർദേശവുമായി കടന്നുവന്നത്. അലഹബാദ് കോടതി തർക്കസ്ഥലത്തെ മൂന്നായി വിഭജിച്ച് ഹിന്ദുമഹാസഭ, സുന്നി വഖഫ് ബോർഡ്, വൈഷ്ണവരുടെ നിർമോഹി അഖാര എന്നീ മൂന്നു വിഭാഗങ്ങൾക്ക് തുല്യമായി നൽകണമെന്നാണ് വിധിച്ചത്. എന്നാൽ ഈ വിധി ഹിന്ദുമഹാസഭക്കും സുന്നി വഖഫ് ബോർഡിനും സ്വീകാര്യമായില്ല. അവർ സുപ്രീംകോടതിയെ സമീപിച്ചു. 2011 മെയ് 9നു അലഹബാദ് കോടതി വിധി സുപ്രീം കോടതി സ്റ്റേ ചെയ്യുകയും തൽസ്ഥിതി തുടരാൻ നിർദേശിക്കുകയും ചെയ്തു. കക്ഷികളിലൊരാളും തന്നെ ഇങ്ങനെ ഒരാവശ്യം മുമ്പോ

**കുറ്റം ചെയ്തവർ ശിക്ഷിക്കപ്പെടണം. രാജ്യത്തിന്റെ ഹൃദയത്തെ ഭേദിച്ചുകൊണ്ടായിരുന്നു എൽ. കെ. അദ്വാനിയുടെ രഥയാത്ര കടന്നുപോയത്. ബീഹാറിലെയും ഉത്തർപ്രദേശിലെയും ലവകുശന്മാരായിരുന്ന ലാലു പ്രസാദും മുലായം സിംഗും ആ രഥയാത്രയെ തടയാൻ ശ്രമിച്ചെങ്കിലും ഹിന്ദുത്വ വികാരം ആളിക്കത്തിക്കാൻ അദ്വാനിക്ക് ആ രഥയാത്രയിലൂടെ കഴിഞ്ഞു. കർസേവയുടെ മുന്നോടിയായി ഇന്ത്യ ടുഡേക്ക് നൽകിയ അഭിമുഖത്തിൽ അദ്വാനി പറഞ്ഞത് കർസേവ കേവലം കീർത്തനങ്ങളും ഭജനങ്ങളുമല്ല; മറിച്ച് ഇഷ്ടികയും മൺകോരിയുമൊക്കെ ഉപയോഗിച്ചുള്ളതാവുമെന്നായിരുന്നു.**

ട്ട് വെക്കാത്ത സാഹചര്യത്തിൽ അലഹബാദ് കോടതിയുടെ വിധി അമ്പരിപ്പിക്കുന്നതാണെന്നു സുപ്രീംകോടതിയുടെ രണ്ടംഗ ബെഞ്ച് നിരീക്ഷിച്ചു. യു പിയിൽ ബി ജെ പി അധികാരത്തിൽ വന്ന സാഹചര്യത്തിൽ രാമക്ഷേത്ര നിർമ്മാണം സാധ്യമാക്കുന്നതിനു വേണ്ട സാഹചര്യം ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു എന്ന നിരീക്ഷണത്തിലാണ് ഇപ്പോൾ സുബ്രമണ്യൻ സ്വാമി ക്ഷേത്ര നിർമ്മാണത്തിന് അനുമതി തേടി കോടതിയെ സമീപിച്ചിരിക്കുന്നത്. എല്ലാ വിഭാഗവുമായി ചർച്ച നടത്തി മാർച്ച് 31നു കോടതിയെ അറിയിക്കാനാണ് സുപ്രീംകോടതി ബെഞ്ച് സ്വാമിയോട് ആവശ്യപ്പെട്ടിരിക്കുന്നത്.

കുറ്റം ചെയ്തവർ ശിക്ഷിക്കപ്പെടണം. രാജ്യത്തിന്റെ ഹൃദയത്തെ ഭേദിച്ചുകൊണ്ടായിരുന്നു എൽ. കെ. അദ്വാനിയുടെ രഥയാത്ര കടന്നുപോയത്. ബീഹാറിലെയും ഉത്തർപ്രദേശിലെയും ലവകുശന്മാരായിരുന്ന ലാലു പ്രസാദും മുലായം സിംഗും ആ രഥയാത്രയെ തടയാൻ ശ്രമിച്ചെങ്കിലും ഹിന്ദുത്വ വികാരം ആളിക്കത്തിക്കാൻ അദ്വാനിക്ക് ആ രഥയാത്രയിലൂടെ കഴിഞ്ഞു. കർസേവയുടെ മുന്നോടിയായി ഇന്ത്യ ടുഡേക്ക് നൽകിയ അഭിമുഖത്തിൽ അദ്വാനി പറഞ്ഞത് കർസേവ കേവലം കീർത്തനങ്ങളും ഭജനങ്ങളുമല്ല; മറിച്ച് ഇഷ്ടികയും മൺകോരിയുമൊക്കെ ഉപയോഗിച്ചുള്ളതാവുമെന്നായിരുന്നു. അദ്വാനിയുടെ കൂടെ വിധി കാത്തിരിക്കുന്ന ബജ്റംഗ്ദൾ നേതാവ് വിനയ് കത്യാർ അന്ന് പറഞ്ഞത് 'നിയമം തടഞ്ഞാലും കോടതിവിധി ഉണ്ടായാലും കർസേവ ഉണ്ടാവും' എന്നായിരുന്നു. അതിനേക്കാൾ ഭീകരമായിരുന്നു മറ്റൊരു 'പ്രതി'യായ വി. എച്ച്. പി. നേതാവ് അശോക് സിംഗാളിന്റെ പ്രസ്താവം. 'കർസേവകരെ തടഞ്ഞാൽ ഇവിടെ നരകമായിരിക്കും' എന്നായിരുന്നു സിംഗാൾ പറഞ്ഞത്.

ബാബരി മസ്ജിദുമായി ബന്ധപ്പെട്ട സുപ്രധാനമായ വാദം കേൾക്കലുകളും വിധികളുമാണ് ഈ വരുന്ന ആഴ്ചകളിലായി വരാൻ പോവുന്നത്. ഭരണകൂട ഫാഷിസം നിരന്തരം ന്യൂനപക്ഷങ്ങളെ വേട്ടയാടുന്ന സാഹചര്യത്തിൽ ജുഡീഷ്യറിയുടെ നീതിപൂർവകമായ തീരുമാനം മാത്രമാണ് ന്യൂനപക്ഷങ്ങൾക്ക് പ്രതീക്ഷ നൽകുന്നത്. ലോകചരിത്രത്തിലെ തന്നെ കറുത്ത ദിനമാണ് ഡിസംബർ 6. ലോകത്തിനു മുന്നിൽ ഇന്ത്യക്ക് ലജ്ജിച്ച് തല താഴ്ത്തേണ്ടി വന്ന ദിനം. നിഷ്പ്രഭമായ നമ്മുടെ നാടിന്റെ മതേതര മുഖച്ഛായ വീണ്ടെടുക്കാൻ സാധിക്കുന്ന സന്ദർഭമാണിത്. ഒരു വിഭാഗത്തിന്റെ ആരാധനാലയത്തിൽ ചരിത്രപരമായ തെളിവുകൾ പോലുമില്ലാത്ത സംഭവങ്ങളുടെ പേരിൽ അവകാശവാദം ഉന്നയിച്ച് രാത്രിയുടെ മറവിൽ വിഗ്രഹങ്ങൾ സ്ഥാപിച്ച് കൈയേറ്റം നടത്തുകയും പിന്നീട് ആ ആരാധനാലയത്തെ തകർത്ത് രാജ്യമാകെ കലാപം അഴിച്ചു വിടുകയും ചെയ്തത് നീതീകരിക്കാൻ സാധിക്കാത്ത കാര്യമാണ്. നിയമവാഴ്ചക്ക് പകരം അരാജകത്വം അരങ്ങു വാഴുന്ന സ്ഥിതിവിശേഷത്തെ ജാതിമതരാഷ്ട്രീയ വ്യത്യാസങ്ങൾക്ക് അതീതമായി ചെറുത്തുതോൽപ്പിക്കേണ്ടതുണ്ട്. രാജ്യത്തിന്റെ നഷ്ടപ്പെട്ട പ്രതാപം തിരിച്ചുകൊണ്ടുവരുവാനും അതുവഴി ലോകരാജ്യങ്ങളുടെ മുന്നിൽ ശിരസ്സുയർത്തി നിൽക്കാനും സാധിക്കണം. ●

**രജിസ്ട്രേഷൻ ആരംഭിച്ചു**

**ജാമിഅഃ അൽഹിന്ദ്, മിനി ഊട്ടി**

ജാമിഅഃ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യഃ ശരീഅഃ കോളേജിന്റെ 2017 - 18 അധ്യയന വർഷത്തേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു

**യോഗ്യത; SSLC, +2 (Passed only)**
**ആൺകുട്ടികൾക്ക് മാത്രം ◊ പൂർണമായും സൗജന്യം**

രജിസ്ട്രേഷൻ ഓൺലൈൻ വഴി മാത്രം
(www.jamiaalhind.com)

Jamia Al Hind Al Islamiya, Miny Ooty, Oorakam
Melmuri-PO, malappuram-Dt, Kerala, Pin: 676 519
Ph: 9961725725

മുഹമ്മദ് സ്വാദിഖ് മദീനി
mail@nerpatham.com

ലേഖനം



# ഇസ്‌ലാമിക ചരിത്രം ഒരു അവലോകനം

ഇന്നിന് ഗുണപാഠവും മാർഗദർശനവുമാണ് ഇന്നലെകൾ. ഇന്ന് നാളത്തെ ചരിത്രമാണ്. മുൻഗാമികളുടെ സാമൂഹികവും സാംസ്‌കാരികവുമായ ജീവിതരേഖകൾ നമുക്ക് ചിന്തിക്കുവാനുള്ള വക നൽകുന്നു. അവരിലെ നന്മകൾ പകർത്തുവാനും അവരുടെ നാശത്തിന് ഹേതുവായ കാര്യങ്ങളിൽനിന്ന് അകലുവാനും അവരെക്കാൾ ഉന്നതിയിലേക്ക് കുതിക്കുവാനും ചരിത്ര പഠനത്തിലൂടെ സാധിക്കുന്നു.

ചരിത്ര പഠനം വളരെ പ്രാധാന്യമുള്ള വിഷയമാണ്. അസത്യങ്ങൾ കൂട്ടിക്കുഴച്ച ചരിത്ര വിവരണങ്ങൾ പുതുതലമുറയെ വഴിതെറ്റിക്കും എന്നതിൽ സംശയമില്ല. ചരിത്രകാരനായ അമേരിക്കകാരൻ സി.എൽ.റൗസ് 1962ൽ എഴുതിയ 'ചരിത്രം: സ്വാധീനവും അതിന്റെ ഫലങ്ങളും' എന്ന ഗ്രന്ഥത്തിൽ പറഞ്ഞു: "ഏതെങ്കിലും ഒരു കാലത്ത് ലോക രാഷ്ട്രങ്ങളെ ഭരിക്കുവാൻ അമേരിക്ക ഉദ്ദേശിക്കുന്നുവെങ്കിൽ അമേരിക്കയിലെ ഭരണാധികാരികളോട് ഞാൻ പറയുന്നു; നിങ്ങൾ അമേരിക്കയിലെ സ്‌കൂളുകളിലും കോളേജുകളിലും യൂണിവേഴ്‌സിറ്റികളിലും വളരെ പ്രാധാന്യത്തോടുകൂടി ചരിത്രം പഠിപ്പിക്കുകയും നല്ല പ്രതിഭാശാലികളായ വിദ്യാർഥികളെ അതിന് തെരഞ്ഞെടുക്കുകയും രാഷ്ട്രീയ, സൈനിക, സാമൂഹ്യ ആസ്ഥാനങ്ങളിലെ ഉന്നത തലങ്ങളിലേക്ക് ചരിത്രത്തിൽ നൈപുണ്യം നേടിയവരെ മാത്രം തെരഞ്ഞെടുക്കുകയും വേണം."

**ചരിത്ര സത്യങ്ങളായി ഇന്ന് കൊട്ടിഘോഷിക്കപ്പെടുന്ന പലതും അയാഥാർഥ്യങ്ങളാണ് എന്ന് നാം മനസ്സിലാക്കണം. മതപരമോ രാഷ്ട്രീയമോ ആയ ലക്ഷ്യങ്ങൾക്കുവേണ്ടി ചരിത്ര സത്യങ്ങളിൽ കളവുകൾ തിരുകിക്കയറ്റിയ ചരിത്രകാരന്മാർ കഴിഞ്ഞുപോയിട്ടുണ്ട്. തെറ്റും ശരിയും കൂട്ടിക്കലർത്തി ചരിത്ര രചനകൾ നടത്തുകയും യഥാർഥ ദിശാസൂചികകൾ നൽകാതിരിക്കുകയും ചെയ്തവരും അവരിലുണ്ട്. ശ്രദ്ധയാകർഷിക്കുവാനായി അതിശയോക്തികൾ കലർത്തി ചരിത്രം രചിച്ചവരും കുറവല്ല.**

ഫാസിസ്റ്റ് തീവ്രവാദ സംഘടനകൾ അവരുടെ ഒളിയജണ്ടകൾ നടപ്പിലാക്കുവാനായി ചരിത്രത്തെ തലകീഴായി മറിക്കുന്നത് ഈ തത്ത്വം അനുസരിച്ചാണ്. ചരിത്ര സത്യങ്ങളായി ഇന്ന് കൊട്ടിഘോഷിക്കപ്പെടുന്ന പലതും അയാഥാർഥ്യങ്ങളാണ് എന്ന് നാം മനസ്സിലാക്കണം. മതപരമോ രാഷ്ട്രീയമോ ആയ ലക്ഷ്യങ്ങൾക്കുവേണ്ടി ചരിത്ര സത്യങ്ങളിൽ കളവുകൾ തിരുകിക്കയറ്റിയ ചരിത്രകാരന്മാർ കഴിഞ്ഞുപോയിട്ടുണ്ട്. തെറ്റും ശരിയും കൂട്ടിക്കലർത്തി ചരിത്ര രചനകൾ നടത്തുകയും യഥാർഥ ദിശാസൂചികകൾ നൽകാതിരിക്കുകയും ചെയ്തവരും അവരിലുണ്ട്. ശ്രദ്ധയാകർഷിക്കുവാനായി അതിശയോക്തികൾ കലർത്തി ചരിത്രം രചിച്ചവരും കുറവല്ല.

ക്വുർആൻ ഒരു ചരിത്ര പുസ്തകമല്ലെങ്കിലും ആദം നബിﷺ മുതലുള്ള ചരിത്രത്തിന്റെ പല താളുകളും അത് നമുക്ക് അറിയിച്ചുതരുന്നു. മനുഷ്യ സൃഷ്ടിപ്പ്, നൂഹ് നബിﷺന്റെ കാലത്തെ പ്രളയം; ആദ്, ഥമൂദ്, ഇറം അസ്ഹാബുൽ ഐകത്ത് എന്നീ സമൂഹങ്ങളുടെ നാശം, പ്രവാചകന്മാരുടെ ജീവിതത്തിലെ വിവധ പരീക്ഷണങ്ങൾ, ഗുഹാവാസികൾ, ദുൽകർനൈൻ, ബനൂഇസ്‌റാഈല്യർ, മുഹമ്മദ് നബിﷺയുടെ ജീവിതത്തിലെ ചില സംഭവങ്ങൾ... അങ്ങനെ ഒരുപാട് കാര്യങ്ങൾ.

പ്രവാചകന്റെ ഇരുപത്തിമൂന്ന് വർഷ കാലത്തിനിടയിലെ വാക്കും പ്രവൃത്തിയും അംഗീകാരവുമടങ്ങുന്ന കാര്യങ്ങളുടെ ലിഖിതരൂപമാണല്ലോ 'ഹദീഥ്.' പ്രവാചക ചരിത്രം കേവലം ചരിത്രം മാത്രമല്ല മറിച്ച് മതപരമായ നിയമ നിർദേശങ്ങൾ കൂടിയാണ്. നബിﷺയിൽനിന്ന് ഉദ്ധരിക്കപ്പെട്ടിട്ടില്ലാത്ത ഹദീഥുകൾ അദ്ദേഹത്തിലേക്ക് ചേർത്തിപ്പറയാൻ പാടില്ല എന്നതുപോലെ തന്നെ ഇല്ലാത്ത കാര്യങ്ങൾ പ്രവാചക ചരിത്രത്തിലേക്ക് കൂട്ടിച്ചേർക്കാനും പാടില്ല. അതിനാൽതന്നെ ഹദീഥുമായി ബന്ധമില്ലാത്തവർ എഴുതിയ ചരിത്ര ഗ്രന്ഥങ്ങളെക്കാൾ സത്യസന്ധരും വിശ്വസ്തരുമായ ഹദീഥ് പണ്ഡിതന്മാർ എഴുതിയ ചരിത്ര ഗ്രന്ഥങ്ങളാണ് സ്വീകാര്യം. ഇമാം ബുഖാരിയുടെ അത്താരീഖുൽ കബീർ, ഇമാം ദഹബിയുടെ താരീഖുൽ ഇസ്‌ലാം, സിയറു അഅ്‌ലാമിന്നുബലാഅ്, സുയൂത്വിയുടെ താരീഖുൽ ഖുലഫാഅ് എന്നീ ഗ്രന്ഥങ്ങളാണ് അബുൽ ഫറജുൽ അസ്ഫഹാനിയുടെ അൽഅഗാനി, യാഖൂത്തുൽ ഹമവിയുടെ മുഅ്ജമുൽ ഉദബാഅ് എന്നീ ചരിത്ര കൃതികളെക്കാൾ ഉത്തമം.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാന പകുതിയിൽ വിരചിതമായ പല ചരിത്ര രചനകളും വിഷലിപ്തമാണ്. കാരണം ഈ കാലയളവിലെ ചരിത്ര പണ്ഡിതന്മാരിൽ പലരും ഇസ്‌ലാമിന്റെ ശത്രുക്കളായ ഓറിയന്റിലിസ്റ്റുകളും സോഷ്യലിസ്റ്റ് ചിന്താഗതിക്കാരുമായിരുന്നു. അവരാകട്ടെ തങ്ങളുടെ ആശയത്തിനനുസരിച്ചാണ് അവരുടെ പേനകൾ ചലിപ്പിച്ചത്.

ഇസ്‌ലാമിക ചരിത്രത്തെ പഠിക്കുന്ന ഒരാൾക്ക് പ്രധാനമായും അതിനെ മൂന്ന് ഘട്ടങ്ങളായി മനസ്സിലാക്കാവുന്നതാണ്.

ഒന്ന്: മുഹമ്മദ് നബിﷺയുടെ മുമ്പുണ്ടായിരുന്ന ചില പ്രവാചകന്മാരുടെയും അവരുടെ സമുദായങ്ങളുടെയും ചരിത്രം. മുൻ സമൂഹങ്ങളുടെ ചരിത്രം ഇസ്‌ലാമിക ചരിത്രത്തിലേക്ക് ചേർക്കാൻ കാരണം, ക്വുർആനിലോ ഹദീഥിലോ കഴിഞ്ഞുപോയ പ്രവാചകന്മാരെ സംബന്ധിച്ചും അവരുടെ സമൂഹങ്ങളെ കുറിച്ചും വന്നതിനാലാണ്. നൂഹ്ﷺ ഇബ്‌റാഹീംﷺ, മൂസാﷺ മുതലായ പ്രവാചകന്മാർ, അവരെ ധിക്കരിച്ച ആളുകൾക്കുണ്ടായ പതനങ്ങൾ തുടങ്ങിയവ ഇതിൽ പെടുന്നു.

രണ്ട്: മുഹമ്മദ് നബിﷺയുടെ ചരിത്രം.

മൂന്ന്: നാല് ഖലീഫമാരുടെയും ഉമവി, അബ്ബാസി തുടങ്ങിയ ഭരണകൂടങ്ങളുടെയും മൊത്തത്തിലുള്ള ചരിത്രം.

**ഇസ്‌റാഈലിയാത്ത്**

പ്രവാചകാഗമനത്തിന് മുമ്പ് അറേബ്യൻ ഉപഭൂഖണ്ഡത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിച്ചിരുന്ന മരുഭൂവാസികളായ ജൂത- ക്രൈസ്തവർ തങ്ങളുടെ മതത്തെ സംബന്ധിച്ച് മനസ്സിലാക്കിയതും അവരുടെ യുദ്ധ ചരിത്രങ്ങളുമെല്ലാം തങ്ങൾ മുസ്‌ലിമായതിന് ശേഷം റിപ്പോർട്ട് ചെയ്തതിനാണ് ഇസ്‌റാഈലിയാത്ത് എന്ന് പറയുന്നത്. ക്വുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിലും ചരിത്ര ഗ്രന്ഥങ്ങളിലും കാണപ്പെടുന്ന ഇത്തരം ചരിത്ര സംഭവങ്ങളെ മൂന്ന് തരത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഒന്ന്: ഇസ്‌റാഈലിയാത്ത് സനദോടുകൂടി ഉദ്ധരിച്ചവർ. സനദുകൾ (നിവേദക പരമ്പര) സഹിതം രേഖപ്പെടുത്തിയതിനാൽ തങ്ങളുടെ ഉത്തരവാദിത്തം നിർവഹിച്ചു എന്നവർ മനസ്സിലാക്കി. ഇസ്‌റാഈലിയാത്തുകളെ

സനദ് സഹിതം നിവേദനം ചെയ്തവരിൽ പെട്ടയാളാണ് ഇബ്നുജരീർ അത്ത്വബ്രി.

രണ്ട്: സനദുകൾ രേഖപ്പെടുത്താതെ ലഭിച്ചത് മുഴുവനായി എഴുതിയവർ. അക്കാരണത്താൽ സത്യവും അസത്യവും കൂടിക്കുഴഞ്ഞ ചരിത്ര ശകലങ്ങളിൽനിന്നും യഥാർഥ വശം മനസ്സിലാക്കുവാൻ അവരുടെ ഗ്രന്ഥങ്ങളിൽനിന്നും സാധിക്കാതെയായി.

മൂന്ന്: ക്വുർആൻ വ്യാഖ്യാനത്തിന് ഇസ്റാഈലിയാത്തുകൾ സ്വീകരിക്കാതിരിക്കുകയും അവയെ ശക്തമായി എതിർക്കുകയും ചെയ്ത ശൗക്കാനി, റശീദുരിദാ, ആലൂസി തുടങ്ങിയ പണ്ഡിതന്മാരെ പോലുള്ളവർ.

**ഇസ്റാഈലിയാത്തിനോടുള്ള സമീപനം**

ഒന്ന്: സ്വീകാര്യമായവ.

ക്വുർആനിനോടും പ്രവാചക തിരുമൊഴികളോടും അനുകൂലമായി വന്നവ സ്വീകാര്യമായ ഇസ്റാഈലിയാത്തിന്റെ ഗണത്തിലാണ് ഉൾപ്പെടുക.

രണ്ട്: അസ്വീകാര്യമായവ.

ഇസ്ലാമിക പ്രമാണങ്ങളോട് എതിരായി നിൽക്കുന്നവ അസ്വീകാരവും തെളിവിന് സ്വീകരിക്കാൻ പറ്റാത്തവയുമാണ്.

മൂന്ന്: മൗനം പാലിക്കേണ്ടവ.

ഇസ്റാഈലിയാത്തിൽ വന്ന കാര്യങ്ങൾ പ്രമാണങ്ങളോട് അനുകൂലമായോ പ്രതികൂലമായോ വരാത്ത രൂപത്തിലാണെങ്കിൽ അവയെ സ്വീകരിക്കുവാനും തള്ളിക്കളയുവാനും പാടില്ല; മറിച്ച് അവയെക്കുറിച്ച് മൗനം ദീക്ഷിക്കുകയാണ് വേണ്ടത്.

അബൂഹുറയ്റ ﵁യിൽനിന്നും നിവേദനം: ജൂതന്മാർ തൗറാത്ത് ഹീബ്രുവിൽ വായിക്കുകയും മുസ്ലിംകൾക്ക് അത് അറബിയിൽ വ്യാഖ്യാനിക്കുകയും ചെയ്യുമായിരുന്നു. അപ്പോൾ നബി ﷺ പറഞ്ഞു: 'അവരെ നിങ്ങൾ സത്യപ്പെടുത്തുകയോ കളവാക്കുകയോ ചെയ്യരുത്. അവരോട് പറയുക; ഞങ്ങൾ അല്ലാഹുവിലും ഞങ്ങൾക്കും നിങ്ങൾക്കും അവതരിപ്പിച്ചതും വിശ്വസിച്ചിരിക്കുന്നു" (ബുഖാരി).

അബ്ദുല്ലാഹ് ഇബ്നു അംറുബ്നുൽ ആസ്വ് ﵁വിൽനിന്നും നിവേദനം. നബി ﷺ പറഞ്ഞു: "ഒരു ആയത്തെങ്കിലും നിങ്ങൾ എന്നിൽനിന്നും എത്തിക്കുക. ബനൂഇസ്റാഈല്യരിൽ നിന്നും നിങ്ങൾ ഉദ്ധരിച്ചു കൊള്ളുക; വിരോധമില്ല. ആരെങ്കിലും എന്റെമേൽ കളവ് കെട്ടിപ്പറഞ്ഞാൽ അവന്റെ ഇരിപ്പിടം അവൻ നരകത്തിൽ ഒരുക്കട്ടെ" (ബുഖാരി).

**ചരിത്ര ഗ്രന്ഥങ്ങൾ**

ഇന്ന് നമുക്ക് മുമ്പിലുള്ള പ്രധാന ചരിത്ര ഗ്രന്ഥങ്ങൾ ഇബ്നു ഹിശാമിന്റെ സീറത്തുറസൂൽ, ഇബ്നു ജരീർ അത്ത്വബ്രിയുടെ അഖ്ബാറുൽ മുലൂക്, ഇബ്നു കഥീറിന്റെ അൽബിദായതു വന്നിഹായ, ഇമാം ദഹബിയുടെ താരീഖുൽ ഇസ്ലാം തുടങ്ങിയവയാണ്. പ്രസ്തുത കൃതികളൊക്കെയും മുൻഗാമികളുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിരചിതമായതാണ്.

മുആവിയ ﵁വിന്റെ ഭരണ കാലത്ത് ഇസ്ലാമിക ചരിത്രം രേഖപ്പെടുത്തുവാൻ അദ്ദേഹം ആഗ്രഹിക്കുകയും അതിനുവേണ്ടി യമനിലെ സ്വൻആയിൽനിന്നും ഉബൈദ് ഇബ്നു ശരിയ്യ അൽജുർഹുമിയെ കൊണ്ടുവരികയും അദ്ദേഹം കിതാബുൽ മുലൂകി വഅഖ്ബാറുൽ മാളീന എന്ന ഗ്രന്ഥം രചിക്കുകയും ചെയ്തു. ഹിജ്റ 105ൽ മരണമടഞ്ഞ അബാൻ ഇബ്നു ഉഥ്മാൻ ഇബ്നു അഫ്ഫാൻ റസൂൽ ﷺയുടെ ചരിത്രത്തെ സംബന്ധിച്ച് ചിലത് രേഖപ്പെടുത്തി. അതിൽ അദ്ദേഹം പ്രവാചക ജീവിതത്തെ സംബന്ധിച്ച് വന്ന ഹദീഥുകൾ ക്രോഡീകരിച്ചു. വഹബ്ഇബ്നു മുനബ്ബഹ് (മരണം ഹി: 110), ഇസാം ഇബ്നു ഉമർ ഇബ്നു ഖത്താദ(120), ശുറഹ്ബീൽ ഇബ്നു സഅ്ദ്(123), ഇബ്നു ശിഹാബ് അസ്സുഹ്രി (124), അബ്ദുല്ലാഹ് ഇബ്നു അബീബകർ ഇബ്നു ഹസം (135) തുടങ്ങിയവരെല്ലാം ഇസ്ലാമിക ചരിത്ര രചനയിൽ പ്രത്യേക സംഭാവനകൾ നൽകിയവരാണ്.

ഇസ്ലാമിക യുദ്ധ ചരിത്രം കാര്യമായും രേഖപ്പെടുത്തിയത് ഹിജ്റ 141ൽ മരണമടഞ്ഞ മൂസ ഇബ്നു ഉഖ്ബ, മഅ്മർ അറാശിദ് (150), മുഹമ്മദ് ഇബ്നു ഇസ്ഹാഖ് (151) എന്നിവരാണ്. ഇസ്ലാമിക ചരിത്ര രചനയിലെ പൗരാണികനും പ്രസിദ്ധനുമാണ് 207ൽ മരണമടഞ്ഞ അൽവാഖിദി. ഇബ്നു ഹിശാമിന്റെ സീറയുടെ റിപ്പോർട്ടുകളെല്ലാം ഇബ്നു ഇസ്ഹാഖ് വഴിയാണ്.

**ത്വബ്രിയുടെ ചരിത്ര ഗ്രന്ഥം**

ഹിജ്റ 310ൽ മരണമടഞ്ഞ പ്രസിദ്ധ ക്വുർആൻ വ്യാഖ്യാതാവും ചരിത്രകാരനുമായ ഇബ്നുജരീർ അത്ത്വബ്രിയുടെ ചരിത്ര ഗ്രന്ഥത്തിന്റെ പേര് താരീഖുൽ അഖ്ബാരി വൽമുലൂക് എന്നാണ്. സൃഷ്ടിപ്പിന്റെ തുടക്കം മുതൽ ഹിജ്റ 302 വരെയുള്ള ചരിത്രമാണ് അതിൽ അദ്ദേഹം പരാമർശിച്ചിരിക്കുന്നത്. പ്രസ്തുത ഗ്രന്ഥത്തിന്റെ ആമുഖത്തിൽ അദ്ദേഹം പറയുന്നു: നമ്മുടെ ഈ ഗ്രന്ഥം വായിക്കുന്നവൻ അറിയേണ്ട വസ്തുത; ഇതിൽ ഞാൻ പറഞ്ഞതിനെല്ലാമുള്ള അവലംബം ഞാൻ നിവേദനം ചെയ്ത കാര്യങ്ങളാണ്. അത് എനിക്ക് റിപ്പോർട്ട് ചെയ്തവരിലേക്ക് ഞാൻ ചേർക്കുകയാണ്. ഇതിലെ ചില വാർത്തകൾ മുൻകഴിഞ്ഞുപോയ ചിലരിൽ നിന്നാണ്. ഇത് വായിക്കുന്നവൻ ഒരുപക്ഷേ, പ്രസ്തുത സംഭവങ്ങൾ വെറുക്കുകയും അത് കേൾക്കുന്നതിൽ അനിഷ്ടം പ്രകടിപ്പിക്കുകയും ചെയ്തേക്കാം. കാരണം അവ ശരിയല്ലാത്ത അടിസ്ഥാനരഹിതമായവയാണ്.എങ്കിൽ അവർ അറിയട്ടെ, അവയൊന്നും നാം കൊണ്ടുവന്നതല്ല. നമ്മോട് റിപ്പോർട്ട് ചെയ്തവരാണ് അത് ഉദ്ധരിച്ചത്. അത് എനിക്ക് ലഭിച്ചതുപോലെ ഞാൻ രേഖപ്പെടുത്തി എന്ന് മാത്രം. ●

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

കാഴ്ച

# ജലമർമരങ്ങൾ

**കി**ണറുകളിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് നിറഞ്ഞ് കവിഞ്ഞൊഴുകുന്ന വാട്ടർടാങ്കുകൾ വീടുകളിൽ ഒരു ഓർമയാണിന്ന് ഭൂരിപക്ഷത്തിനും. വറ്റുന്ന കിണറിന്റെ അടിത്തട്ട് കുറച്ചൊന്നുമല്ല കുടുംബിനിയുടെ സമ്മർദം കൂട്ടുന്നത്. കുടിവെള്ളമില്ലാത്തവർ തങ്ങളുടെ ജലദാരിദ്ര്യം പങ്ക്വെക്കുമ്പോൾ, ഉള്ള വെള്ളത്തിന്റെ പങ്ക് കൊടുക്കേണ്ടിവരുമോയെന്നാണ് സ്വാഭാവികമായും കിണറിൽ വെള്ളമുള്ളവന്റെ ഉള്ളിലെ ഭീതി.

ജല ഭൗർലഭ്യം തെല്ലൊന്നുമല്ല, കുടുംബാന്തരീക്ഷത്തെ കലുഷതമാക്കുന്നത്. സ്വകാര്യ പ്രാർഥനകളിലും കൂട്ടായ പ്രാർഥനകളിലും വെള്ളത്തിനും മഴക്കും വേണ്ടിയുള്ള തേട്ടം കടന്ന് വരുന്നു.

പണ്ടത്തെ, 'കിണ്ടി' ഉപയോഗിച്ചുള്ള വെള്ളത്തിന്റെ ഉപയോഗം ജല വിനിയോഗത്തിന്റെ അളവെത്ര കുറച്ചിരുന്നെന്ന് ഗൃഹാതുരത്വത്തോടെ പഴയ തലമുറ അയവിറക്കുന്നു. പുതുതലമുറയിത് നവ മാധ്യമങ്ങളിലൂടെ ആഘോഷിക്കുന്നു.

ടാപ്പ് തുറന്നുവെച്ച് പല്ല് തേപ്പ്, ശൗച്യം, കുളി എന്നിത്യാദികൾക്ക് വെള്ളം ചെലവഴിക്കുമ്പോൾ ഉണ്ടാകുന്ന അധിക ജല ഉപഭോഗത്തെക്കുറിച്ചും ലിറ്റർ തിരിച്ചുള്ള അളവുകളും കണക്കുകളും.... ചർച്ചയാകുന്നു; വിശിഷ്യാ സോഷ്യൽ മീഡിയയിൽ.

ഉള്ള വെള്ളം, പ്രയാസമനുഭവിക്കുന്ന അയൽക്കാരന് പങ്ക് വെക്കണമെന്നുണ്ടെങ്കിലും വരൾച്ചയുടെ ശാസ്ത്രീയ പ്രവചനങ്ങൾ അവരെ പിന്നോട്ട് വലിക്കുന്നു.

പടച്ചവന്റെ പടപ്പുകളായ പക്ഷികൾ ആവശ്യത്തിന്, വെള്ളം കിട്ടിയിടത്തുനിന്നൊക്കെ തോന്നും പോലെ കുടിച്ചിരുന്നത് പഴയ കാലം. ഒരു മൺചട്ടിയിലിത്തിരി വെള്ളം നിറച്ച് ഉറികെട്ടി അതൊരു മരക്കൊമ്പിൽ കെട്ടിത്തൂക്കി പറവകൾക്ക് കുടിനീരൊരുക്കുന്നത് വലിയ പരിപാടികളായി കൂട്ടായ്മകളും വ്യക്തികളും ആഘോഷിക്കുന്നു ഇന്ന്!

ഭക്ഷണമുണ്ടാക്കുവാനും കുടിക്കുവാനുമുള്ള ശുദ്ധ ജലത്തിനായി കുടങ്ങളും ബക്കറ്റുകളും താങ്ങി കുഞ്ഞുകുട്ടികളടക്കം മൈലുകൾ നടക്കുന്ന കാഴ്ചയാണ് നാമിന്ന് കാണുന്നത്. ഈ സാഹചര്യത്തിൽ, ജല സമൃദ്ധിയാൽ അനുഗൃഹീതരായ ചിലർ തോട്ടം നനച്ചും വാഹനങ്ങൾ കഴുകിയും നിർലോഭം വെള്ളം ധൂർത്തടിക്കുന്നത് കാണുമ്പോൾ വെള്ളക്കുറവിനാൽ പ്രയാസപ്പെടുന്നവരുടെ നെഞ്ചിൽ നിന്നുയരുന്ന നെടുവീർപ്പിന്റെ ചൂട് കണ്ടില്ലെന്ന് നടിക്കാവതല്ല.

ജനാധിപത്യ ജനകീയ കൂട്ടായ്മയിൽ നിലനിർക്കുന്ന 'ജലനിധി' പോലുള്ള സംരംഭങ്ങൾ വഴി ലഭിക്കുന്ന ജലം പോലും ചിലരെങ്കിലും കൃഷിക്കും മറ്റും ഉപയോഗിക്കുന്നുണ്ട്. ഈ വരൾച്ചയുടെ സാഹചര്യത്തിൽ ഇത് ദുരുപയോഗമാണെന്നതിൽ സംശയമില്ല.

ജലസമ്പത്ത് ഒരനുഗ്രഹമാണെന്നും അത് കാത്ത് വെച്ചിട്ട് കാര്യമില്ലെന്നും ഉള്ളത് പങ്ക് വെക്കുന്നതിലാണ് സന്തോഷമെന്നും ധരിക്കുന്ന ചിലരെങ്കിലും കഷ്ടപ്പെടുന്നവർക്ക് അത് എത്തിച്ചുകൊടുക്കാനുള്ള സൗകര്യം ചെയ്യുന്നുവെന്നത് ഏറെ ആശ്വാസകരമാണ്. വെള്ളം തന്ന് സഹായിക്കുന്ന സുമനസ്സുകൾക്ക് വേണ്ടിയുള്ള പ്രാർഥന ഏറെ ഉള്ളിൽതട്ടിയതായിരിക്കുമെന്നതിൽ സംശയമില്ല.

ജലദൗർലഭ്യ പരീക്ഷണങ്ങളെ അതിജീവിക്കാൻ കരുത്ത് ലഭിക്കുമാറാകട്ടെയെന്ന് നമുക്കും പ്രാർഥിക്കാം. ●

ഷാനവാസ് കുലുക്കല്ലൂർ

കവിത

# കാത്തിരിപ്പ്

**ഇ**തെങ്കിലും നേരെയായെങ്കിലെന്ന
ഉമ്മയുടെ നെടുവീർപ്പിനെ
ചാരി നിൽക്കുകയാണ്
തീക്കനൽ തുമ്പിലെരിയുന്ന ഉപ്പ.
സ്നേഹം ചാലിച്ച ചായയോടൊപ്പം
മധുരത്തിന്റെ പുഞ്ചിരിക്കൂട്ടും നുകർന്ന്
ആശതന്ന് പടിയിറങ്ങിപ്പോയവർ
എണ്ണത്തിൽ കൂടുതലായിരുന്നു...!
മഹർ മാലയെന്ന മോഹത്തിലേക്ക്
കഴുത്തു നീട്ടിയ പകലോർമയിൽ
പടികയറിവന്ന 'മുടങ്ങി'യെന്ന വൃത്താന്തം
പരദൂഷണപ്പാർട്ടിയുടെ സമ്മാനമായിരുന്നു.
ഞരമ്പുരോഗികളുടെ വലയിൽ കുരുങ്ങാത്ത,
മഞ്ഞലോഹത്തിൽ മനസ്സുടക്കാത്ത
സ്നേഹത്തിന്റെ കൈത്താങ്ങുകളെ കാത്ത്
ചുമരുകൾ തകർക്കാതെ
പുരനിറഞ്ഞിരിക്കുകയാണ്
മെഴുകുതിരി ജന്മങ്ങൾ ●

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com





# മാതാപിതാക്കളെ അനുസരിക്കുക

“മോനേ... ഫൈസലേ... യൂനിഫോം മാറ്റി വിശക്കുന്നതിന് വല്ലതും കഴിച്ച് ഒന്ന് കടയിൽ പോയി വരണം. കുറച്ചു സാധനങ്ങൾ വാങ്ങാനുണ്ട്” ഫൈസൽ സ്‌കൂൾ വിട്ട് വന്നയുടനെ ഉമ്മ പറഞ്ഞു.

അതുകേട്ടപ്പോൾ അവനാകെ ദേഷ്യം കയറി. ഭക്ഷണം കഴിച്ചയുടൻ ക്രിക്കറ്റ് കളിക്കാൻ ചെല്ലാമെന്ന് കൂട്ടുകാർക്ക് ഉറപ്പു കൊടുത്തതാണ്. ഇന്നലെ സലീമിന്റെ ടീം തന്റെ ടീമിനെ തോൽപിച്ചതാണ്. ഇന്ന് അവരെ തോൽപിച്ചേ അടങ്ങൂ എന്ന് വിചാരിച്ചിരിക്കുമ്പോഴാണ് ഒരു കടയിൽ പോക്ക്. ഈ ഉമ്മാക്ക് വേറെ പണിയൊന്നുമില്ലേ?

“എന്നെക്കൊണ്ടാവില്ല കടയിലും കുടയിലുമൊക്കെ പോകാൻ. ഞാൻ കളിക്കാൻ പോകുകയാണ്”- ഫൈസൽ ദേഷ്യത്തോടെ ഉറക്കെ വിളിച്ചു പറഞ്ഞു.

“കളിയൊക്കെ പിന്നെ. ഇപ്പോൾ കടയിൽ പോയേ തീരൂ”- ഉമ്മ.

“എനിക്കിപ്പോൾ സൗകര്യമില്ല. കളി കഴിഞ്ഞിട്ട് സമയമുണ്ടെങ്കിൽ പോകാം”- അവൻ തറപ്പിച്ചു പറഞ്ഞു.

“ഏതായാലും നീ വല്ലതും കഴിക്ക്”- കൂടുതൽ തർക്കിച്ചാൽ മകൻ ഭക്ഷണം കഴിക്കില്ല എന്നോർത്ത് സ്‌നേഹനിധിയായ ആ ഉമ്മ അനുനയരൂപത്തിൽ പറഞ്ഞു.

ഭക്ഷണം വേഗത്തിൽ വാരിവലിച്ചുതിന്ന് ഫൈസൽ കളിക്കാനായി ഇറങ്ങിയോടി. ഉമ്മയുടെ ‘മോനേ’ എന്ന വിളി കേൾക്കാത്ത മട്ടിൽ അവൻ കൂട്ടുകാരെ കൂക്കി വിളിച്ച് മുന്നോട്ടു കുതിച്ചു.

കളി തുടങ്ങി അരമണിക്കൂർ കഴിഞ്ഞുകാണും. അന്നേരമാണ് അതു സംഭവിച്ചത്. ബോളിന്റെ പിന്നാലെ ഓടുകയായിരുന്ന ഫൈസൽ മറിഞ്ഞുവീണു. വീണിടത്തു കിടന്നുരുണ്ടു. എഴുന്നേൽക്കാനുള്ള ശ്രമം വിഫലമായി. കൂട്ടുകാർ ഓടിവന്ന് താങ്ങി എഴുന്നേൽപിക്കാൻ ശ്രമിച്ചു. കാലുകൾ നിലത്തുറക്കുന്നില്ല. ശക്തമായ

വേദനയാൽ അവൻ വാവിട്ടു കരഞ്ഞു. കാലിന്റെ എല്ല് എവിടെയോ പൊട്ടിയിട്ടുണ്ട്. കളി അവസാനിപ്പിച്ച് എല്ലാവരും ഫൈസലിന്റെ ചുറ്റും കൂടി.

"എന്നെ വേഗം ആശുപത്രിയിൽ കൊണ്ടുപോകണേ... എന്റെ കാലൊടിഞ്ഞേ...എന്റെ ഉമ്മാ...." കഠിനമായ വേദനയാൽ അവൻ എരിപൊരികൊണ്ടു.

ആ സമയത്താണ് നജീബ് മൗലവി അതുവഴി വന്നത്. കരച്ചിൽ കേട്ട് അദ്ദേഹം കുട്ടികളുടെ അടുത്തേക്ക് ചെന്നു. ഫൈസലിന്റെ പരിക്ക് ചെറുതല്ലെന്ന് ബോധ്യമായപ്പോൾ ഒരു ഓട്ടോറിക്ഷ വിളിച്ചുവരുത്തി നേരെ ആശുപത്രിയിലേക്ക് കൊണ്ടുപോയി. ആശുപത്രിയിലെത്തിച്ചതിനു ശേഷം ഫൈസലിന്റെ വീട്ടിൽ വിവരമറിയിച്ചു. അവന്റെ ഉപ്പ ഗൾഫിലാണ്. പിന്നെയുള്ളത് ജ്യേഷ്ഠനാണ്. അവൻ കോളേജ് വിട്ട് വരുമ്പോൾ സന്ധ്യയാകും. വിവരമറിഞ്ഞയുടൻ ഉമ്മ ആശുപത്രിയിലോടിയെത്തി.

"എന്റെ പൊന്നുമോനെന്തു പറ്റി...."- പൊട്ടിക്കരഞ്ഞു കൊണ്ടാണവർ മകനെ സമീപിച്ചത്.

"പേടിക്കാനൊന്നുമില്ല. കാലിന്റെ എല്ലിന് ചെറിയ പൊട്ടുണ്ടോ എന്നു സംശയമുണ്ട്. എക്സ്റേ എടുക്കണമെന്ന് ഡോക്ടർ പറഞ്ഞിട്ടുണ്ട്"- നജീബ് മൗലവി ഉമ്മയെ ആശ്വസിപ്പിച്ചു.

ഉമ്മ ഫൈസലിന്റെ അരികത്തിരുന്നു. കണ്ണുനീർ വാർത്തുകൊണ്ട് അവനെ തലോടി.

"എന്റെ മോനേ... ഉമ്മ പറഞ്ഞതു കേൾക്കാതെ മോൻ ഇറങ്ങി ഓടിയതല്ലേ...." അവർ വിതുമ്പി.

അന്നു രാത്രി തന്നെ ഫൈസലിന്റെ കാലിൽ പ്ലാസ്റ്ററിട്ടു. പിറ്റേ ദിവസം ആശുപത്രി വിട്ടു. അവൻ വീട്ടിൽ നടക്കാൻ വയ്യാതെ കിടപ്പിലായി. ഒന്നരമാസം ഈ കിടപ്പു കിടക്കണം. അതോർത്തപ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞു.

നജീബ് മൗലവി ഫൈസലിനെ കാണാൻ വന്നു. അവന്റെ അരികിലിരുന്ന് അവന്റെ രോഗശമനത്തിനായി പ്രാർഥിച്ച ശേഷം അദ്ദേഹം ചോദിച്ചു:

"ഉമ്മ പറഞ്ഞതു കേൾക്കാതെ മോൻ ഇറങ്ങി ഓടിയതല്ലേ എന്ന് നിന്റെ ഉമ്മ ആശുപത്രിയിൽ വെച്ച് നിന്നോട് ചോദിക്കുന്നത് കേട്ടു. അതു ശരിയാണോ?''

"ശരിയാണ്. കടയിലേക്ക് പോകാൻ പറഞ്ഞപ്പോൾ സൗകര്യമില്ലെന്നു പറഞ്ഞ് ഞാൻ ഇറങ്ങി ഓടിയതാണ്."

"നീ അങ്ങനെ അനുസരക്കേട് കാട്ടിയിട്ടും നിന്റെ ഉമ്മ നിന്നോട് ദേഷ്യപ്പെടുകയോ നിന്നെ വെറുക്കുകയോ ചെയ്തിട്ടില്ല. നിനക്ക് അപകടം പറ്റി എന്നറിഞ്ഞപ്പോൾ ആശുപത്രിയിലേക്ക് അവർ ഓടിവന്നു. 'എന്റെ പൊന്നുമോനെന്തു പറ്റി' എന്ന് പൊട്ടിക്കരച്ചിലോടെ ചോദിച്ചു. അങ്ങനെ ജീവനുതുല്യം നിന്നെ സ്നേഹിക്കുന്ന ഉമ്മയോട് അനുസരണക്കേടു കാണിച്ചത് ശരിയായില്ലെന്ന് നിനക്കിപ്പോൾ ബോധ്യമായോ? മാതാപിതാക്കളെ വെറുപ്പിച്ചാൽ, അവരെ അനുസരിക്കാതിരുന്നാൽ അല്ലാഹുവിന്റെ കോപമുണ്ടാകും എന്നു നീ മദ്റസയിൽ നിന്ന് പഠിച്ചിട്ടില്ലേ?"

അതുകേട്ടപ്പോൾ അവൻ കണ്ണുകൾ ഇറുകിയടച്ചു. ആ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.

താൻ അനുസരണക്കേടു കാണിച്ചിട്ടും ദേഷ്യപ്പെട്ടിട്ടും ഉമ്മാക്കെന്നോട് ദേഷ്യമില്ല. അവർ തന്നെ അതിരറ്റു സ്നേഹിക്കുന്നുണ്ട്. പകരം താൻ സ്നേഹം കൊടുക്കുന്നില്ല- ഈ ചിന്തകൾ അവനെ ദുഃഖിതനാക്കി.

നജീബ് മൗലവി പറഞ്ഞു:

"മാതാപിതാക്കളോടുള്ള കടമയുടെ ഗൗരവം മോൻ മനസ്സിലാക്കണം. സൂറതുൽ ഇസ്റാഇലെ ഇതു സംബന്ധിച്ച ആയത്തുകൾ നീ കേട്ടിട്ടില്ലേ? അതിൽ അല്ലാഹു പറഞ്ഞു: "തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ ഒരാളോ രണ്ടുപേരും തന്നെയോ നിന്റെ അടുക്കൽ വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോടു നീ 'ഛെ' എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് മാന്യമായ വാക്ക് പറയുക. കാരുണ്യത്തോടുകൂടി എളിമയുടെ ചിറക് നീ അവർ ഇരുവർക്കും താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയതുപോലെ ഇവരോട് നീ കരുണ കാണിക്കേണമേ എന്ന് നീ പറയുകയും ചെയ്യുക."

"ഈ ആയത്ത് ഞാൻ മദ്റസയിൽനിന്ന് പഠിച്ചിട്ടുണ്ട്. പക്ഷേ, ഇതൊന്നും ഞാൻ ഓർക്കാറില്ല"- കണ്ണുനീർ തുടച്ചു കൊണ്ട് ഫൈസൽ പറഞ്ഞു.

"മാതാവിനോടുള്ള കടപ്പാട് പ്രത്യേകം സൂചിപ്പിക്കുന്ന ഹദീസുകളുമുണ്ട്. ഒരിക്കൽ നബിﷺയുടെ അടുത്തു വന്ന് ഒരാൾ ചോദിച്ചു: 'പ്രവാചകരേ, ഏറ്റവും നല്ല സഹവാസത്തിന് കടമപ്പെട്ടവർ ആരാണ്?'. അവിടുന്ന് അരുളി: 'നിന്റെ മാതാവ്'. 'പിന്നീടാരാണ്?'. 'നിന്റെ മാതാവ്'. 'പിന്നീടാരാണ്?'. 'നിന്റെ മാതാവ്'. പിന്നീടാരാണെന്ന് (നാലാംതവണ) തിരുമേനിയോട് ചോദിച്ചപ്പോൾ 'നിന്റെ പിതാവ്' എന്നു പറഞ്ഞു. ഇതിൽനിന്നും മാതാവിനോടുള്ള കടമയുടെ ആഴം മനസ്സിലായല്ലോ."

"എന്റെ തെറ്റുകൾ എനിക്ക് ബോധ്യമായിട്ടുണ്ട്. ഇനി ഞാൻ എന്റെ ഉമ്മയെ അനുസരിക്കാതിരിക്കില്ല. അവരോട് ഉച്ചത്തിൽ സംസാരിക്കില്ല. ദേഷ്യപ്പെടില്ല"- ഉറച്ച തീരുമാനത്തോടെ ഫൈസൽ പറഞ്ഞു.

"വളരെ നല്ല തീരുമാനം. പടച്ചവൻ അനുഗ്രഹിക്കട്ടെ. ഞാൻ പോകുന്നു. അസ്സലാമു അലൈക്കും"-നജീബ് മൗലവി യാത്ര പറഞ്ഞിറങ്ങി.

മുബാറക് ബിൻ ഉമർ
mail@nerpatham.com





# വ്യതിയാനാരോപണങ്ങളും പ്രതികരണവും

**4:30ന്** യോഗം വീണ്ടും ആരംഭിച്ചു. നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ യോഗനടപടിക്രമം അധ്യക്ഷൻ ഇങ്ങനെ വിശദീകരിച്ചു:

'വ്യതിയാനം ഉണ്ടെന്ന് പറഞ്ഞവർ അത് അവതരിപ്പിക്കുകയും മറുഭാഗം അതിന്റെ പ്രതികരണം അറിയിച്ച ശേഷം ഓരോ വിഷയത്തിലും നമുക്ക് തീരുമാനമെടുക്കുകയും ചെയ്യാം.

വ്യതിയാനം സംബന്ധിച്ച വിവരണവും പ്രതികരണങ്ങളും തീരുമാനങ്ങളും:

ക്വുർആനും ഹദീഥും മനസ്സിലാക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും മതപരമായ കാര്യങ്ങൾ സ്വീകരിച്ചാചരിക്കുന്നതിനും സച്ചരിതരായ സലഫിന്റെ മാർഗം (മൻഹജ്) അവലംബിക്കേണ്ടതില്ലെന്നും അങ്ങനെ ഒരു മൻഹജ് തന്നെ ഇല്ലെന്നുമുള്ള വാദം നാം ഇതുവരെ പുലർത്തിപ്പോരുന്ന ആശയാദർശങ്ങളിൽ നിന്നുള്ള വ്യതിയാനമാണ്.

പ്രതികരണം: ക്വുർആനും ഹദീഥും മനസ്സിലാക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും മതപരമായ കാര്യങ്ങൾ സ്വീകരിച്ചാചരിക്കുന്നതിനും സച്ചരിതരായ സലഫിന്റെ മാർഗം അവലംബിക്കേണ്ടതില്ലെ വാദം ഞങ്ങൾക്കില്ല. ഇതിൽ നിന്ന് വ്യത്യസ്തമായ മറ്റൊരു മൻഹജ് ഇല്ല.

തീരുമാനം: ക്വുർആനും ഹദീഥും മനസ്സിലാക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും മതപരമായ കാര്യങ്ങൾ സ്വീകരിച്ചാചരിക്കുന്നതിനും സച്ചരിതരായ സലഫിന്റെ മാർഗമാണ് നാം സ്വീകരിക്കേണ്ടത് എന്ന് യോഗം അംഗീകരിച്ചു.

'ഇഖ്‌റഅ് ബിസ്മി റബ്ബിക്കല്ലദീ ഖലക' എതിനർഥം സൃഷ്ടിച്ചു വളർത്തിയ നിന്റെ രക്ഷിതാവിന്റെ നാമവുമായി ബന്ധപ്പെട്ടതെല്ലാം ശേഖരിച്ചു ചേർത്തുവെക്കുക എന്നാണ്, 'ലാ തുഹർരിക് ബിഹീ ലിസാനക ലിതഅ്ജല ബിഹി' എന്നത് അന്ത്യനാളിൽ കൃത്യമായ രേഖയോടെ വിചാരണ നടത്തുതിനെ കുറിച്ചാണ്' - ഈ വ്യാഖ്യാനങ്ങൾ സ്വഹീഹായി വന്ന ഹദീഥുകളുടെ നസ്സിനെതിരാണ്. ഇത്തരം വ്യാഖ്യാനങ്ങൾ സച്ചരിതരായ സലഫിന്റെ മാർഗത്തിനുമെതിരാണ്. നാം ഇതുവരെ സ്വീകരിച്ചുപോരുന്ന രീതികളിൽനിന്നും ആദർശങ്ങളിൽനിന്നുമുള്ള വ്യതിയാനവുമാണ്.

പ്രതികരണം: മേൽ വ്യാഖ്യാനം സ്വഹീഹായ ഹദീഥിന് എതിരല്ല എന്ന് കെ.കെ. മുഹമ്മദ് സുല്ലമി പറഞ്ഞു. സ്വഹീഹായ ഹദീഥിന് എതിരാണെ മറുകക്ഷി വാദിച്ചു. ഈ അർഥങ്ങളിൽ താൻ ഉറച്ചു നിൽക്കുന്നില്ലെന്ന് കെ.കെ. വെളിപ്പെടുത്തി.

തീരുമാനം: സ്വഹീഹായ ഹദീഥിന് എതിരായ മേൽ അർഥം തിരുത്തേണ്ടതാണെ യോഗം തീരുമാനിച്ചു. ഇത്തരം ഒറ്റപ്പെട്ട അഭിപ്രായങ്ങൾ പൊതുജനങ്ങളോട് പറയാൻ പാടില്ലെന്നും യോഗം തീരുമാനിച്ചു.

തൗഹീദിൽ പരിഗണിക്കപ്പെടുന്ന മൂന്ന് മൂലകങ്ങൾ റുബൂബിയ്യത്ത്, വലാഅ്, ഹാകിമിയ്യത്ത് എിവയാണെന്ന സിദ്ധാന്തം നാം ഇതുവരെ പുലർത്തിപ്പോന്ന അടിസ്ഥാന ആദർശങ്ങളിൽനിന്നുള്ള വ്യതിയാനമാണ്. ഹാകിമിയ്യത്തും വലാഉം തൗഹീദിൽ പരിഗണിക്കപ്പെടുന്ന മൂലകങ്ങളാണെന്നത് ജമാഅത്തെ ഇസ്‌ലാമിയുടെയും ഇഖ്‌വാനികളുടെയും വിശ്വാസമാണ്. യഥാർഥത്തിൽ തൗഹീദിന്റെ വിഭജനം റുബൂബിയ്യത്ത്, ഉലൂഹിയ്യത്ത്, അൽഅസ്മാഉ വസ്സിഫാത്ത് എന്നിങ്ങനെയാണ്.

പ്രതികരണം: വലാഅ്, ഹാകിമിയ്യത്ത് എന്നിവ തൗഹീദിൽ പരിഗണിക്കപ്പെടണമെന്ന തങ്ങൾക്ക് വാദമില്ല.

തീരുമാനം: ഈ വിഷയകമായി ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി നേരത്തെ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, യഥാർഥ വസ്തുത അംഗീകരിക്കപ്പെട്ടതായി യോഗം അറിയിച്ചു. തൗഹീദുർ റുബൂബിയ്യത്ത്, ഉലൂഹിയ്യത്ത്, അൽഅസ്മാഉ വസ്സിഫാത്ത് എിങ്ങനെയുള്ള വിഭജനം ഈ യോഗം ശരിവെക്കുകയും അതു പാഠശാലകളിൽ പഠിപ്പിക്കേണ്ടതാണെന്ന് തീരുമാനിക്കുകയും ചെയ്തു.

തൗഹീദല്ല ഈമാൻ, ശിർക്കിൽ നിന്നും ബിദ്അത്തിൽ നിന്നും ഒഴിവായി എന്നതു കൊണ്ട് ഈമാൻ ഉണ്ടായിരിക്കുകയില്ല എന്ന പ്രസ്താവം നമ്മുടെ അടിസ്ഥാനാദർശത്തിനുള്ള ഖണ്ഡനവും വ്യതിയാനവുമാണ്.

പ്രതികരണവും തീരുമാനവും: തൗഹീദല്ല ഈമാൻ എന്ന് ശബാബിൽ വന്ന പരാമർശം ആശയക്കുഴപ്പമുണ്ടാക്കുന്നതാകയാൽ ഈ വിഷയത്തിൽ വിയോജിപ്പ് പ്രകടിപ്പിച്ചു കൊണ്ടുള്ള ലേഖനം ശബാബ് പ്രസിദ്ധീകരിക്കുകയും നേരത്തെ പറഞ്ഞ പരാമർശം എഴുതിയ ലേഖകൻ ആയത് താൻ അംഗീകരിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കുകയും ചെയ്തത് യോഗം അംഗീകരിച്ചു. ഇത്തരം പരാമർശം മേലിൽ വന്നുപോകുന്നത് സൂക്ഷിക്കുമെന്ന് ലേഖകൻ പറഞ്ഞു.

പ്രപഞ്ചാതീതനായ ദൈവം പ്രപഞ്ചത്തിനു പുറത്ത് ഏഴാമാകാശത്തിനു മുകളിൽ സിംഹാസനാരൂഢനായിരിക്കുന്ന സ്വേഛാധിപതിയായ ഒരു ചക്രവർത്തിയാണെ ധാരണ ഇസ്‌ലാം വളർത്തുില്ല എന്ന പ്രസ്താവന, വിശുദ്ധ ക്വുർആനിൽ അല്ലാഹുവിനെക്കുറിച്ചു വന്ന 'മൻ ഫിസ്സമാഇ, ഇസ്തവാ അലൽ അർശി, ജബ്ബാർ, ക്വാഹിർ, ക്വഹ്ഹാർ, മാലികുൽ മുൽക്' എന്നീ വിശേഷണങ്ങളെക്കുറിച്ച് നാം സ്വീകരിച്ചു പോരുന്ന വിശ്വാസങ്ങളിൽനിന്നുള്ള വ്യതിയാനമാണ്.

തീരുമാനം: ഈ വിഷയകമായി ഏതെല്ലാം പുസ്തകങ്ങളിൽ അബദ്ധങ്ങൾ വന്നിട്ടുണ്ടോ അവയെല്ലാം തിരുത്തേണ്ടതാണെ് യോഗം തീരുമാനിച്ചു.

'മൻ ഫിസ്സമാഅ്?' പോലുള്ള അല്ലാഹുവിന്റെ സ്വിഫത്തുകളെ വ്യഖ്യാനിക്കണം (തഅ്‌വീൽ) എന്ന്പറയുന്നത് സലഫുസ്സാലിഹുകളുടെ മാർഗത്തിനെതിരും നാം സ്വീകരിച്ചു പോരുന്ന വിശ്വാസാദർശങ്ങളിൽനിന്നുള്ള വ്യതിയാനവുമാണ്.

പ്രതികരണം: ഈ വിഷയകമായി സലഫി ആശയം വിശദീകരിച്ച കുറിപ്പ് ശബാബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശിർക്ക്, ബിദഅത്തുകളിൽ നിന്ന് ഒഴിവാകുകയും അതേ സമയം പെരുമാറ്റം, സ്നേഹം, ഭക്തി പോലുള്ള കാര്യങ്ങളിൽ പ്രവാചകന്റെ മാതൃകയിൽനിന്ന് വ്യതിചലിക്കുകയും ചെയ്യുന്ന ഒരാൾ തൗഹീദിൽ നിലകൊള്ളുവനായി പരിഗണിക്കപ്പെടുകയില്ല എന്ന പ്രസ്താവം പിഴച്ച കക്ഷിയായ ഖവാരിജിന്റെ വാദവും നാം ഇതുവരെ സ്വീകരിച്ചുപോന്ന ആദർശങ്ങളിൽനിന്നുള്ള വ്യതിയാനവുമാണ്.

പ്രതികരണവും തീരുമാനവും: ഇതു സംബന്ധമായി മൗലവി മുഹമ്മദ് കുട്ടശ്ശേരി നാലാം നമ്പറിൽ പറഞ്ഞ വിശദീകരണം യോഗം അംഗീകരിച്ചു.

തറാവീഹ് നമസ്കാരം പതിനൊന്ന് റക്അത്തിലധികമില്ല എന്നതാണ് നബിﷺയിൽനിന്ന് സ്ഥിരപ്പെട്ട ചര്യ എന്ന് അംഗീകരിക്കുന്നതോടൊപ്പം, ദുർബലമായ ഹദീഥുകളെയോ, പണ്ഡിതാഭിപ്രായങ്ങളെയോ അവലംബിച്ചു കൊണ്ടോ, സമൂഹത്തിൽ ഭിന്നിപ്പുണ്ടാക്കുത് ഒഴിവാക്കുന്നതിന് വേണ്ടിയോ പതിനൊന്നിലധികം നമസ്കരിക്കുന്നതിന് വിരോധമില്ല എന്ന വാദം തെറ്റും നാം ഇതുവരെ പുലർത്തിപ്പോന്ന ആശയാദർശങ്ങളിൽനിന്നുള്ള വ്യതിയാനവുമാണ്.

പ്രതികരണവും തീരുമാനവും: ഇങ്ങനെ ഒരു വാദം ആരോപിതർക്കില്ല. ഈ വിഷയകമായി ബന്ധപ്പെട്ട പുസ്തകം രചിച്ച ലേഖകൻ, തന്റെ പുസ്തകത്തിൽ വന്ന തെറ്റുകൾ നമ്മുടെ ആശയാദർശങ്ങൾക്കനുസരിച്ച് തിരുത്താൻ തയ്യാറാണെന്നും ഇനിമേൽ ഈ പുസ്തകത്തിലെ പരാമർശം ആരും ന്യായീകരിക്കേണ്ടതില്ലെന്നും വ്യക്തമാക്കിയത് യോഗം അംഗീകരിച്ചു.

സുബ്ഹിലെ ക്വുനൂത് നബിചര്യയിൽ സ്ഥിരപ്പെട്ടിട്ടില്ല എന്ന് അംഗീകരിക്കുന്നതോടൊപ്പം, ക്വുനൂത് ഓതുന്ന പള്ളിയിൽ പോയാൽ ഓതാമെന്നും ക്വുനൂതില്ലാത്ത പള്ളിയിൽ പോയാൽ ഓതാതിരിക്കാമെന്നുമുള്ള നിലപാട് സ്വീകരിക്കലും അതിനനുസൃതമായി പ്ര

വർത്തിക്കലും പ്രചരിപ്പിക്കലും നമ്മുടെ ആശയാദർശങ്ങളിൽനിന്നുള്ള വ്യതിയാനമാണ്.

പ്രതികരണം: ഇങ്ങനെ ഒരു വാദം തങ്ങൾക്കില്ലെന്ന് ആരോപിതർ വിശദീകരിച്ചു.

തീരുമാനം: സുബ്ഹിലെ ക്വുനൂത് നബിﷺയുടെ ചര്യയിൽ സ്ഥിരപ്പെടാത്തതാണെന്നും അത് അനാചാരമാണെന്നും യോഗം അംഗീകരിച്ചു.

ഗോളശാസ്ത്രത്തിന്റെ ഖണ്ഡിതമായ കണക്കിനെ തിരാകാത്ത കാഴ്ചയെ അവലംബിച്ചുകൊണ്ട് നോമ്പും പെരുന്നാളും തീരുമാനിക്കുക എന്ന നിലപാടിന്റെ അടിസ്ഥാനത്തിൽ, പെരുന്നാളിന്റെ കാര്യത്തിൽ മറ്റുള്ളവരുമായി നമുക്ക് ഭിന്നിക്കേണ്ടി വന്നിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ നാട്ടിലെ ഭൂരിപക്ഷത്തോടൊപ്പം പെരുന്നാൾ കഴിക്കണമെന്ന വാദം നമ്മുടെ ആശയാദർശങ്ങളിൽനിന്നുള്ള വ്യതിയാനമാണ്.

പ്രതികരണം: ഇങ്ങനെയൊരു  വാദം ആരോപിതർക്കില്ല എന്നവർ വിശദീകരിച്ചു. എന്നാൽ ആരോപണത്തിൽ പരാമർശിക്കപ്പെട്ട കാര്യം സംഘടനക്കെതിരായി പറഞ്ഞതല്ലെന്ന് ബന്ധപ്പെട്ട വ്യക്തി വിശദീകരിച്ചത് യോഗം അംഗീകരിച്ചു.

തീരുമാനം: കേരള ഹിലാൽ കമ്മിറ്റിയുടെ തീരുമാനത്തിന് മുജാഹിദ് പ്രവർത്തകർ എതിർപ്പ് പ്രകടിപ്പിക്കാൻ പാടില്ലെന്ന് യോഗം തീരുമാനിച്ചു.

ഒന്നാമതായി പ്രബോധകനും പ്രബോധിതനും തമ്മിൽ പൊതു താൽപര്യമുള്ള ഒരു വിഷയം കണ്ടെത്തുക. തുടർന്ന് ആ വിഷയത്തെ സംബന്ധിച്ച ചർച്ചകളിലൂടെ രൂപം കൊള്ളുന്ന സൗഹൃദത്തെ പ്രബോധിതന്റെ മനസ്സിലേക്ക് ഇസ്‌ലാമിന്റെ സന്ദേശവുമായി കടന്നു ചെല്ലാനുള്ള ഒരു പാലമായി ഉപയോഗപ്പെടുത്തുക. വിശന്ന വയറിനോട് വേദാന്തമോതൽ അസ്ഥാനത്താണെതിനാൽ ആദ്യമായി സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ ചെയ്തുകൊടുക്കുക. അല്ലെങ്കിൽ, സ്പോർട്സ്, ഷെയർ ബിസിനസ്സ് പോലുള്ള പൊതുതാൽപര്യവിഷയങ്ങൾ കണ്ടെത്തി അവയെ ഒരു പാലമായി ഉപയോഗപ്പെടുത്തുക. തുടർന്ന് അതിലൂടെ രൂപം കൊള്ളുന്ന സൗഹൃദത്തെ ഇസ്‌ലാമിന്റെ സന്ദേശവുമായി കടന്നുചെല്ലാനുള്ള ഒരു പാലമായി ഉപയോഗപ്പെടുത്തുക. ഇവ്വിധമാണ് പ്രബോധനം നടത്തേണ്ടതെന്ന സിദ്ധാന്തം ഇസ്‌ലാഹീ പ്രസ്ഥാനം ഇതുവരെ സ്വീകരിച്ചുപോന്ന രീതിക്കും പ്രവാചക മാതൃകക്കും എതിരാണ്; നമ്മുടെ ആശയാദർശങ്ങളിൽ നിന്നുള്ള വ്യതിയാനവുമാണ്.

തീരുമാനം: ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനിയുടെ ആദ്യത്തെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇതിനെ സംബന്ധിച്ച് കൂടുതൽ ചർച്ച വേണ്ടതില്ലെന്ന് യോഗം തീരുമാനിച്ചു.

സമൂഹത്തിൽ തിന്മ കൂലംകുത്തിയൊഴുകുമ്പോൾ ആദ്യം തൗഹീദ് പ്രബോധനം ചെയ്യുതിനു പകരം സാമൂഹ്യ തിന്മക്കെതിരിലുള്ള പോരാട്ടമാണ് നടത്തേണ്ടതെന്ന വാദം പ്രവാചകന്മാരുടെ മാതൃകക്ക്‌വിരുദ്ധവും നാം ഇതുവരെ പുലർത്തിപ്പോന്ന ആശയാദർശങ്ങളിൽനിന്നുള്ള വ്യതിയാനവുമാണ്.

തീരുമാനം: ഈ വിഷയത്തിൽ മൗലവി കുട്ടശ്ശേരിയുടെ വിശദീകരണം യോഗം അംഗീകരിച്ചു. കൂലം കുത്തിയൊഴുകുന്ന തിന്മകളെ അവഗണിക്കാവുന്നതല്ല. എങ്കിലും പ്രബോധനരംഗത്ത് ഒന്നാം സ്ഥാനം തൗഹീദിനു തന്നെ നൽകണമെന്ന് യോഗം തീരുമാനിച്ചു.

ദഅ്‌വത്ത് പ്രഥമമായി എന്തിനായിരിക്കണം? മനുഷ്യമനസ്സുകളിൽ ഈമാൻ സൃഷ്ടിക്കുവാൻ! ക്വുർആനിലും സുന്നത്തിലും വിവരിച്ച ശക്തമായ ഈമാൻ, മനസ്സിൽ അടിയുറച്ചതും കർമങ്ങളിൽ തെളിയുന്നതുമായ ഈമാൻ, ഈ ഭൂമിയിൽ അല്ലാഹുവിന്റെ നിയമം നടപ്പിലാക്കാൻ ശ്രമിച്ചാൽ ഈമാനുണ്ടായിരിക്കുന്നതല്ല. തൗഹീദല്ല ഈമാൻ. ഇങ്ങനെ തൗഹീദല്ലാത്ത ഒരു ഈമാനിനു വേണ്ടിയായിരിക്കണം ഒന്നാമതായും നമ്മുടെ ദഅവത്ത് എന്ന വാദം ഇസ്‌ലാഹീ പ്രസ്ഥാനം നാളിതുവരെ സ്വീകരിച്ചു പോന്ന ആശയാദർങ്ങളുടെ ഖണ്ഡനവും അതിൽനിന്നുള്ള വ്യതിയാനവുമാണ്.

തീരുമാനം: ഈ വിഷയകമായി ലേഖകൻ നേരത്തെ വിശദീകരിച്ചത് യോഗം അംഗീകരിക്കുകയും മേലിൽ ഇത്തരം പരാമർശങ്ങൾ വരാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു.

ഇസ്‌ലാഹീ പ്രസ്ഥാനം ഇതുവരെ ചെയ്തുപോന്ന ദഅ്‌വത്ത് ഖണ്ഡനമണ്ഡനമുക്തമാക്കി പുനരാഖ്യാനിക്കേണ്ടതാണ് എന്ന് വാദിക്കലും പ്രചരിപ്പിക്കലും തെറ്റും നാം ഇതുവരെ പുലർത്തിപ്പോന്ന ആശയാദർശങ്ങളിൽനിന്നുള്ള വ്യതിയാനവുമാണ്.

പ്രതികരണം: ഇത്തരം പരാമർശങ്ങൾ ഐ.എസ്.എം. നയരേഖയിൽ വന്നിട്ടുണ്ടെങ്കിലും അത് ഐ.എസ്.എം. യോഗം തീരുമാനിച്ചിട്ടില്ലെന്നും സർക്കുലറായി അയച്ചിട്ടില്ലെന്നും ബന്ധപ്പെട്ടവർ വിശദീകരിച്ചു.

തീരുമാനം: ഇവ്വിഷയകമായി നമ്മുടെ പ്രസ്ഥാനം ഇതുവരെ തുടർന്ന്പോന്ന നയം തന്നെയാണ് സ്വീകരിക്കേണ്ടതെന്ന് യോഗം തീരുമാനിച്ചു.

നമ്മുടെ സംഘടനാ ആസ്ഥാനങ്ങളെ പൊതുലക്ഷ്യങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്നതും സർവരെയും യോജിപ്പിക്കുന്നതുമായ പൊതു ആസ്ഥാനമായും സാംസ്കാരിക കേന്ദ്രമായും സമന്വയകേന്ദ്രമായും മാറ്റുക, പള്ളികൾക്കും മദ്‌റസകൾക്കും മറ്റു മതസ്ഥാപനങ്ങൾക്കുമെല്ലാം മുജാഹിദ്, സലഫി എന്നിങ്ങനെയുള്ള പേർ ഒഴിവാക്കി പൊതുവായ പേരാണ് വേണ്ടത് എന്ന് നിർദേശിക്കുക, സെമിനാറുകളും പഠനക്ലാസുകളും ദിശാവ്യതിയാനം സൃഷ്ടിക്കാനാണെന്ന് പ്രസ്താവിക്കുക... ഇതെല്ലാം ആദർശവ്യതിയാനമുണ്ടായത് ബോധപൂർവമാണെന്നതിനുള്ള മതിയായ തെളിവാണ്.

പ്രതികരണം: സംഘടനാ ആസ്ഥാനങ്ങളെ സർവരെയും യോജിപ്പിക്കുന്നതും പൊതുലക്ഷ്യങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്നതുമായ കേന്ദ്രമാക്കണമെന്നത് അതിന്റെ സ്ഥാപക കാലഘട്ടത്തിലെ സാഹചര്യത്തിൽ പ്രകടിപ്പിക്കപ്പെട്ട ഒരാശയം മാത്രമാണെന്നും

എന്നാൽ ഇപ്പോൾ ഐ.എസ്.എമ്മിന്റെ പ്രവർത്തനങ്ങൾക്ക് മാത്രമാണ് അത് ഉപയോഗപ്പെടുത്തുന്നതെന്നും ബന്ധപ്പെട്ടവർ വിശദീകരിച്ചു.

തീരുമാനം: സംഘടനാ ആസ്ഥാനങ്ങൾ കേരള നദ്‌വത്തുൽ മുജാഹിദീന്റെ ആശയാദർശങ്ങൾക്കും നയങ്ങൾക്കും അനുസരിച്ച് മാത്രമെ നടത്താവു എന്ന് യോഗം തീരുമാനിച്ചു. അപ്രകാരം തന്നെ, പള്ളികൾക്കും മറ്റു സ്ഥാപനങ്ങൾക്കും സൗകര്യമുള്ള പേരുകൾ നൽകാവുന്നതാണ്. എന്നാൽ സലഫി, മുജാഹിദ് എന്നീ പേരുകൾ നൽകിക്കൂടാ എന്ന നിലപാട് സ്വീകരിക്കാൻ പാടുള്ളതല്ല.

പണ്ഡിതരെയും നേതാക്കളെയും ജരാനര ബാധിച്ചവരെന്നും മസ്തിഷ്കം വറ്റിവരണ്ടവരെന്നും ലോകത്തെ പിറകോട്ട് പിടിച്ചുവലിക്കുന്ന ഉറക്കംതൂങ്ങികളെന്നും വിശേഷിപ്പിക്കുന്ന രചനകൾ, ഇസ്‌ലാമികമായ യാതൊരു ഉള്ളടക്കവുമില്ലാത്ത സൃഷ്ടികൾ, അശ്ലീലങ്ങളും ആഭാസങ്ങളും നിറഞ്ഞ കഥകൾ ഇവയൊക്കെ നമ്മുടെ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചത് ദഅ്‌വത്തിന് ഉപയുക്തമല്ലെന്ന് മാത്രമല്ല, നമ്മുടെ പ്രബോധന പ്രവർത്തനങ്ങളെ ഏറെ ദുഷിപ്പിക്കുന്നതും നാളിതുവരെ നാം പിന്തുടർന്ന് പോന്ന നയനിലപാടുകളിൽ നിന്നുള്ള വ്യതിയാനവുമാണ്.

തീരുമാനം: ഇത്തരം രചനകളിൽ യോഗം ശക്തമായ അസന്തുഷ്ടി പ്രകടിപ്പിക്കുകയും മേലിൽ ഇത് ആവർത്തിക്കരുതെന്ന് നിർദേശിക്കുകയും ചെയ്തു.

ഇടക്കാലത്ത് നമ്മുടെ സംഘടനയിൽ രൂപം കൊണ്ട വളണ്ടിയർകോർ എന്ന രഹസ്യ വിംഗ് ആദർശതലത്തിലും സംഘടനാ തലത്തിലും നാളിതുവരെ നാം പുലർത്തിപ്പോന്ന സുതാര്യതക്കും നയനിലപാടുകൾക്കും കടകവിരുദ്ധമാണ്.

തീരുമാനം: ഈ കാര്യം യോഗം അംഗീകരിക്കുകയും ഇത്തരം രഹസ്യ സംഘടനകൾ എല്ലാം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു.

ലോകാടിസ്ഥാനത്തിൽ സലഫികളിൽ ആദർശവ്യതിയാനം സൃഷ്ടിക്കുന്നതിനു വേണ്ടി ഇഖ്‌വാനികൾ രൂപംകൊടുത്ത സുറൂറിസത്തിന് കേരളത്തിലെ ഇസ്‌ലാഹീ പ്രസ്ഥാനത്തിലും ആദർശവ്യതിയാനം ഉണ്ടാക്കുന്നതിൽ പങ്കുണ്ടെന്നാണ് പ്രശ്നങ്ങളുടെ സ്വഭാവം പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്.

തീരുമാനം: ഇക്കാര്യം യോഗം വിലയിരുത്തുകയും വിഷയം പഠനവിധേയമാക്കേണ്ടതാണെന്ന് തീരുമാനിക്കുകയും ചെയ്തു.

ഇവിടെ ആദർശവ്യതിയാനമായി കണ്ടത് തെളിവ് അംഗീകരിക്കുകയും എന്നാൽ വസ്തുത നിഷേധിക്കുകയും ചെയ്യുന്നതിനെയാണ്. പ്രബന്ധങ്ങളിൽ ഉന്നയിക്കപ്പെട്ടിരിക്കുന്ന ചില വിഷയങ്ങളിലുള്ള വ്യത്യസ്തമായ അഭിപ്രായങ്ങൾ വ്യതിയാനമായി പരിഗണിക്കപ്പെടേണ്ടവയല്ല. അവ അബദ്ധങ്ങളോ ഗവേഷണാത്മകമായ വീക്ഷണവ്യത്യാസങ്ങളോ അറിവുകേടോ തിരുത്തപ്പെട്ടുപോയ അഭിപ്രായങ്ങളോ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുക്കപ്പെട്ടവയോ ആണ്. എന്നാൽ, അല്ലാഹുവിന്റെ സൃഷ്ടിയായ ക്വുർആൻ, അകാരണമായി നോമ്പ് ഉപേക്ഷിക്കുന്നവൻ കാഫിറാണ് എന്നീ പരാമർശങ്ങൽ അബദ്ധങ്ങളാണ്. ന്യായീകരിക്കുകയാണെങ്കിൽ വ്യതിയാനമായി കണക്കാക്കേണ്ടി വരും.

രണ്ടു പ്രബന്ധങ്ങളിലും ഉന്നയിക്കപ്പെട്ട സംഘടനാപരമായ കാര്യങ്ങൾ ജംഇയ്യത്തുൽ ഉലമ കൈകാര്യം ചെയ്യേണ്ട വൈജ്ഞാനിക മേഖലയിൽ പെട്ടതല്ല. അത്തരം കാര്യങ്ങൾ കെ. എൻ. എം. കൈകാര്യം ചെയ്യേണ്ടതാണ്.

തീരുമാനം: അല്ലാഹുവിന്റെ സൃഷ്ടിയായ ക്വുർആൻ, അകാരണമായി നോമ്പ് ഉപേക്ഷിക്കുന്നവൻ കാഫിറാണ് എന്നിങ്ങനെ നമ്മുടെ പ്രസിദ്ധീകരണങ്ങളിൽ വന്ന പരാമർശങ്ങൾ തെറ്റാണ്; അവ തിരുത്തേണ്ടതാണ്.

1. ടി.പി. അബ്ദുല്ലക്കോയ മദനി 2. പി.കെ. അലി അബ്ദുർറസാഖ് മദനി 3. കെ.കെ. മുഹമ്മദ് സുല്ലമി 4. പി.പി. അബ്ദുൽ ഗഫൂർ മൗലവി 5. എ. അബ്ദുൽ ഹമീദ് മദീനി 6. ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി 7. പി.പി. ഹസൻ മൗലവി 8. പി.കെ. മുഹമ്മദ് മദനി 9. എൻ.കെ. അഹ്മദ് മൗലവി 10. പി.കെ. ഹുസൈൻ മടവൂർ 11. പി. മുഹമ്മദ് കുട്ടശ്ശേരി 12. എ.പി. അബ്ദുൽ ഖാദിർ മൗലവി 13. സി.പി. ഉമർ സുല്ലമി 14. കെ. അബൂബക്കർ മൗലവി 15. എം. മുഹമ്മദ് മദനി 16. സി. കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ 17. കെ. മോയിൻ കുട്ടി മദനി 18. പി.കെ. അഹ്മദ് അലി മദനി 19. കെ. കുഞ്ഞീതു മദനി 20. എം. അബ്ദുർറഹ്മാൻ സലഫി 21. കെ.എൻ. ഇബ്റാഹീം മൗലവി എന്നിവർ ഇതിൽ ഒപ്പുവെച്ചു.

ചർച്ചകളിൽ പി.പി. ഉണ്ണീൻ കുട്ടി മൗലവി, എ. അബ്ദുസ്സലാം സുല്ലമി, എ. അബൂബക്കർ മൗലവി അമ്മാങ്കോത്ത്, അബ്ദുൽ ഹഖ് സുല്ലമി ആമയൂർ, സി. സലീം സുല്ലമി, എം.ഐ. മുഹമ്മദലി സുല്ലമി, എം.സുബൈർ മങ്കട, അബ്ദുൽ ഹസീബ് മദനി, കെ.കെ. സക്കരിയ്യ സ്വലാഹി, പി.ടി. വീരാൻ കുട്ടി സുല്ലമി, ഹനീഫ് കായക്കൊടി, കെ.എൻ. സുലൈമാൻ മദനി, എ. അസ്ഗറലി എന്നിവരും പങ്കെടുത്തു.

എന്നാൽ ഭിന്നതയുണ്ടാക്കാൻ ശ്രമിച്ചവർ പിന്നീട് വഴിപിരിഞ്ഞു. തീരുമാനിച്ച് എഴുതി ഒപ്പിട്ടതിനു വിരുദ്ധമായി 'നീലപുസ്തകം' എന്ന പേരിൽ പിന്നീട് അറിയപ്പെട്ട നാഥനില്ലാത്ത പുസ്തകം പുറത്തിറക്കി. കെ.ജെ.യു. വിന്റെ തീരുമാനങ്ങളെ വിമർശിച്ചുകൊണ്ടും ഖണ്ഡിച്ചുകൊണ്ടും പുറത്തിറങ്ങിയ പ്രസ്തുത പുസ്തകം ഗ്രന്ഥകാരന്റെ പേരും പ്രസാധകരുടെ ശരിയായ അഡ്രസ്സുമില്ലാതെ വ്യാജ പേരിലാണ് ഇറങ്ങിയത്. അവർ പിന്നീട് പുതിയ സംഘടന രൂപീകരിച്ചു. അവർ അവരുടെ സംഘടനയും പ്രവർത്തനങ്ങളും ഏർപ്പാടുകളുമായി വേറിട്ടുപോയി. അവർക്ക് നേതൃത്വം കൊടുത്തത് ഹുസൈൻ മടവൂരായതുകൊണ്ടായിരിക്കണം, അവർ മടവൂർ വിഭാഗം മുജാഹിദുകൾ എന്നും മടവൂരികൾ എന്നും പിൽക്കാലത്ത് അറിയപ്പെട്ടു. ●

ലേഖനം



സജ്ജാദ്ബിൻ അബ്ദുറസാഖ്
mail@nerpatham.com

# പ്രബോധനം ബാധ്യതയും നിർവഹണവും

'ദഅ്വത്ത്' എന്ന പദത്തിന്റെ ഭാഷാർഥം 'ഭക്ഷണത്തിലേക്കോ മറ്റോ ആളുകളെ ക്ഷണിക്കുക, വിളിക്കുക' എന്നൊക്കെയാണ്. എന്നാൽ അതിന്റെ സാങ്കേതികാർഥം 'അല്ലാഹു തൃപ്തിപ്പെട്ട മതത്തിലേക്ക് ആളുകളെ ക്ഷണിക്കുക, വിളിക്കുക' എന്നതാണ്.

നാഥൻ നൽകിയ അനുഗ്രഹങ്ങളിൽ വെച്ച് ഏറ്റവും വലിയ അനുഗ്രഹമായ 'ഹിദായത്ത്' നുകരാൻ ഭാഗ്യം ലഭിച്ചവരാണ് നമ്മളെങ്കിൽ മറ്റുള്ളവർക്ക് കൂടി ഈ ഹിദായത്തിന്റെ വെളിച്ചം ലഭിക്കാൻ അവരിലേക്കും ഇസ്‌ലാമിന്റെ സന്ദേശം എത്തിച്ചുകൊടുക്കുക എന്നത് വിശ്വാസികളുടെ ബാധ്യതയാണ്. അല്ലാഹു പറയുന്നു:

"ഹേ റസൂലേ, നിന്റെ രക്ഷിതാവിങ്കൽ നിന്ന് അവതരിക്കപ്പെട്ടത് നീ (ജനങ്ങൾക്ക്) എത്തിച്ച് കൊടുക്കുക. അങ്ങനെ ചെയ്യാത്ത പക്ഷം നീ അവന്റെ ദൗത്യം നിറവേറ്റിയിട്ടില്ല. ജനങ്ങളിൽ നിന്ന് അല്ലാഹു നിന്നെ രക്ഷിക്കുന്നതാണ്..." (5/67).

മഹത്തായ പ്രതിഫലം വാഗ്ദാനം ചെയ്യപ്പെട്ട ഒരു കർമമാണ് യഥാർഥത്തിൽ ഇസ്‌ലാമിക പ്രബോധനം. സഹ്‌ലുബ്നു സഅ്ദ് ﷺ വിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട ഒരു ഹദീഥിൽ കാണാം: "നബി ﷺ പറഞ്ഞു: 'അല്ലാഹു തന്നെയാണ് സത്യം! നീ വഴി ഒരാളെ അല്ലാഹു ഹിദായത്തിലാക്കുക എന്നത് ചുവന്ന ഒട്ടകങ്ങൾ കിട്ടുന്നതിനെക്കാൾ നിനക്കുത്തമമാണ്" (ബുഖാരി, മുസ്‌ലിം).

അബൂമസ്ഊദുൽ അൻസ്വാരി ﷺ വിൽ നിന്ന്: "നബി ﷺ പറഞ്ഞു: 'ആരെങ്കിലും ഒരു നന്മ മറ്റാർക്കെങ്കിലും അറിയിച്ച് കൊടുത്താൽ അതനുസരിച്ച് പ്രവർത്തിക്കുന്നവന്റെതിനു സമാനമായ പ്രതിഫലം ആ നന്മ അറിയിച്ച ആൾക്കുമുണ്ട്" (മുസ്‌ലിം).

അല്ലാഹുവിലേക്ക് ക്ഷണിക്കുക എന്ന ഇസ്‌ലാമിക പ്രബോധന പ്രവർത്തനത്തെക്കാൾ ഉത്തമമായ ഒരു കാര്യം വേറെയുണ്ടോ എന്ന അല്ലാഹുവിന്റെ ചോദ്യം ദഅ്വഃ രംഗത്ത് സജീവമായ സാന്നിധ്യം രേഖപ്പെടുത്താൻ ഒരു സത്യവിശ്വാസിയെ കൂടുതൽ പ്രേരിപ്പിക്കുന്നു എന്ന കാര്യത്തിൽ സംശയമില്ല. അല്ലാഹു പറയുന്നു:

“അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു എന്ന് പറയുകയും ചെയ്തവനെക്കാൾ ഉത്തമമായ വാക്ക് പറയുന്നവൻ ആരുണ്ട്?” (41/33).

മസ്ജിദുൽ ഹറമിലും മസ്ജിദുന്നബവിയിലും മസ്ജിദുൽ അക്‌സയിലും നമസ്‌കരിച്ചാൽ വലിയ പ്രതിഫലമുണ്ടെന്നറിഞ്ഞിട്ടും വിടവാങ്ങൽ പ്രസംഗത്തിൽ നബിﷺ ‘ഇവിടെ ഹാജറുള്ളവർ ഹാജറില്ലാത്തവർക്ക് ഈ സന്ദേശം എത്തിച്ചുകൊടുക്കട്ടെ’ എന്ന് പ്രഖ്യാപിച്ചതിനാൽ സ്വന്തം നാടും വീടും വിട്ട് മസ്ജിദുൽ ഹറമിനോടും മസ്ജിദുന്നബവിയോടും മസ്ജിദുൽ അക്‌സയോടും വിടചൊല്ലി തങ്ങളുടെ കുതിരകളും ഒട്ടകങ്ങളും കഴുതകളും എവിടേക്കാണോ തിരിഞ്ഞ് നിൽക്കുന്നത് അവിടേക്ക് ഇസ്‌ലാമിക പ്രബോധനത്തിനായി അവർ പോയത് എന്തിനാണ്? ദഅ്‌വത്തിന്റെ ബാധ്യതയും ഉത്തരവാദിത്തവും അതിന്റെ പ്രതിഫലവും കൃത്യമായി ഉൾക്കൊള്ളാൻ കഴിഞ്ഞതുകൊണ്ട് തന്നെയാണ് അത് എന്ന് ചരിത്രം നമ്മോട് വിളിച്ചുപറയുന്നു.

**ദഅ്‌വത്തിന്റെ രീതി ശാസ്ത്രം**

ദഅ്‌വത്ത് ഒരു നിർബന്ധ ബാധ്യതയാണ് എന്നും പ്രസ്തുത കർമത്തിന് മഹത്തായ പ്രതിഫലമുണ്ട് എന്നും പഠിപ്പിച്ച ഇസ്‌ലാം പ്രബോധനം ചെയ്യേണ്ടതിന്റെ രീതിശാസ്ത്രവും പഠിപ്പിച്ച് തന്നിട്ടുണ്ട്.

അല്ലാഹു പറയുന്നു: “യുക്തി ദീക്ഷയോട് കൂടിയും സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക” (16/125).

ഇവിടെ ‘യുക്തിദീക്ഷ’ എന്നത് കൊണ്ട് ഉദ്ദേശിച്ചത് ‘ഹിക്മത്ത്’ ആണ്. എന്താണ് ‘ഹിക്മത്ത്’? ശൈഖ് ഇബ്നുബാസ് ؓ പറഞ്ഞു: ‘സത്യത്തെ വെളിപ്പെടുത്തുകയും അസത്യത്തെ തകർത്ത് കളയുകയും ചെയ്യുന്ന സുവ്യക്തമായ തെളിവാണ്’ ഇവിടെ ഹിക്മത്ത് എന്നത് കൊണ്ട് വിവക്ഷിക്കുന്നത്.

തെളിവുകൾ മുന്നിൽ വെച്ച് കൊണ്ടുള്ള പ്രമാണബദ്ധമായ പ്രബോധനത്തിന്റെ രീതിശാസ്ത്രത്തെയാണ് ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നത് എന്നർഥം.

പ്രബോധിത സമൂഹത്തിന്റെ പൾസ് അറിയാത്ത ദഅ്‌വത്ത് നിരർഥകമായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. പ്രബോധിത സമൂഹം അജ്ഞരായതിനാൽ ഒരു ഉപ്പ മകനെ ഉപദേശിക്കുന്ന രൂപത്തിൽ ക്വുർആനും സുന്നത്തും ഉപയോഗിച്ച് പ്രസ്തുത സമൂഹത്തോട് സദുപദേശം എന്ന രീതിയാണ് സ്വീകരിക്കേണ്ടത് എന്നും അല്ലാഹു പഠിപ്പിച്ച് തന്നു. വ്യക്തി ബാധ്യത എന്നതിലുപരി ഒരു സമൂഹത്തിന്റെ ബാധ്യതകൂടിയാണ് ദഅ്‌വാ നിർവഹണം. അല്ലാഹു പറയുന്നു: “നന്മയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്ന ‘ഒരു സമുദായം’ നിങ്ങളിൽ നിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ” (3/104).

ശൈഖ് ഇബ്നുബാസ്(റഹി) പറയുന്നു: “ഓരോരുത്തരും അവരവർക്ക് നൽകപ്പെട്ട കഴിവുകൾ ഉപയോഗിച്ച് കൊണ്ട് ദഅ്‌വത്ത് നിർവഹിക്കൽ അനിവാര്യമാണ്. ഒരു നാട്ടിലേക്ക് മൊത്തത്തിൽ നോക്കുകയാണെങ്കിൽ ദഅ്‌വാ പ്രവർത്തനങ്ങൾക്ക് വേണ്ടി അവിടെ ഒരു ‘കൂട്ടായ്മ’ ഉണ്ടാവുകയാണ് വേണ്ടത്. ചില സന്ദർഭങ്ങളിൽ ദഅ്‌വത്ത് ഒരു ഒഴിച്ചുകൂടാനാവാത്ത വ്യക്തി ബാധ്യതയായിത്തീരും. ഉദാഹരണത്തിന് ഒരു പ്രദേശത്ത് നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നതിലൂടെ ആ ബാധ്യത നിർവഹിക്കാൻ നീയല്ലാതെ മറ്റാരുമില്ലെങ്കിൽ നിനക്കത് നിർബന്ധ ബാധ്യതയാണ്.”

കാരാഗൃഹത്തിൽ അടക്കപ്പെട്ട സമയത്ത് പോലും കിട്ടിയ അവസരത്തെ മുതൽകൂട്ടായി സ്വീകരിച്ച് സ്വപ്നവ്യാഖ്യാനം ചോദിക്കാൻ വന്ന സഹോദരങ്ങളോട് അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ചും ജീവിതലക്ഷ്യത്തെക്കുറിച്ചും പറഞ്ഞ് കൊടുത്ത മഹാനായ യൂസുഫ് നബി ﷺ ഏത് അവസരങ്ങളെയും ദഅ്‌വാ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ മാതൃകയാണെന്ന് പറയാം.

**പ്രബോധനം: ലക്ഷ്യങ്ങൾ**

ഇസ്‌ലാമിക പ്രബോധനം കൊണ്ട് ഒരു പ്രബോധകൻ ലക്ഷ്യംവെക്കേണ്ട ഒന്നാമത്തെ കാര്യം പരലോക മോക്ഷമാണ്. അല്ലാഹു പറയുന്നു: “ഐഹിക ജീവിതത്തെയും അതിന്റെ അലങ്കാരത്തെയുമാണ് ആരെങ്കിലും ഉദ്ദേശിക്കുന്നതെങ്കിൽ അവരുടെ പ്രവർത്തനങ്ങൾ അവിടെ (ഇഹലോകത്ത്) വെച്ച് അവർക്ക് നിറവേറ്റി കൊടുക്കുന്നതാണ്. അവർക്കവിടെ യാതൊരു കുറവും വരുത്തപ്പെടുകയില്ല. പരലോകത്ത് നരകമല്ലാതെ മറ്റൊന്നും കിട്ടാനില്ലാത്തവരാകുന്നു അക്കൂട്ടർ. അവർ ഇവിടെ പ്രവർത്തിച്ചതെല്ലാം പൊളിഞ്ഞ് പോയിരിക്കുന്നു. അവർ ചെയ്ത് കൊണ്ടിരിക്കുന്നതെല്ലാം ഫലശൂന്യമത്രെ” (11/15,16).

രണ്ടാമത്തെ കാര്യം, ജനങ്ങളെ വെളിച്ചത്തിലേക്ക് നയിക്കുക എന്നതാണ്. അല്ലാഹു പറയുന്നു: “അഥവാ അല്ലാഹുവിന്റെ വ്യക്തമായ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് ഓതിക്കേൾപിച്ച് തരുന്ന ഒരു ദൂതനെനിങ്ങളുടെ അടുത്തേക്കിറക്കിത്തന്നിരിക്കുന്നു. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് ആനയിക്കുവാൻ വേണ്ടി...” (65/11).

ഇതിൽ നിന്ന് മാറി ഇഹലോകത്തെ ജനപിന്തുണയും ‘കയ്യടിയും’ പത്രമാധ്യമങ്ങളിൽ ഫോട്ടോ വരലുമാണ് ലക്ഷ്യമെങ്കിൽ പരലോകത്ത് സ്വർഗപ്രവേശനം സാധ്യമാവുന്ന സത്യവിശ്വാസികൾക്ക് ലഭിക്കപ്പെടുന്ന മംഗളാഭിവാദ്യങ്ങൾ നമുക്ക് ലഭിക്കാതെ പോവും എന്ന കാര്യം സഗൗരവം ഓർക്കണം.

ഇസ്‌ലാമിന്റെ സന്ദേശം ആർജവത്തോടെ സമൂഹത്തിന് പകർന്ന് കൊടുക്കാൻ കഴിയുന്ന, ഇസ്‌ലാമിനെതിരെ വരുന്ന വിമർശനങ്ങൾക്കും നിരൂപണങ്ങൾക്കും നാവുകൊണ്ടും പേനകൊണ്ടും വസ്തുനിഷ്ഠമായും പ്രമാണബദ്ധമായും ഉത്തരം പറയാൻ കഴിയുന്ന പ്രബോധകന്മാർ ഉയർന്നുവരേണ്ടതുണ്ട്. ●

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ലേഖനം



# പ്രവാചകന്മാർ മനുഷ്യരാണ്

**സൃഷ്ടികളിൽ ഏറ്റവും ഉൽകൃഷ്ടരാണ് പ്രവാചകന്മാർ. എന്നാൽ പ്രവാചകന്മാരും മനുഷ്യന്മാർ തന്നെയാണ്. അതിര് കടന്ന അപദാനങ്ങൾ ചമച്ച് പൗരോഹിത്യം പലപ്പോഴും പ്രവാചകന്മാരെ അപനിർമിച്ചിട്ടുണ്ട്. അത്തരം അബദ്ധങ്ങളെ തുറന്ന് കാട്ടുന്ന രചന.**

നബിﷺയെ മഹത്വപ്പെടുത്തുന്നതിന്റെ പേരിൽ അദ്ദേഹത്തെ മനുഷ്യപ്രകൃതിയിൽ നിന്ന് ഉയർത്തി, പ്രകാശത്തിൽ നിന്നാണ് അദ്ദേഹം സൃഷ്ടിക്കപ്പെട്ടതെന്നും അദ്ദേഹത്തിന് നിഴലില്ലായിരുന്നു എന്നും പ്രചരിപ്പിക്കുന്ന ചിലർ നമ്മുടെ നാട്ടിലുണ്ട്. അവർ ബഹുമാനപൂർവം കൊണ്ടുനടക്കുന്ന മൗലിദ് കിതാബിൽ ഇപ്രകാരം കാണാം:

"നബിﷺയുടെ നിഴൽ ഭൂമിയിൽ പതിച്ചിരുന്നില്ല. കാരണം അവിടുന്ന് പ്രത്യക്ഷവും പരോക്ഷവുമായി പ്രകാശമായിരുന്നു"(ജഅല മുഹമ്മദ് മൗലിദ്).

മൗലിദ് കിതാബിലെ ഒരു ഈരടി കാണുക: "നബിയേ, തീർച്ചയായും നിങ്ങൾ താമസിക്കുന്ന വീട്ടിൽ വിളക്കുകളുടെ ആവശ്യമില്ല."

എന്നാൽ നബിﷺയുടെ വീട്ടിൽ വിളക്ക് കത്തിക്കാറുണ്ടായിരുന്നു. വിളക്ക് കത്തിക്കാറില്ലായിരുന്നെന്ന് പറയുന്ന ഒരു സ്വീകാര്യമായ ഹദീഥും നമുക്ക് കാണാൻ കഴിയില്ല. ഇതിന് തെളിവായി ഇവർ മൗലിദ് കിതാബുകളിൽ കൊടുക്കുന്നത് ഈ റിപ്പോർട്ടാണ്:

ആഇശؓ നേരം പുലരുന്നതിന് മുമ്പുള്ള സമയത്ത് (നമ്മൾ അത്താഴം കഴിക്കുന്ന സമയം) വസ്ത്രം തുന്നുകയായിരുന്നു. അങ്ങനെ സൂചി കാണാ

താവുകയും വിളക്ക് അണയുകയും ചെയ്തു. ആ സമയം നബിﷺ അങ്ങോട്ട് പ്രവേശിക്കുകയും വീട്ടിൽ പ്രകാശമുണ്ടാവുകയും ചെയ്തു. നബിയുടെ പ്രകാശം കൊണ്ട് ആഇശ്ؓ സൂചി കാണുകയും ചെയ്തു. അപ്പോൾ അവർ ചിരിച്ചു. പിന്നീട് നബിﷺ പറഞ്ഞു: 'ക്വിയാമത്ത് നാളിൽ എന്നെ കാണാത്തവനു നാശം.' ആഇശؓ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ആരാണ് അങ്ങയെ കാണാത്തവൻ?' നബിﷺ പറഞ്ഞു: 'പിശുക്കൻ!' ആഇശؓ ചോദിച്ചു: 'ആരാണ് പിശുക്കൻ?' നബിﷺ പറഞ്ഞു: 'എന്റെ പേര് കേട്ടാൽ എന്റെ മേൽ സ്വലാത്ത് ചൊല്ലാത്തവനാണ് (പിശുക്കൻ).'

ഹസ്സാൻؓ പറയുന്നതായി ഇങ്ങനെയും പ്രചരിപ്പിക്കുന്നു: "ഞാൻ നബിﷺയുടെ പ്രകാശത്തിലേക്ക് നോക്കിയപ്പോൾ എന്റെ കാഴ്ച നഷ്ടപ്പെടുമോയെന്ന് പേടിച്ച് ഇരു കണ്ണുകളിലും ഞാനെന്റെ കൈ വെച്ചു."

നബിﷺക്ക് നിഴലില്ലെന്ന് പറയാനുള്ള മറ്റൊരു കാരണമായി ഇവർ പറയുന്നത് 'അവിശ്വാസികൾ നബിയുടെ നിഴലിൽ ചവിട്ടാതിരിക്കാനാണ്; അത് നബിﷺക്ക് നിന്ദ്യത വരുത്തുന്നതാണ്' എന്നാണ്!

നബിﷺയുടെ മുഖത്തിന്റെ പ്രസന്നതയും അവിടുത്തെ സൗന്ദര്യവും അതുല്യമാണെന്നതിൽ സംശയമില്ല. അതിനർഥം അവിടുത്തെ പ്രകൃതം തന്നെ പ്രകാശമാണ് എന്നല്ല. അതിന് പ്രമാണങ്ങളുടെ പിന്തുണയില്ലാത്തതാണ്. ഈ റിപ്പോർട്ടുകളൊന്നും തന്നെ സ്വീകാര്യവുമല്ല. എന്നാൽ സ്വീകാര്യമായ പരമ്പരയിൽ വന്നിട്ടുള്ളത് നബിﷺക്ക് നിഴലുണ്ട് എന്നാണ്. ഇനി അവിടുത്തെ നിഴലിൽ അവിശ്വാസികൾ ചവിട്ടുമെന്നതാണ് പ്രശ്നമെങ്കിൽ, നബിﷺയെ ശത്രുക്കൾ എന്തെല്ലാം ചെയ്തു?! ഒട്ടകത്തിന്റെ കുടൽമാലകൾ ചാർത്തി, ഉഹ്ദിൽ പരിക്ക് പറ്റി, പല്ല് പൊട്ടി... ഇതെല്ലാം ഇതിനെക്കാളും ഗുരുതരമല്ലേ?

നബിﷺക്ക് നിഴലില്ലായിരുന്നു എന്ന് വാദിക്കുന്ന വിഭാഗങ്ങൾക്കിടയിൽ നിന്ന് തന്നെ ഇപ്പോൾ വിപരീത ശബ്ദങ്ങളും കേട്ടു തുടങ്ങിയിരിക്കുന്നു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ചില ഘട്ടങ്ങളിൽ നിഴലുണ്ടായിരുന്നു എന്നതാണ് ഇപ്പോഴത്തെ നിലപാട് മാറ്റം. ഈ നിലപാട് മാറ്റത്തെ കുഫ്റിലേക്കുള്ള ചുവടുവെപ്പായി പോലും അവരിൽ വേറൊരു വിഭാഗം വിശേഷിപ്പിക്കുന്നുണ്ട്. പ്രമാണപിന്തുണയില്ലാത്ത ഈ 'നിഴലില്ലാ വാദം' വിവാദമായി ഇപ്പോഴും കത്തിപ്പടരുകയാണെന്ന് ചുരുക്കം.

നബിﷺക്ക് എക്കിളും കോട്ടുവായും ഇല്ലായിരുന്നു, അവിടുത്തെ വിസർജ്യം അശുദ്ധമല്ലായിരുന്നു, അതിന് പോരിശയുണ്ട് എന്നും ഇവർ വിശ്വസിക്കുന്നു. സറന്ദീബ് മൗലിദിൽ പറയുന്നു: 'ഒരു സ്വഹാബി നബിﷺയുടെ വിസർജ്യം അന്വേഷിച്ച് കുറെ കാലം നടന്നതിന് ശേഷം ലഭിക്കുകയും അത് കഴിക്കുകയും ചെയ്തു. നബിﷺയുടെ അടുക്കൽ വാർത്തയെത്തി. അപ്പോൾ പ്രവാചകൻﷺ ഇപ്രകാരം പറഞ്ഞു: ആരുടെയങ്കിലും വയറ് എന്റെ വയറുമായി കൂടിക്കലർന്നാൽ അല്ലാഹു അവനെ നരകത്തിന് നിഷിദ്ധമാക്കിയിരിക്കുന്നു.'

ഒരു അടിസ്ഥാനവുമില്ലാത്ത കള്ളക്കഥയാണിത്.



ഇത്തരം വ്യാജ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിശ്വാസ രൂപീകരണം പാടില്ല. വ്യക്തമായ പ്രമാണങ്ങളിൽ വന്ന കാര്യം നിഷേധിക്കുവാനും പാടില്ല. നബിﷺയെ മഹത്ത്വപ്പെടുത്താനായി രചിച്ച വരികളിലൂടെ അദ്ദേഹത്തെ നിന്ദിക്കുന്നത് കാണുക:

> നബിക്കുള്ള കാഷ്ഠം താഹിറാണേ മൂത്രവും
> അതുപോലെ തന്നെന്നാ ഹബീബീ രക്തവും
> നബിക്കുള്ള കാഷ്ഠം ഭൂമിയും വിഴുങ്ങുന്നതാ
> അതിൽ നിന്ന് രീഹുൻ തയ്യിബത്തടിക്കുന്നതാ

ഇതെല്ലാം പ്രമാണവിരുദ്ധമാണ്. നബിﷺ മലമൂത്ര വിസർജനത്തിന് വേണ്ടി പോകുമ്പോൾ അനസ്ؓ ശുദ്ധിയാക്കാനായി വെള്ളവുമായി പോകാറുണ്ടായിരുന്നു. ഇത് ഹദീഥിൽ സ്ഥിരപ്പെട്ടതാണല്ലോ. അഥവാ നബിﷺയും സ്വഹാബത്തും മനസ്സിലാക്കിയത് അവിടുത്തെ വിസർജ്യം അശുദ്ധമാണെന്നാണ്. അതുകൊണ്ടല്ലേ നബിﷺ മലമൂത്ര വിസർജനത്തിന് ശേഷം ശുദ്ധിയാക്കിയത്. ഇതെല്ലാം നബിയെക്കുറിച്ചുള്ള അമിത പ്രശംസയാണ്. നബിﷺയെ അമിതമായി പ്രശംസിക്കുന്നതിനെ അവിടുന്ന് തന്നെ വിരോധിച്ചിട്ടുണ്ട്. പ്രവാചകൻﷺ പറഞ്ഞു:

'ഇബ്നു മർയമിനെ നസ്വാറാക്കൾ അമിതമായി പുകഴ്ത്തിയതുപോലെ നിങ്ങൾ എന്നെ അമിതമായി പുകഴ്ത്തരുത്. നിശ്ചയമായും ഞാൻ അവന്റെ (അല്ലാഹുവിന്റെ) അടിമയാകുന്നു. അതിനാൽ അല്ലാഹുവിന്റെ അടിമയെന്നും അവന്റെ ദൂതനെന്നും നിങ്ങൾ പറയുക" (ബുഖാരി).

ചിലർ ഈ ഹദീഥിനെ ദുർവ്യാഖ്യാനിച്ച് നബിയെക്കുറിച്ചുള്ള അമിതമായ പുകഴ്ത്തലിനെ ന്യായീകരിച്ച് പറയുന്നത്, ക്രിസ്ത്യാനികൾ ഈസാعليه السلامനെ ദൈവമെന്നും ദൈവപുത്രനെന്നുമൊക്കെ പറഞ്ഞ് അമിതപ്രശംസ നടത്തിയത് പോലെ നബിﷺയെക്കുറിച്ചും ദൈവപുത്രനെന്നോ ദൈവമെന്നോ ഒക്കെ പ്രശംസിച്ച് പറയരുതെന്ന് മാത്രമാണ് ഉദ്ദേശം എന്നാണ്. എന്നാൽ അതല്ല വസ്തുത.

**നബിﷺക്ക് നിഴലില്ലായിരുന്നു എന്ന് വാദിക്കുന്ന വിഭാഗങ്ങൾക്കിടയിൽ നിന്ന് തന്നെ ഇപ്പോൾ വിപരീത ശബ്ദങ്ങളും കേട്ടു തുടങ്ങിയിരിക്കുന്നു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ചില ഘട്ടങ്ങളിൽ നിഴലുണ്ടായിരുന്നു എന്നതാണ് ഇപ്പോഴത്തെ നിലപാട് മാറ്റം. ഈ നിലപാട് മാറ്റത്തെ ക്വുഫ്റിലേക്കുള്ള ചുവടുവെപ്പായി പോലും അവരിൽ വേറൊരു വിഭാഗം വിശേഷിപ്പിക്കുന്നുണ്ട്. പ്രമാണപിന്തുണയില്ലാത്ത ഈ 'നിഴലില്ലാ വാദം' വിവാദമായി ഇപ്പോഴും കത്തിപ്പടരുകയാണെന്ന് ചുരുക്കം.**

അല്ലാഹുവും റസൂലും പഠിപ്പിക്കാത്ത ഒരു പ്രത്യേകതയും നബിﷺക്ക് നൽകിക്കൂടാ. അതിന് പ്രവാചകൻ നമുക്ക് അനുവാദവും തന്നിട്ടില്ല; വിരോധിക്കുകയാണ് ചെയ്തത്. സ്വഹീഹുൽ ബുഖാരിയിൽ ഇങ്ങനെ കാണാം: "ഒരിക്കൽ ഒരു കല്യാണസദസ്സിലേക്ക് ചെല്ലുമ്പോൾ നബിﷺയെ കണ്ട കുട്ടികൾ അവിടുത്തെ കുറിച്ച് ഇങ്ങനെ പറഞ്ഞു: 'നാളത്തെ കാര്യങ്ങളറിയുന്ന ഒരു പ്രവാചകൻ ഞങ്ങളിലുണ്ട്.' ഇത് കേട്ടയുടനെ നബിﷺ അത് നിറുത്താൻ വേണ്ടി പറഞ്ഞു..."

ഇവിടെ നബിﷺ ഉൾപെടെ ഒരു സൃഷ്ടിക്കും നൽകാൻ പാടില്ലാത്ത ഒരു വിശേഷണം നബിﷺക്ക് കുട്ടികൾ നൽകി. ഉടനെ നബിﷺ അത് വിരോധിക്കുകയും ചെയ്തു. എന്നാൽ നബിﷺക്ക് യാതൊരു പ്രത്യേകതയുമില്ലേ? നമ്മെ പോലെയുള്ള കേവലം സാധാരണ മനുഷ്യനാണോ അദ്ദേഹം?

നബിﷺക്ക് ധാരാളം പ്രത്യേകതകളുണ്ട്. ഇത് സംബന്ധിച്ച് ശൈഖ് നാസ്വിറുദ്ദീൻ അൽബാനിയുടെ വിവരണത്തിൽ നിന്ന് ചില കാര്യങ്ങൾ മനസ്സിലാക്കാം.

"നബിﷺയുടെ പ്രത്യേകത എന്ന നിലക്ക് ജിബ്‌രീൽؑനെ കാണുക, ജിബ്‌രീൽؑന്റെ സംസാരം കേൾക്കുക എന്നിത്യാദി കാര്യങ്ങൾ നബിﷺയിൽ ഉണ്ടായിരുന്നു. മറ്റുള്ളവർ ജീബ്‌രീൽؑനെ കാണുകയോ ജിബ്‌രീൽؑന്റെ സംസാരം കേൾക്കുകയോ ചെയ്തിട്ടില്ല. ബുഖാരിയിലും അതല്ലാത്തതിലും സ്ഥിരപ്പെട്ടതാണ് ഇക്കാര്യം. നബിﷺ ഒരിക്കൽ ആഇശؓയോട് പറഞ്ഞു: 'ജിബ്‌രീൽ നിനക്ക് സലാം പറഞ്ഞിട്ടുണ്ട്.' അപ്പോൾ അവർ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അദ്ദേഹത്തിനും സലാം.' നമ്മൾ കാണാത്തത് നബിﷺ കാണും. നബിﷺയുടെ ഈ പ്രത്യേകതകൾ സ്വഹീഹായ തെളിവുകൊണ്ട് സ്ഥിരപ്പെട്ടതാണ്. ദുർബലമായ തെളിവുകൊണ്ടോ ക്വിയാസ് കൊണ്ടോ ദേഹേച്ഛകൾ കൊണ്ടോ ഇത് (നബിയുടെ പ്രത്യകതകൾ) സ്ഥിരപ്പെടുകയില്ല. ഈ വിഷയത്തിൽ രണ്ട് വിഭാഗം ആളുകളാണുള്ളത്. ഒരു വിഭാഗം സ്വഹീഹായ പരമ്പരയോടെ സ്ഥിരപ്പെട്ട അവിടുത്തെ ധാരാളം പ്രത്യേകതകളെ അതൊന്നും മുതവാതിറല്ലെന്നു വാദിച്ചുകൊണ്ടും തന്റെ ബുദ്ധിക്ക് യോജിക്കുന്നതല്ലെന്നും പറഞ്ഞു നിഷേധിക്കുന്നവരാണ്. മറുവിഭാഗം, നബിയാണ് ആദ്യ സൃഷ്ടിയെന്നും ഭൂമിയിൽ അദ്ദേഹത്തിന് നിഴലില്ലെന്നും മണലിൽ നടന്നാൽ കാൽപാദത്തിന്റെ അടയാളമുണ്ടാകില്ലെന്നും വല്ല പാറയിലും ചവിട്ടിയാൽ അതവിടെ അടയാളമാക്കപ്പെടുമെന്നുമുള്ള പല നിരർഥകമായ, സ്ഥിരപ്പെടാത്ത പലതും നബിﷺക്ക് സ്ഥാപിക്കുന്നവരാണ്. ഇതിൽ മധ്യമ്മായ വാക്ക് (താഴെ പറയും പ്രകാരം) പറയപ്പെടലാണ്.

ക്വുർആൻ, സുന്നത്ത്, ഇജ്മാഅ് തുടങ്ങിയ തെളിവുകളിലുള്ളത് നബിﷺ ഒരു മനുഷ്യനാണെന്നാണ്. അതിനാൽ ക്വുർആനിലും സുന്നത്തിലും തെളിവില്ലാതെ ഒരു പ്രത്യേകതയും ഒരു വിശേഷണവും അവിടുത്തേക്ക് നൽകപ്പെടൽ അനുവദനീയമല്ല. അത് സ്ഥിരപ്പെട്ടാൽ അംഗീകരിക്കൽ നിർബന്ധമാണ്. അതിന് ഏതെങ്കിലും തത്ത്വശാസ്ത്രം കൊണ്ട് മറുപടി പറയലും അനുവദനീയമല്ല, അത് ശാസ്ത്രം കൊണ്ടായിരുന്നാലും ബുദ്ധികൊണ്ടായിരുന്നാലും ശരി. സങ്കടമുള്ളത്, അവർ അതിൽ (പ്രമാണങ്ങളിൽ) നിന്ന് ഇഷ്ടമുള്ളത് സ്വീകരിക്കുകയും ഇഷ്ടമുള്ളത് ഒഴിവാക്കുകയും ചെയ്യുന്നു എന്നതിലാണ്. ഇവരിൽ ചിലർ അറിവുള്ളവരാണെന്നതിലേക്ക് ചേർത്തപ്പെടുന്നവരാണ് (എന്നതും സങ്കടമുള്ളതാകുന്നു). അവരിൽ ചിലർ ശറഇയ്യായ വലിയ ഡിഗ്രി നേടിയവരുമാകുന്നു! തീർച്ചയായും നാം അല്ലാഹുവിനുള്ളവരാകുന്നു. തീർച്ചയായും അവനിലേക്കാകുന്നു നമ്മുടെ മടക്കവും (ഇതൊരു വലിയ മുസ്വീബത്ത് ആണെന്നാണ് സൂചിപ്പിക്കുന്നത്). ഈ അതിരുകവിഞ്ഞിട്ടുള്ള നിരർഥക(വിശ്വാസക്കാ)രായ രണ്ട് കക്ഷികളുടെയും കെടുതിയിൽ നിന്ന് നമ്മെ സംരക്ഷിക്കാൻ നമുക്ക് അല്ലാഹുവിനോട് തേടാം" (സിൽസിലത്തുസ്സ്വഹീഹഃ).

പ്രവാചകന്മാരുടെ പ്രകൃതവും സ്വഭാവവുമെല്ലാം പൂർണവും വൈകല്യമുക്തവുമാണ്. ഇബ്നു ഹജറുൽ അസ്‌ക്വലാനിؒ ഫത്ഹുൽ ബാരിയിൽ ഇപ്രകാരം പറയുന്നത് കാണാം:

തീർച്ചയായും പ്രവാചകന്മാർ അവരുടെ സൃഷ്ടിപ്പിലും സ്വഭാവത്തിലും അങ്ങേയറ്റത്തെ പരിപൂർണതയിലാകുന്നു. ആരെങ്കിലും ഒരു നബിയെ അദ്ദേഹത്തിന്റെ സ്വഭാവത്തിലെ (ഇന്നത്) ന്യൂനതയാണെന്ന് (അദ്ദേഹത്തിലേക്ക്) ചേർത്തിപ്പറഞ്ഞാൽ തീർച്ചയായും അവൻ ആ നബിയെ ദ്രോഹിക്കുകയാണ് ചെയ്യുന്നത്. (അതിനാൽ) ഇങ്ങനെ ചെയ്യുന്നവന്റെ മേൽ കുഫ്റ് ഭയപ്പെടണം" (ഫത്ഹുൽ ബാരി).

പ്രവാചകന്മാരെ മോശക്കാരാക്കുവാനോ അവരുടെ സ്വഭാവമഹിമയെ ചോദ്യം ചെയ്യുവാനോ പാടില്ല. അതിനെതിരിൽ അല്ലാഹു നമുക്ക് താക്കീത് നൽകുന്നുണ്ട്. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ മൂസാനബിയെ ശല്യപ്പെടുത്തിയവരെ പോലെയാകരുത്. എന്നിട്ട് അല്ലാഹു അവർ പറഞ്ഞതിൽ നിന്ന് അദ്ദേഹത്തെ മുക്തനാക്കുകയും ചെയ്തു. അദ്ദേഹം അല്ലാഹുവിന്റെ അടുക്കൽ ഉൽകൃഷ്ടനാവുകയും ചെയ്തിരിക്കുന്നു"(33:69).

മൂസാؑയെയും കൂടെയുള്ള വിശ്വാസികളെയും

ഫിർഔനിൽ നിന്ന് രക്ഷപ്പെടുത്തുകയും ഫിർഔനിനെയും കൂടെയുള്ളവരെയും കടലിൽ മുക്കി നശിപ്പിക്കുകയും ചെയ്തല്ലോ. പിന്നീട് മൂസാﷺന്റെ കൂടെയുള്ള വിശ്വാസികളാണ് അദ്ദേഹത്തെ പല രൂപത്തിലും പ്രയാസപ്പെടുത്തിയത്. മേൽ കൊടുത്ത ക്വുർആൻ സൂക്തത്തിൽ ബനൂഇസ്റാഈല്യർ മൂസാﷺയെ എങ്ങനെയാണ് ശല്യപ്പെടുത്തിയതെന്നോ അല്ലാഹു എങ്ങനെയാണ് അവരുടെ ശല്യപ്പെടുത്തലിൽ നിന്ന് അദ്ദേഹത്തെ മുക്തനാക്കിയതെന്നോ അല്ലാഹു പറഞ്ഞിട്ടില്ല. ക്വുർആനിന്റെ ആധികാരിക വിശദീകരണം മുഹമ്മദ് നബിﷺയുടെതാണെന്നതിൽ ഒരാൾക്കും സംശയമില്ല. നബിﷺ ഇക്കാര്യം വിവരിച്ചുതന്നിട്ടുണ്ട്. ഇമാം ബുഖാരി(റഹി)യും ഇമാം മുസ്ലിമും(റഹി) അവരുടെ സ്വഹീഹിൽ അത് രേഖപ്പെടുത്തിയതായി കാണാം:

അബൂഹുറയ്റﷺവിൽ നിന്ന് നിവേദനം. നബിﷺ പറഞ്ഞു: "ഇസ്റാഈൽ സന്തതികൾ പരസ്പരം നഗ്നത നോക്കിക്കൊണ്ടായിരുന്നു കുളിക്കാറുള്ളത്. അവരിൽ ചിലർ മറ്റു ചിലരുടെ നഗ്നതയിലേക്കു നോക്കുകയും ചെയ്യും. എന്നാൽ മൂസാﷺ ഒറ്റക്കാണ് കുളിച്ചിരുന്നത്. അതു കാരണം അവർ പറഞ്ഞു അല്ലാഹുവാണ! മൂസാക്ക് മണിവീക്കം (ഒരുതരം ലൈംഗിക രോഗം) ഉള്ളതുകൊണ്ടാണ് അദ്ദേഹം നമ്മോടൊപ്പം കുളിക്കാത്തത്. അങ്ങനെ ഒരു പ്രാവശ്യം മൂസാ നബിﷺ കുളിക്കാൻ പോവുകയും വസ്ത്രം (അഴിച്ച്) ഒരു കല്ലിന്മേൽ വെക്കുകയും ചെയ്തു. ഉടനെ ആ കല്ല് വസ്ത്രവും കൊണ്ട് ഓടി. ഉടനെ മൂസാﷺയും കല്ലേ, എന്റെ വസ്ത്രം... എന്റെ വസ്ത്രം എന്നു പറഞ്ഞു അതിന്റെ പിറകേ ധൃതിയിൽ ഓടി. തന്നിമിത്തം ഇസ്റാഈൽ സന്തതികൾക്ക് അദ്ദേഹത്തിന്റെ നഗ്നത കാണാൻ സാധിക്കുകയും അല്ലാഹുവാണ, മൂസാക്ക് യാതൊരു തരക്കേടും ഇല്ല. എന്നവർ പറയുകയും ചെയ്തു. അങ്ങനെ എല്ലാവർക്കും കാണത്തക്കവിധം കല്ല് നിൽക്കുകയും അദ്ദേഹം തന്റെ വസ്ത്രം എടുക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം ആ കല്ലിനെ അടിക്കാൻ തുടങ്ങി. അബൂഹുറയ്റﷺ പറയുന്നു: അല്ലാഹുവാണ സത്യം! മൂസാﷺ ആ കല്ലിൽ അടിച്ചതു നിമിത്തം അതിൽ ആറോ ഏഴോ അടയാളങ്ങളുണ്ടായി" (മുസ്ലിം). (ഈ ഹദീഥിനെ പരിഹസിക്കുന്നവരും നിഷേധിക്കുന്നവരും ഉണ്ട്. ഇതിൽ അവിശ്വസനീയമായി യാതൊന്നുമില്ല. അദ്ദേഹത്തിന്റെ പേരിൽ ജനങ്ങൾ ന്യൂനത ആരോപിച്ചപ്പോൾ അദ്ദേഹം അതിൽ നിന്ന് മുക്തനാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ അല്ലാഹു സ്വീകരിച്ച ഒരു നടപടി മാത്രമാണിത്. മുമ്പ് അദ്ദേഹം സാഹിറാണെന്ന് പറഞ്ഞപ്പോൾ മുഅ്ജിസത്തിലൂടെ അല്ലാഹു അദ്ദേഹത്തിന്റെ പദവി ഉയർത്തിയില്ലേ?).

അല്ലാഹുവിന്റെ ഗുണങ്ങൾ പ്രവാചകന്മാരിൽ ആരോപിച്ച് അപകടകരമായ വിശ്വാസം വെച്ചുപുലർത്തുന്ന ചില വിഭാഗങ്ങളുണ്ട്. ഈസാﷺയെ കുറിച്ച് ദൈവമെന്നും ദൈവപുത്രനെന്നും ത്രിയേകത്വത്തിൽ (പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്) ഒന്നാണെന്നും വിശ്വസിക്കുന്ന ക്രൈസ്തവർ അതിൽ പെടും. ക്വുർആൻ അവരുടെ വാദത്തെക്കുറിച്ച് പറഞ്ഞുതരുന്നതും അതിനവർക്ക് താക്കീത് നൽകുന്നതും കാണുക:

"മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു..." (5:72).

"അല്ലാഹു മൂവരിൽ ഒരാളാണ് എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു''(5:73).

"പരമകാരുണികൻ ഒരു സന്താനത്തെ സ്വീകരിച്ചിട്ടുണ്ടെന്ന് അവർ പറഞ്ഞിട്ടുണ്ട്. (അപ്രകാരം പറയുന്നവരേ) തീർച്ചയായും നിങ്ങൾ ചെയ്തിരിക്കുന്നത് ഗുരുതരമായ ഒരു കാര്യമാകുന്നു" (19:88,89).

നബിമാർ ആരും തന്നെ തങ്ങളെ ആരാധിക്കണമെന്നോ അല്ലാഹുവിന്റെ ഏതെങ്കിലും സവിശേഷതകൾ ഞങ്ങൾക്കുണ്ടെന്നോ അവകാശപ്പെട്ടവരല്ല. ഈസാനബിﷺ തന്നെ ഉയർത്തെഴുന്നേൽപിന്റെ നാളിൽ അല്ലാഹുവിന്റെ ചോദ്യത്തിന് ഉത്തരം നൽകുന്നത് ക്വുർആൻ വിവരിക്കുന്നത് ശ്രദ്ധേയമാണ്:

"അല്ലാഹു പറയുന്ന സന്ദർഭവും (ശ്രദ്ധിക്കുക). മർയമിന്റെ മകനായ ഈസാ, അല്ലാഹുവിനു പുറമെ എന്നെയും എന്റെ മാതാവിനെയും ദൈവങ്ങളാക്കിക്കൊള്ളുവീൻ എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്? അദ്ദേഹം പറയും: നീയെത്ര പരിശുദ്ധൻ! എനിക്ക് (പറയാൻ) യാതൊരവകാശവുമില്ലാത്തത് ഞാൻ പറയാവതല്ലല്ലോ. ഞാനത് പറഞ്ഞിരുന്നെങ്കിൽ തീർച്ചയായും നീ അറിഞ്ഞിരിക്കുമല്ലോ. എന്റെ സ്വന്തത്തിലുള്ളത് നീയറിയും. നിന്റെ സ്വന്തത്തിലുള്ളത് ഞാനറിയില്ല. തീർച്ചയായും നീ തന്നെയാണ് അദൃശ്യകാര്യങ്ങൾ അറിയുന്നവൻ. നീ എന്നോട് കൽപിച്ച കാര്യം അഥവാ എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കണം എന്ന കാര്യം മാത്രമെ ഞാനവരോട് പറഞ്ഞിട്ടുള്ളൂ. ഞാൻ അവർക്കിടയിൽ ഉണ്ടായിരുന്നപ്പോഴൊക്കെ ഞാൻ അവരുടെ മേൽ സാക്ഷിയായിരുന്നു. പിന്നീട് നീ എന്നെ പൂർണമായി എടുത്തപ്പോൾ നീ തന്നെയായിരുന്നു അവരെ നിരീക്ഷിച്ചിരുന്നവൻ. നീ എല്ലാ കാര്യത്തിനും സാക്ഷിയാകുന്നു" (5:116,117).

മുഹമ്മദ് നബിﷺ തന്നെ അനർഹമായി പുകഴ്ത്തുന്നത് വിരോധിച്ചത് നാം മനസ്സിലാക്കി. എന്നിട്ടും അല്ലാഹുവിന്റെ വിശേഷണങ്ങൾ പലതും നബിﷺക്ക് നൽകുന്നവരുണ്ട്. നബിﷺ സർവവും കാണുമെന്നും എല്ലായിടത്തും ഹാജറുണ്ടെന്നും വിശ്വസിച്ച് അദ്ദേഹത്തോട് തേടുന്നവരെയും കാണാം. ഇത്തരം അനിസ്ലാമിക വിശ്വാസങ്ങൾ വെച്ചു പുലർത്തുന്ന വിഭാഗക്കാരുടെ വാദം കാണുക: "നമ്മെ സദാ വീക്ഷിച്ചുകൊണ്ടിരിക്കുകയാണ് പ്രവാചകൻ ﷺ" (സുന്നത്ത് മാസിക)

എല്ലാം കാണുവാനും എല്ലാം അറിയുവാനും കഴിയുന്നവൻ അല്ലാഹു മാത്രമാണല്ലോ. ഈ വിശേഷണമാണ് ഇവർ നബിﷺയിലേക്ക് ചേർത്തിപ്പറയുന്നത്. ഇതേ വിശേഷണം ശൈഖ് ജീലാനി(റഹി)യെ പോലുള്ള പലർക്കും ഇവർ നൽകുന്നത് വിവിധ മൗലിദ് കിതാബുകളിലും കാണാം. ●

അശ്‌റഫ് എകരൂൽ
ashrafekarul@gmail.com



# സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട...

മക്കൾ വഴിതെറ്റുന്നതിനുള്ള കാരണങ്ങളും ഇസ്‌ലാമിക പരിഹാരമാർഗങ്ങളുമാണ് നാം ചർച്ച ചെയ്ത് വരുന്നത്. രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ശ്രദ്ധ പതിയേണ്ട മറ്റ് ചില വസ്തുതകൾ കൂടി വിവരിക്കാം:

4. മാതാപിതാക്കളുടെ മോശം പെരുമാറ്റം: മക്കൾ വഴിതെറ്റുന്നതിന്റെ കാരണങ്ങൾ തേടുമ്പോൾ പലപ്പോഴും കണ്ടെത്താൻ കഴിയുന്നത് കള്ളൻ ചിലപ്പോൾ കപ്പലിൽ തന്നെയായിരിക്കുമെന്നതാണ്. ഇന്നത്തെ പല കുട്ടിക്കുറ്റവാളികളെയും സൃഷ്ടിക്കുന്നത് സ്വന്തം മാതാപിതാക്കൾ തന്നെയാണ് എന്നാണ് ഇതിനെക്കുറിച്ച് പഠന നിരീക്ഷണങ്ങൾ നടത്തിയവർ പറയുന്നത്!

മക്കളുടെ വ്യക്തിത്വമോ, പ്രായമോ, അഭിമാനമോ പരിഗണിക്കാതെയുള്ള നിരന്തര ശാപവും കോപവും അതിരു കടന്നതും അപക്വവുമാർന്ന മര്യാദ പഠിപ്പിക്കലും മൂലം വീട് ജയിലായി അനുഭവപ്പെടുന്ന കുട്ടികൾ പ്രതികാര മനസ്സോടെ ജീവിതത്തോട് പ്രതികരിക്കാൻ തുടങ്ങുന്നു. ഒരുതരം പ്രതികാര ബുദ്ധിയോടെ വീട് വിട്ടിറങ്ങുന്ന ഇവരുടെ ആശ്വാസ ലോകം അന്വേഷിച്ചുള്ള യാത്രയോടു കൂടി ആരംഭിക്കുന്നു ജീവിതത്തിന്റെ താളം തെറ്റലുകൾ.

മക്കളോട് മാന്യമായും മൃദുവായും പെരുമാറാൻ പഠിപ്പിക്കുന്ന ഇസ്‌ലാമിന്റെ അധ്യാപനങ്ങളൊന്നും പല രക്ഷിതാക്കളും അധ്യാപകരും മുഖവിലക്കെടുക്കുന്നില്ല. ആവശ്യത്തിൽ കവിഞ്ഞു ശിക്ഷിക്കുകയും പ്രായം പരിഗണിക്കാതെ അപമാനിക്കുകയും ചെയ്യുന്നത് നിമിത്തം മുറിവേൽക്കുന്ന കൗമാരവും ബാല്യവും, ധാർമികതയും കുടുബ സംവിധാനവുമെല്ലാം പാരതന്ത്ര്യവും തന്മൂലം മനുഷ്യവിരുദ്ധവുമാണെന്ന അപകടമാർന്ന വിലയിരുത്തലിലേക്ക് എത്തുകയും സ്വന്തം നെയ്തെടുക്കുന്ന ഒരു സ്വതന്ത്ര ജീവിത രീതി ശീലിക്കുകയും നിയമ ലംഘനങ്ങളെ നിസ്സാരമായി കണ്ടു തുടങ്ങുകയും ചെയ്യുന്നു.

അല്ലാഹുവും റസൂലും എല്ലാ മനുഷ്യരോടും മാന്യമായി പെരുമാറുവാൻ പഠിപ്പിക്കുന്നു. കോപത്തെ നിയന്ത്രിക്കുവാൻ ഉപദേശിക്കുന്നു. ക്ഷമയും മാപ്പാക്കലും ജീവിത ഗുണമായി കൊണ്ടുനടക്കാൻ ആവശ്യപ്പെടുന്നു. ദയാദാക്ഷിണ്യം കൈവിടരുതെന്ന് ഓർമപ്പെടുത്തുന്നു. പരുഷ ഹൃദയം വേണ്ടപ്പെട്ടവരെ പോലും നിന്നിൽ നിന്ന് അകറ്റുമെന്നു താക്കീത് നൽകുന്നു. ഇതിൽ മക്കൾ ഉൾപെടുകയില്ലെന്ന് കരുതാനൊക്കുമോ? സന്തം വീട്ടിലല്ലേ നാം ഇതെല്ലാം ആദ്യം നടപ്പിലാക്കേണ്ടത്? അല്ലാഹു പറയുന്നു: "തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നന്മ ചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്..." (16:90).

ധർമനിഷ്ഠ പാലിക്കുന്നവരുടെ ഗുണങ്ങളെണ്ണിക്കൊണ്ട് അല്ലാഹു പറയുന്നു: "കോപം ഒതുക്കി വെക്കുകയും ജനങ്ങൾക്ക് മാപ്പ് നൽകുകയും ചെയ്യുന്നവരത്രെ അവർ. അല്ലാഹു അത്തരം സൽകർമകാരികളെ സ്നേഹിക്കുന്നു" (3 :134).

"ജങ്ങളോട് നല്ല വാക്ക് പറയണം.."(2:83 ). "(നബിയേ) നീ പരുഷ സ്വഭാവിയും കഠിന ഹൃദയനും ആയിരുന്നെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞു പോകുമായിരുന്നു"(3 :159 ).

നബിﷺ ഉണർത്തി: "തീർച്ചയായും അല്ലാഹു എല്ലാ കാര്യത്തിലും ദയ ഇഷ്ടപെടുന്നു"(ബുഖാരി). ഇതിന്റെ പ്രയോഗവത്കരണമാണ് നമ്മുടെ വീടകങ്ങളിൽ ഉണ്ടാവേണ്ടത്.

5. അജണ്ടകളില്ലാത്ത ഒഴിവ് വേളകൾ: കുട്ടികളുടെയും കൗമാരക്കാരുടെയും ജൈവ പ്രകൃതിയാണ് കളിയോടുള്ള അവരുടെ അഭിനിവേശം. വളർച്ച തുടങ്ങുമ്പോൾ തന്നെ ഈ ത്വരയും വളരുന്നു. സമപ്രായക്കാരോടൊപ്പം പ്രകൃതിയുടെ വിരിമാറിൽ വിഹരിക്കുവൻ അവർ ഇഷ്ടപ്പെടുന്നു. ഈ ജൈവ പ്രകൃതിയെ കണ്ടറിയുവാനും ക്രിയാത്മകമായി ഉപയോഗപ്പെടുത്തുവാനും രക്ഷിതാക്കൾക്ക് കഴിയണം. ശാരീരിക, മാനസിക ഉല്ലാസവും ആരോഗ്യവും പ്രദാനം ചെയ്യുന്ന, നിരുപദ്രവകരമായ വിനോദങ്ങൾക്കുള്ള അവസരങ്ങൾ മനഃപൂർവം നാം സൃഷ്ടിച്ചു നൽകുകയോ, അത്തരം ചുറ്റുപാടിലേക്ക് അവരെ വഴി നടത്തുകയോ ചെയ്യണം. അല്ലാത്തപക്ഷം സ്വാഭാവികമായും അവർ അവരുടെ അപക്വമായ തെരഞ്ഞെടുപ്പിലൂടെ ബദൽ സംവിധാനങ്ങൾ സ്വയം തട്ടിക്കൂട്ടുകയും മോശക്കാരുടെ വൃത്തത്തിലേക്ക് അവർ ആനയിക്കപ്പെടുകയും ചെയ്യും. കുടുംബത്തിനും സമൂഹത്തിനും തലവേദന സൃഷ്ടിക്കുമാറ് അവർ വഴികേടിലേക്ക് ചെന്നെത്തുകയായിരിക്കും പിന്നീട് സംഭവിക്കുക. ഈയിടെ കേരളത്തിലെ ചില നഗരങ്ങളിൽ നിന്ന് പിടിക്കപ്പെട്ട ബൈക്ക് മോഷ്ടാക്കളായ കുട്ടികളെ പരിശോധിച്ചതിൽ കണ്ടത്തിയ വസ്തുത, അവ

രാരും ജീവിക്കുവാൻ നിവൃത്തിയില്ലാത്ത ദരിദ്ര കുടുംബങ്ങളിൽ നിന്നുള്ളവരല്ല എന്നതാണ്. ധൂർത്തടിക്കാൻ പണം വേണം. ഒഴിവ് വേളകൾ ചെലവഴിക്കുവാൻ ഉപകാരപ്രദമായ അജണ്ടകൾ അവർക്കില്ല. അവർ എവിടെയായിരുന്നു, എന്തെടുക്കുകയായിരുന്നു എന്ന് രക്ഷിതാക്കൾ അറിയുന്നില്ല, അന്വേഷിക്കുന്നുമില്ല. ഇവിടെ രക്ഷിതാക്കൾ പ്രതികളായിത്തീരുന്നു. കുട്ടിക്കാലം മുതൽ തന്നെ ബൗദ്ധിക, മാനസിക, ശാരീരിക വളർച്ചക്കുതകുന്ന കാര്യങ്ങളെക്കുറിച്ച് മാർഗദർശനം നൽകിയ മതമാണ് ഇസ്‌ലാം. അഞ്ചു നേരത്തെ നിർബന്ധ നമസ്‌കാരം മുറതെറ്റാതെ പള്ളിയിൽ വെച്ചുതന്നെ നിർവഹിക്കണം എന്ന മിനിമം അജണ്ടയെങ്കിലും ഒഴിവുകാലത്ത് ആൺകുട്ടികൾക്ക് ഉണ്ടായാൽ സമയത്തിന്റെ ഒരു നീണ്ട ലോകം അവർക്ക് മുമ്പിൽ വെറുതെ തുറന്ന് കിടക്കുന്നതായി തോന്നില്ല. കൃത്യത, സമയനിഷ്ഠ തുടങ്ങിയ നല്ല ജീവിത ശൈലികൾ ആർജിക്കാൻ അതവരെ സഹായിക്കുകയും ചെയ്യും. വൃത്തിയും ശാരീരിക ചലനങ്ങളും അതുവഴി ലഭിക്കുന്ന മാനസിക-ശാരീരിക നവോന്മേഷവും അവരെ ഊർജസ്വലരാക്കും. അതുപോലെ വ്യത്യസ്തങ്ങളായ കായിക പരിശീലനങ്ങളിൽ അവരെ എൻഗേജിലാക്കുന്നത് ചീത്തകൂട്ടുകെട്ടിൽ പെട്ട് പുതിയ പുതിയ പരീക്ഷണങ്ങളിൽ അവർ എത്തിപ്പെടാതിരിക്കാൻ സഹായിക്കും.

നമ്മുടെ നാട്ടിൽ ധാരാളം ഇസ്‌ലാമിക സ്ഥാപനങ്ങൾ ഉണ്ട്. പക്ഷേ, സങ്കടകരമായ ഒരു കാര്യം, അവയുടെ പേരിന്റെ സൂചികക്കപ്പുറത്തേക്ക് പോവാൻ അവയുടെ നടത്തിപ്പുകാർ മനസ്സ് വെക്കുന്നില്ല എന്നതാണ്. ഇസ്‌ലാമിക് സെന്റർ, ദാറുൽ ക്വുർആൻ, ഇസ്‌ലാമിക് കോംപ്ലക്സ്, ദഅ്‌വാ സെന്റർ, മദ്‌റസ...തുടങ്ങി ഒട്ടനവധി പേരുകളിൽ സ്ഥാപനങ്ങളുണ്ട്. പലതിനും വിശാലമായ മുറ്റങ്ങളും ഗ്രൗണ്ടുകളുമൊക്കെയുണ്ട്. പക്ഷേ, ഈ സ്ഥാപനങ്ങളിലെവിടെയും കുട്ടികൾക്കും കൗമാരക്കാർക്കും അനുയോജ്യമായ വിനോദ പരിപാടികളോ പരിശീലന സൗകര്യങ്ങളോ സാധ്യമാക്കുന്ന സംവിധാനങ്ങളൊന്നുമില്ല. അതിനാൽ തന്നെ അത്തരം സംവിധാനങ്ങളുള്ളിടത്തേക്ക് അവർ പോകും. അവിടെ ധാർമികതക്കും മാന്യതക്കും ഇടമുണ്ടാവണമെന്നില്ല. ആരും നിരീക്ഷിക്കാനുമുണ്ടാവില്ല. അത് ഇസ്‌ലാമിക സംസ്‌കാരത്തിന് അനുഗുണമല്ലാത്ത സ്വഭാവങ്ങളും ശീലങ്ങളും പകർത്താൻ അവസരം നൽകുമെന്നതിൽ സംശയമില്ല. 'കുടി'യുടെയും 'അടി'യുടെയും കൂട്ടായ്മകളിൽ മക്കൾ അംഗങ്ങളായിത്തീരും.

കുവൈത്ത് പോലുള്ള ഗൾഫ് രാജ്യങ്ങളിലെ പ്രമുഖ ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ആസ്ഥാനങ്ങളോടൊപ്പം അവിടെ കുട്ടികൾക്കും കൗമാരക്കാർക്കും യുവാക്കൾക്കും ആവശ്യമായ വിവിധങ്ങളായ വിനോദ കേന്ദ്രങ്ങൾ(നാദി) കാണാവുന്നതാണ്. ഈ സ്ഥാപനങ്ങളിൽ രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ അംഗങ്ങളാക്കുന്നു. വിനോദങ്ങൾക്കിടയിൽ കൃത്യമായ ജമാഅത്ത് നമസ്‌കാരങ്ങളും കളികളിലെ മാന്യമായ പങ്കാളിത്തവും എങ്ങനെ എന്ന് മക്കൾ ശീലിക്കും. ഇടക്കിടക്ക് അവിടെ നടക്കുന്ന ധാർമിക ക്ലാസുകളിലും പഠന ശിബിരങ്ങളിലും കൗമാരക്കാർക്ക് പങ്കെടുക്കേണ്ടി വരും. ഒരാഴ്ചയിലെ പാക്കേജിൽ ചില ദിവസം ക്വുർആൻ മനഃപാഠ ക്ലാസും കമ്പ്യൂട്ടർ പരിശീലനവും കൂട്ടിച്ചേർക്കുന്നു. ഇസ്‌ലാമിക ശിക്ഷണത്തിലൂടെ ബാല്യവും കൗമാരവും കടന്നുപോകാൻ ഇതിലൂടെ മക്കൾക്ക് കഴിയുന്നു.

എന്നാൽ നമ്മുടെ നാട്ടിൽ, ഏഴാം ക്ലാസ് മദ്‌റസ കഴിഞ്ഞുപോയ കുട്ടികളെ പിന്നെ നമുക്ക് വല്ലാതെ കിട്ടുന്നില്ല. പിന്നീട് ഈ 'കൈവിട്ട' തലമുറയെ ഇസ്‌ലാമിക സ്ഥാപനത്തിലേക്ക് നാം വിളിക്കുന്നത് വല്ലപ്പോഴും നടക്കുന്ന ഒരു ക്വുർആൻ ക്ലാസ്സിനോ നോമ്പ് തുറക്കോ ആയിരിക്കും. എന്നാൽ മേൽ സൂചിപ്പിച്ച പ്രകാരം വളർച്ചയുടെ ജൈവ താൽപര്യങ്ങളെ തൃപ്തിപ്പെടുത്തുന്ന സംവിധാനങ്ങൾ കൂടി ഇസ്‌ലാലാമിക സ്ഥാപനങ്ങളോടാപ്പവും മഹല്ലുകളിലും ഉണ്ടെങ്കിൽ 'കുടി'യുടെയും 'വലി'യുടെയും തുടർന്നുണ്ടാകുന്ന 'അടി'യുടെയും കാലുറക്കാത്ത ന്യൂജെൻ കൂട്ടങ്ങൾ വളർന്നുവരില്ല.

6. ചീത്ത കൂട്ടുകെട്ട്: മക്കളെ അലങ്കാര മത്സ്യത്തെ പോലെ കൂട്ടിലിട്ട് വളർത്തണമെന്നു ഇസ്‌ലാം പഠിപ്പിക്കുന്നില്ല. കൂട്ട് കൂടലും സുഹൃത്തുക്കളുണ്ടാവലുമെല്ലാം മനുഷ്യ പ്രകൃതിയുടെ ഭാഗമെന്ന നിലക്ക് ഇസ്‌ലാം അംഗീകരിക്കുകയും അതിന് ആവശ്യമായ ഗൈഡൻസ് നൽകുകയും ചെയ്യുന്നുണ്ട്. അതിനെ നന്മയുടെ പങ്കുവെക്കലുകളുടെ വേദിയായി ഇസ്‌ലാം കാണുകയും ചെയ്യുന്നു. നല്ലവരുമായുള്ള കൂട്ടുകെട്ടിനെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ചീത്ത കൂട്ടുകെട്ടിന്റെ അപകടം ഉണർത്തുകയും ചെയ്യുന്നു. രക്ഷിതാക്കൾ കണ്ണ് തുറക്കാതിരിക്കുന്നതിനാലാണ് സൗഹൃദം മൂലം മക്കൾ വഴി തെറ്റുന്നത്. നല്ല സൗഹൃദത്തെ പ്രോത്സാഹിപ്പിക്കുകയും ചീത്ത കൂട്ടുകെട്ടിന്റെ അപകടത്തെ ബോധ്യപെടുത്തുകയുമാണ് ഇതിന്റെ പരിഹാരം. അല്ലാഹു പറയുന്നു: "അക്രമം ചെയ്തവൻ തന്റെ കൈകൾ കടിക്കുന്ന ദിവസം, റസൂലിന്റെ കൂടെ ഞാനൊരു മാർഗം സ്വീകരിച്ചിരുന്നുവങ്കിൽ എത്ര നന്നായിരുന്നേനെ! എന്റെ കഷ്ടമേ ഇന്നയാളെ ഞാൻ സുഹൃത്തായി സ്വീകരിച്ചിട്ടില്ലായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ! എനിക്ക് ബോധനം വന്നു കിട്ടിയതിനു ശേഷം അതിൽ ഇന്നവൻ എന്നെ തെറ്റിച്ചു കളഞ്ഞല്ലോ. പിശാച് മനുഷ്യനെ കൈവിട്ട് കളയുന്നവനാകുന്നു"(25:27-29). "സുഹൃത്തുക്കൾ അന്നേദിവസം (ഉയർത്തെഴുന്നേൽപിന്റെ ദിനം) ശത്രുക്കളായിരിക്കും; സൂക്ഷ്മത പാലിക്കുന്നവർ ഒഴികെ" (43:67). നല്ല സൗഹൃദം മാത്രമാണ് അല്ലാഹു അംഗീകരിക്കുന്നത് എന്ന് ഈ സൂക്തം പഠിപ്പിക്കുന്നു.

നബിﷺ പറഞ്ഞു: "നിങ്ങൾ ഓരോരുത്തരും അവരവരുടെ സുഹൃത്തിന്റെ 'മത'ത്തിലായിരിക്കും. അതിനാൽ ഓരോരുത്തരും ആരുമായിട്ടാണ് കൂട്ട്കൂടുന്നതെന്ന് നോക്കട്ടെ'' (തിർമിദി). പല രക്ഷിതാക്കളും അവഗണിക്കുന്ന ഒരു കൽപനയാണിത്. ആ അവഗണനയാണ് മക്കളെ വഴി തെറ്റിക്കുന്നതിലെ മുഖ്യ പങ്കാളികളിലൊന്ന്. ●

അബൂ മുഫീദ്
mail@nerpatham.com

ഹദീസ് പാഠം

# സ്രഷ്ടാവിനോട് അടുക്കുക

**അനസ്ﷺ നിവേദനം: നബിﷺ പ്രതാപശാലിയും മഹാനുമായ അവിടുത്തെ നാഥനിൽനിന്ന് ഉദ്ധരിക്കുന്നു: "അവൻ (അല്ലാഹു) ഇപ്രകാരം പറഞ്ഞിരിക്കുന്നു: "അടിമ (മനുഷ്യൻ) എന്നോട് ഒരു ചാൺ അടുത്താൽ ഞാൻ അവനോട് ഒരു മുഴം അടുക്കും. അവൻ എന്നോട് ഒരുമുഴം അടുത്താൽ ഞാൻ അവനോട് ഒരു മാറ് അടുക്കും. അവൻ എൻറടുത്തേക്ക് നടന്നുവന്നാൽ ഞാൻ അവന്റടുത്തേക്ക് ഓടിച്ചെല്ലും."**

മനുഷ്യരിൽ മഹാഭൂരിഭാഗവും ദൈവവിശ്വാസികളാണ്. ദൈവത്തെക്കുറിച്ചുള്ള സങ്കൽപങ്ങളിലും വിശ്വാസങ്ങളിലും വൈജാത്യമുണ്ടെങ്കിലും ദൈവസാമീപ്യം നേടുവാൻ കൊതിക്കാത്തവരില്ല. എന്നാൽ ദൈവവുമായി അടുക്കുവാനുള്ള മാർഗങ്ങൾ സ്വീകരിക്കുന്നതിലും വിത്യസ്ത മതക്കാർക്കിടയിൽ വിഭിന്നമായ കാഴ്ചപ്പാടുകളാണുള്ളത്.

ദൈവപ്രീതിക്കായി മനുഷ്യരെ ബലിയറുക്കുക, ശ്മശാനത്തിലേക്ക് കൂട്ടമായിച്ചെന്ന് എല്ലുകൾ മാന്തിയെടുത്ത് ഭക്ഷിക്കുകയും എല്ലുകൊണ്ട് മാലകോർത്ത് അണിയുകയും ചെയ്യുക... ഇങ്ങനെ ഹീനമായ മാർഗങ്ങൾ അവലംബിക്കുന്നവരുണ്ട്. വീട്, കുടുംബം, ഭാര്യ, മക്കൾ ഇങ്ങനെയുള്ളവയെല്ലാം ആത്മീയോത്കർഷത്തിന് തടസ്സമാണ്; അതുകൊണ്ട് അതൊന്നുമില്ലാതെ ജീവിക്കലാണ് ഉത്തമം എന്നു പറഞ്ഞ് ബ്രഹ്മചാരികളും സൂഫികളും സന്യാസികളുമായി കഴിയുന്നവരുണ്ട്.

എന്നാൽ ഇസ്‌ലാം ഇത്തരത്തിലുള്ള യാതൊരു വിധ ഹീനമായ മാർഗവും ദൈവസാമീപ്യം നേടിയെടുന്നതിനായി സ്വീകരിക്കുവാൻ ആവശ്യപ്പെടുന്നില്ല. മാനുഷികമായ വികാര-വിചാരങ്ങൾ അടിച്ചമർത്തിയും എല്ലാവിധ ബന്ധങ്ങളിൽനിന്നും മോചനം നേടിയും ദൈവവുമായി അടുക്കുവാൻ പറയുന്നുമില്ല.

മുകളിൽ ഉദ്ധരിച്ച, നബിﷺയോട് അല്ലാഹു അറിയിച്ച കാര്യത്തിൽ അല്ലാഹുമായി അടുക്കുവാൻ പരിശ്രമിക്കുവാനുള്ള പ്രേരണ പ്രകടമാണ്. അല്ലാഹുവുമായി നമ്മൾ എത്രകണ്ട് അടുക്കുന്നുവോ അത്രകണ്ട് അവൻ നമ്മോട് അടുക്കുമെന്ന് പ്രസ്തുത വചനം അറിയിക്കുന്നു.

എങ്ങനെയൊക്കെയാണ് ഒരു സത്യവിശ്വാസിക്ക് തൻെറ സ്രഷ്ടാവുമായി അടുക്കുവാൻ സാധിക്കുക? അല്ലാഹു പറഞ്ഞതായി നബിﷺ പറയുന്നു:

"...എൻെറ അടിമക്ക് ഞാൻ നിർബന്ധമാക്കിയിട്ടുള്ള കർമങ്ങളെക്കാൾ എനിക്കിഷ്ടമുള്ള യാതൊന്നും അവന്ന് എൻെറ സാമീപ്യം നേടാൻ ഉപയുക്തമായതായിട്ടില്ല. ഐഛികമായ ആരാധനകൾ മുഖേന എൻെറ അടിമ എന്നോട് അടുത്തുകൊണ്ടേയിരിക്കും. അങ്ങനെ ഞാനവനെ സ്നേഹിക്കും. ഞാൻ സ്നേഹിച്ചു കഴിഞ്ഞാൽ പിന്നെ, അവൻ കേൾക്കുന്ന കാതും കാണുന്ന കണ്ണും പിടിക്കുന്ന കയ്യും നടക്കുന്ന കാലും ഞാനായിരിക്കും. എന്നോടവൻ ചോദിച്ചാൽ ഞാനവന്ന് ഉത്തരം നൽകും. അഭയം തേടിയവൽ ഞാനവന്ന് അഭയം നൽകും" (ബുഖാരി).

സ്രഷ്ടാവ് തൻെറ ദാസർക്ക് നിർബന്ധമാക്കിയ കുറെ ആരാധനാകർമങ്ങളുണ്ട്. ഐഛികമായി ചെയ്യാവുന്ന കർമങ്ങളുമുണ്ട്. മുഹമ്മദ് നബിﷺ അവയെല്ലാം തൻെറ ജീവിതത്തിലൂടെ പ്രാവർത്തികമാക്കി കാണിച്ചുതന്നിട്ടുണ്ട്. ഏകനായ സ്രഷ്ടാവിലും മറ്റു വിശ്വാസ കാര്യങ്ങളിലും അചഞ്ചലമായി വിശ്വസിക്കുകയും ആ സ്രഷ്ടാവിൻെറ മഹത്തായ പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് സൽകർമ നിരതരാവുകയും ചെയ്യുക എന്നതാണ് ഒരു വിശ്വാസിയുടെ ബാധ്യത. അല്ലാഹുവുമായി അടുക്കുവാനുള്ള മാർഗവും അതുതന്നെ. അക്കൂട്ടരെയത്രെ അല്ലാഹു സ്നേഹിക്കുന്നത്. അങ്ങനെ അവൻെറ പ്രീതിക്ക് പാത്രീഭൂതരായവർ നിഷിദ്ധമായ യാതൊരു കാര്യത്തിലും ഏർപെടുകയില്ല. കണ്ണുകൊണ്ടും കാതുകൊണ്ടും മറ്റു അവയവങ്ങൾ കൊണ്ടും അല്ലാഹുവിന് ഇഷ്ടമില്ലാത്തത് ചെയ്യുകയില്ല എന്നാണ് 'അവൻ കേൾക്കുന്ന കാതും കാണുന്ന കണ്ണും പിടിക്കുന്ന കയും നടക്കുന്ന കാലും ഞാനായിരിക്കും' എന്നു പറഞ്ഞതിൻെറ വിവക്ഷ.

ജീവിതത്തിൻെറ എല്ലാ മേഖലകളിലും ഒരു വിശ്വാസി ഇസ്‌ലാമികമൂല്യങ്ങൾ മുറുകെ പിടിക്കേണ്ടതുണ്ട്. പിതാവ്, മാതാവ്, ഭാര്യ, ഭർത്താവ്, പുത്രൻ, അയൽവാസി... ഓരോ വ്യക്തിയും ഇങ്ങനെ പലതുമാണ്. സ്രഷ്ടാവിനോടുള്ള കടമ നിർവഹിക്കുന്നതിനോടൊപ്പം സൃഷ്ടികളിൽ ഓരോരുത്തരോടുമുള്ള കടമയും നിർവഹിക്കേണ്ടതുണ്ട്. തിന്മകളുടെ മലവെള്ളപ്പാച്ചിലിൽ ആ ഒഴുക്കിനെതിരെ നീന്തുന്നവനാണ് യഥാർഥ ഭക്തൻ അഥവാ ദൈവസാമീപ്യം അർഹിക്കുന്നവൻ. ●

## ചലനങ്ങൾ

# പരീക്ഷ കുറ്റമറ്റതാക്കണം: എം.എസ്.എം

മുക്കം: വിദ്യാർഥികളെ ദുരിതത്തിലാക്കുന്ന രൂപത്തിൽ സിലബസിൽ ഇല്ലാത്ത ചോദ്യങ്ങൾ ചോദിക്കുകയും ചോദ്യപേപ്പർ ചോരുകയും ചെയ്യുന്നത് അവസാനിപ്പിക്കാൻ സർക്കാർ ജാഗ്രത പാലിക്കണമെന്ന് വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ ഭാഗമായി മുക്കം ഗ്രീൻവാലി ക്യാമ്പസിൽ സംഘടിപ്പിച്ച എം.എസ്.എം അവധിക്കാല പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടന സമ്മേളനം ആവശ്യപ്പെട്ടു. പരീക്ഷയുടെ വിശ്വാസ്യത നഷ്ടപ്പെടുന്നത് ഗൗരവപരമായി കാണണം. എസ്.എസ്.എൽ.സി പോലുള്ള പരീക്ഷകളുടെ ചോദ്യപേപ്പറുകൾ ചോദ്യകർത്താവിന്റെ വൈജ്ഞാനിക മികവ് പ്രകടിപ്പിക്കാനുള്ള വേദിയായി മാറ്റരുത്. വിദ്യാർഥികളുടെ പ്രായത്തെയും മാനസിക വളർച്ചയെയും പരിഗണിച്ച് വേണം ചോദ്യപേപ്പർ തയ്യാറാക്കേണ്ടതെന്നും സമ്മേളനം അഭിപ്രായപ്പെട്ടു.

എം.എസ്.എമ്മിന്റെ രണ്ട് മാസം നീണ്ടുനിൽക്കുന്ന അവധിക്കാല പ്രവർത്തന ങ്ങൾക്ക് സമ്മേളനം അന്തിമരൂപം നൽകി. 'ധാർമിക മുന്നേറ്റത്തിന് വിദ്യാർഥി വിചാരം' എന്ന പ്രമേയത്തിൽ എല്ലാ മേഖലകളിലും മേഖലാ വിദ്യാർഥി സമ്മേളനം, 'അവധിക്കാലം അറിവിൻ തണലിൽ' എന്ന പ്രമേയത്തിൽ പത്ത് ദിനം നീണ്ടുനിൽക്കുന്ന മോറൽ സ്കൂളുകൾ, ജില്ലാ തലത്തിൽ 'ജാലകം' സഹവാസ ക്യാമ്പുകൾ, കുരുന്നുകൾക്കായി 'ബട്ടർഫ്‌ളൈസ്' ബാലസംഗമങ്ങൾ, സംസ്ഥാന തലത്തിൽ എസ്. എസ്. എൽ. സി കഴിഞ്ഞ വിദ്യാർഥികൾക്കായി ദശദിന 'റിലീജ്യസ് സ്കൂൾ', +2 കഴിഞ്ഞ വിദ്യാർഥികൾക്കായി 'വിഷൻ' ക്യാമ്പുകൾ, ക്യാമ്പസ് തലത്തിൽ 'റിഫ്‌ളക്ഷൻ' ക്യാമ്പസ് മീറ്റുകൾ എന്നിവ സംഘടിപ്പിക്കും.

വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ വൈസ് ചെയർമാൻ അബൂബക്കർ സലഫി സമ്മേളനം ഉദ്ഘാടനം ചെയ്തു. എം.എസ്.എം സംസ്ഥാന ജന: സെക്രട്ടറി പി. ലുബൈബ് അധ്യക്ഷത വഹിച്ചു. പി.പി.നസീഫ്, ഇൻഷാദ് സ്വലാഹി, മുഹമ്മദ് ഷമീൽ, വി. അബൂബക്കർ, നിസാർ സ്വലാഹി, സി.മുഹാസ്, സയ്യിദ് മുഹമ്മദ് മശ്ഹൂർ എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

## ജലം പങ്കുവെക്കുക, പാഴാക്കരുത്: ഐ.എസ്.എം പ്രചാരണം ആരംഭിച്ചു

**തിരൂർ:** ജന്തുജാലങ്ങളുടെ നിലനിൽപിന് ആവശ്യമായ പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്യുന്നതും പാടെ നശിപ്പിക്കുന്നതുമായ പ്രവർത്തനങ്ങളിൽ നിന്നും വിട്ടുനിൽക്കാൻ എല്ലാവരും തയ്യാറാകണമെന്ന സന്ദേശവുമായി വിസ്ഡം റിലീഫ് പ്രവർത്തനങ്ങളുടെ ഭാഗമായി യുവജന വിഭാഗമായ ഐ.എസ്.എം 'സ്നേഹസ്പർശം' ആഭിമുഖ്യത്തിൽ 'ജലം ദൈവാനുഗ്രഹം; പങ്കുവെക്കുക, പാഴാക്കരുത്' എന്ന പ്രമേയത്തിൽ ജില്ലയിൽ ആരംഭിക്കുന്ന കാമ്പയ്‌നിന്റെ ലഘുലേഖ വിതരണോദ്ഘാടനം നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ നിർവഹിച്ചു. അബ്ദുസ്സലാം വാവനൂർ, അബ്ദുന്നാസിർ പൊന്നാനി, എ.പി.മുഹമ്മദ് പൊന്നാനി, ശഹീർ മാറഞ്ചേരി, ഫസൽ പൊന്നാനി, ഹനീഫ വളവന്നൂർ, മുഹമ്മദ് ഫാറൂഖ് പൊന്നാനി പ്രസംഗിച്ചു.

**എടത്തനാട്ടുകര:** 'ജലം ദൈവാനുഗ്രഹം; പങ്കുവെക്കുക, പാഴാക്കരുത്' മേഖല പ്രചരണോദ്ഘാടനം ഐ.എസ്.എം സംസ്ഥാന വൈസ് പ്രസിഡന്റ് ഒ. മുഹമ്മദ് അൻവർ ഗ്രാമ പഞ്ചായത്ത് അംഗം സി. മുഹമ്മദാലി മാസ്റ്റർക്ക് ലഘുലേഖ നൽകി നിർവഹിച്ചു. ദഅ്‌വാ സമിതി ജില്ലാ ട്രഷറർ അബ്ദുൾ ഹമീദ് ഇരിങ്ങൽത്തൊടി, കെ.ടി. മുഹമ്മദ് എന്ന നാണി, സാമൂഹ്യക്ഷേമ വകുപ്പ് കൺവീനർ സി. പി. ഫൈസൽ മാസ്റ്റർ, ടി. കെ. സക്കീർ, പി. അബ്ദുസ്സലാം എന്നിവർ സംബന്ധിച്ചു.

പ്രചാരണത്തിന്റെ ഭാഗമായി സെമിനാർ, ലഘുലേഖാ വിതരണം, പോസ്റ്റർ, കൊളാഷ്, തീം പോസ്റ്റർ എന്നിവയുടെ പ്രദർശനം, ജലസ്രോതസ്സുകളുടെ ശുചീകരണം, കുടിവെള്ള സംഭരണികൾ സ്ഥാപിക്കൽ തുടങ്ങിയവ സംഘടിപ്പിക്കും.

## 'അവധിക്കാലം അറിവിൻ തണലിൽ' ഇഖ്റഅ് മോറൽ സ്കൂൾ ഏപ്രിൽ 3 മുതൽ

കോഴിക്കോട്: വിസ്ഡം ഗ്ലോബൽ ഇസ്ലാമിക്ക് മിഷന്റെ കീഴിൽ എം.എസ്.എം കോഴിക്കോട് സിറ്റി മേഖലയുടെ ആഭിമുഖ്യത്തിലുള്ള വേനലവധിക്കാല ഇഖ്റഅ് മോറൽ സ്ക്കൂളിന് ഏപ്രിൽ മൂന്നിന് തുടക്കം. ഏപ്രിൽ മൂന്നിന് കോഴിക്കോട് ടൗൺ സർക്കിൾ ഇൻസ്പെക്ടർ മനോജ് പി.എം. ഉദ്ഘാടനം ചെയ്യും. ഏപ്രിൽ 3 മുതൽ 27 വരെയുള്ള തിയ്യതികളിൽ രാവിലെ 9:30ന് പരപ്പിൽ എം.എം ജൂബിലി കോളേജിൽ വെച്ചാണ് ക്ലാസ്സ് നടക്കുക. വിദ്യാർഥികളിൽ ധാർമികബോധം വളർത്തിയെടുക്കാനും സമാധാനത്തിന്റെ സന്ദേശവാഹകരും ആത്മശാന്തിയുടെ ഉടമകളാക്കി നല്ലൊരു സമൂഹത്തെ പടുത്തുയർത്തുക എന്നതാണ് പ്രോഗ്രാമിന്റെ ലക്ഷ്യം.

ഹൈസ്ക്കൂൾ, ഹൈർസെക്കണ്ടറി, ഡിഗ്രി വിദ്യാർഥികൾക്കാണ് പ്രവേശനം. 7 വയസ്സ് മുതലുള്ള കുട്ടികൾക്കായി ജൂനിയർ മോറൽ സ്ക്കൂളും പ്രത്യേകം സജ്ജമാക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ബന്ധപ്പെടുക: 8714 281 531, 8113 052 396, 8089 253 822.

**നേർപഥത്തിലേക്കുള്ള വാർത്തകൾ mail@nerpatham.com എന്ന ഇ.മെയിലിലോ 9656292244 എന്ന വാട്ട്സ്ആപ്പ് നമ്പറിലോ നേർപഥം അഡ്രസ്സിലോ മാത്രം അയക്കുക.**

Nerpatham Weekly, EKP Building, Kallai Road Kozhikode
PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com



# ഉത്തരം കിട്ടാതെ ഉത്തരകേരളം

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com

**വെ**റുപ്പും വർഗീയതയും ലയിച്ച് പെയ്യുന്ന വിഷമഴ മണ്ണിൽ അലിഞ്ഞ് ചേർന്നാൽ ഒരു നാടിന് എന്ത് സംഭവിക്കുമെന്നതിന്റെ ദുരന്തസാക്ഷിയാണ് കുടക് സ്വദേശി റിയാസ് മൗലവി. നിരപരാധിയായ യുവാവിന്റെ അറുകൊലക്ക് പിന്നിൽ പ്രവർത്തിച്ചവരാരായാലും നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് മാതൃകാപരമായ ശിക്ഷ ഉറപ്പ് വരുത്താൻ ആഭ്യന്തര വകുപ്പ് തയ്യാറാകാണം. സംഭവം നടന്ന് മണിക്കൂറുകൾക്കുള്ളിൽ പ്രതികളെ പുറത്ത് കൊണ്ടുവരാൻ കഴിഞ്ഞത് ചെറിയ കാര്യമല്ല. കുറ്റവാളികൾ കയ്യുംവീശി നടുറോഡിലൂടെ തേരാപാരാ നടക്കാൻ പാകത്തിൽ ഊരിപ്പോരാൻ കഴിയാത്ത കുറ്റപത്രം തയ്യാറാക്കാൻ സാധിക്കേണ്ടതുണ്ട്. കൊടിഞ്ഞി ഫൈസൽ വധക്കേസിൽ സർക്കാർ സ്വീകരിച്ച നടപടി ന്യൂനപക്ഷ സമുദായത്തിനുള്ളിൽ ആശങ്ക പടർത്തിയിട്ടുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. പ്രതികൾ മദ്യപിച്ച് ലക്കുകെട്ട് വാളുവെച്ചത് റിയാസ് മൗലവിയുടെ കഴുത്തിലായിപ്പോയി എന്നൊന്നും പറയാതിരുന്നാൽ ഭാഗ്യം!

ഇപ്പോഴത്തെ പ്രധാനമന്ത്രി നരേന്ദ്രമോദിയും മുഖ്യസഹായി അമിത് ഷായും ഗുജറാത്തിൽ നടത്തിയ മുസ്‌ലിം നരനായാട്ടിനുശേഷം ഫാസിസത്തിന്റെ അടുത്ത പരീക്ഷണശാലയായി കാണുന്ന സംസ്ഥാനമാണ് കർണാടക. രണ്ടാം ഗുജറാത്ത് എന്ന ഓമനപ്പേരിലാണ് പരിവാർ അണികൾക്കിടയിൽ ഈ സംസ്ഥാനം അറിയപ്പെടുന്നത്. ഗുജറാത്തിൽ നിന്ന് കർണാടകയിൽ അടിച്ചുവീശാൻ തുടങ്ങിയ ഫാഷിസ ചക്രവാതം മഞ്ചേശ്വരവും കാസർഗോഡും കടന്ന് കേരളത്തിന്റെ കരഭാഗങ്ങളിൽ ആഞ്ഞുവീശാൻ ഇടയുണ്ട് എന്ന മുന്നറിയിപ്പാണ് നാടിനെ നടുക്കിയ ഈ കൊലപാതകത്തിൽ നിന്ന് നാം വായിച്ചെടുക്കേണ്ടത്.

പ്രവീൺ തൊഗാഡിയയും അശോക് സിംഗാളും മുതൽ ശശികല ടീച്ചറും ശോഭാസുരേന്ദ്രനും വരെ ഇടക്കിടെ വടക്കോട്ട് വെച്ചുപിടിക്കുന്നതിന്റെ സംഗതി വശം തിരിച്ചറിഞ്ഞാൽ അഗ്നികാത്തിരിക്കുന്ന വൻ ഗന്ധകപ്പുരയുടെ അപകടാവസ്ഥ പെട്ടെന്ന് പിടികിട്ടും. വിദ്യാഭ്യാസ മേഖലയിലും ഉദ്യോഗരംഗത്തും ഏറെയൊന്നും ഉയരാൻ കഴിഞ്ഞിട്ടില്ലെങ്കിലും തീവ്രഹിന്ദുത്വ വർഗീയതയോട് കട്ടക്കു നിൽക്കാൻ പറ്റിയ തടിമിടുക്കു കാണിക്കാൻ, കാസർഗോട്ടെ മുസ്‌ലിം സമുദായത്തിലെ ചെറിയ വിഭാഗം എന്നും ഉയർന്ന നിലവാരം പുലർത്തിയിരുന്നു എന്ന കാര്യം കൂടി പരിഗണിക്കുമ്പോഴാണ് സമഗ്രവും സന്തുലിതവുമായി കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുക. ആശയാദർശങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും വ്യതിരിക്തത പുലർത്തുമ്പോൾ തന്നെ പരസ്പര സഹകരണത്തിലും സാമൂഹികമായ ആദാനപ്രദാനങ്ങളിലും മുന്നോട്ട് വരേണ്ടതിനു പകരം വെറുപ്പും വിദ്വേഷവും പരസ്പരം നിലനിർത്താനാണ് പല പ്രദേശങ്ങളിലുമുള്ള ഇരു സമുദായങ്ങളിലും പെട്ട ചിലരെങ്കിലും മത്സരിച്ച് കാണാറുള്ളത്.

കുറെ കാലങ്ങളായി കാസർഗോഡ് ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ നടക്കുന്ന വർഗീയ കലാപങ്ങളുടെയും വർധിച്ചുവരുന്ന കൊലപാതകങ്ങളുടെയും പശ്ചാത്തലം പരിശോധിച്ചാൽ നിജസ്ഥിതി ആർക്കും മനസ്സിലാകും. ക്ഷേത്രോത്സവങ്ങൾ നടക്കുമ്പോൾ പള്ളികൾക്ക് മുന്നിലും മഖാമുകളിൽ ഉറൂസ് നടക്കുന്ന സമയത്ത് അമ്പലങ്ങൾക്കു മുന്നിലും ശക്തമായ ബന്തവസ്സ് ഏർപെടുത്തി പോലീസ് കാവൽനിൽക്കേണ്ടി വരുന്നത് കൂടി ചേർത്തുവായിച്ചാൽ ചിത്രം പൂർണമായി. പ്രശ്നം രമ്യമായി പരിഹരിക്കേണ്ട മതപണ്ഡിതന്മാരും രാഷ്ട്രീയ നേതാക്കളും പൊതുപ്രവർത്തകരും ഇവിടെ കയറി നിൽക്കുന്നത് പ്രതിക്കൂട്ടിലാണ്. ആണ്ടു തികയുമ്പോൾ ആളെക്കൂട്ടി നടത്തുന്ന ധനാഗമനയാത്രകൾ ആരംഭിക്കാൻ മാത്രമുള്ളതല്ല കാസർഗോഡ്. സമാധാനത്തിന്റെ വിളനിലമായ കേരളം മറ്റൊരു ഗുജറാത്തായി മാറാതിരിക്കാൻ, വർഗീയതയുടെ വേർതിരിവ് അവസാനിപ്പിക്കാൻ കൂടിയുള്ളതാണ് ഉത്തരദേശമെന്ന് തിരിച്ചറിഞ്ഞാൽ എല്ലാവർക്കും നല്ലത്.




peaceradio
Tune to reality

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 01 April 2017

Reg NO: KL/CT/225/2016-18
Price: ₹10/-

ഖുർആൻ പഠനത്തോടൊപ്പം പുതുതലമുറയുടെ ധാർമികസംസ്കരണം ലക്ഷ്യമിട്ട്, തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ ആരംഭിച്ച മതപഠന സംരംഭമാണ് സ്കൂൾ ഓഫ് ഖുർആൻ. ഒന്നാം ക്ലാസ്സ് മുതൽ അഞ്ചാം ക്ലാസ്സ് വരെ ജാമിഅ അൽ ഹിന്ദിന്റെ മേൽനോട്ടത്തിൽ പ്രാദേശിക കേന്ദ്രങ്ങൾ വഴിയും, അഞ്ചാം ക്ലാസ്സിന് ശേഷം പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ മെയിൻ ക്യാമ്പസിലുള്ള റസിഡൻഷ്യൽ സ്കൂളിലൂടെയും പൂർത്തീകരിക്കുന്ന ലോംഗ് ടേം കോഴ്സാണിത്. ക്രിയാത്മകമായ പരിശീലനം സിദ്ധിച്ച വിദഗ്ധരായ അധ്യാപകരുടെ മേൽനോട്ടത്തിൽ പുതിയ ബാച്ചിന് തുടക്കം കുറിച്ചിരിക്കുന്നു.

## അഡ്മിഷൻ ആരംഭിച്ചു...

جامعة الهند الإسلامية

School Of Qur'an

## സ്കൂൾ ഓഫ് ഖുർആൻ

### സവിശേഷതകൾ:

- ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്
- കേരളത്തിൽ ആദ്യമായി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- ഖുർആൻ, ഹദീഥ്, അറബി ഭാഷ, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം തുടങ്ങിയവയിൽ പഠനം
- നിലവിലുള്ള ഖുർആൻ പഠന സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിച്ച കുറ്റമറ്റ സംവിധാനം
- കരിക്കുലമനുസരിച്ച് തയ്യാറാക്കിയ ഡി.വി.ഡികൾ, സോഫ്റ്റ്വെയറുകൾ
- ഖുർആൻ പഠനത്തിന് മൊബൈൽ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ സോഫ്റ്റ്വെയർ
- രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യം
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഫോളോ അപ്പിനായി വാർഷിക സ്റ്റഡി ട്രാക്കറുകൾ
- ഓഡിയോ - വിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര - കേന്ദ്രീകൃത മൂല്യനിർണയം

**അപേക്ഷ സ്വീകരിക്കുന്ന**
**അവസാന തീയതി**
**2017 മെയ് 14**

ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!!
പ്രവേശനം നാലര മുതൽ അഞ്ചര വയസ്സ് വരെയുള്ളവർക്ക്...

### സെന്ററുകൾ:

കാസറഗോഡ്: 9995492188 | കാഞ്ഞങ്ങാട്: 9847507310 | തളിപ്പറമ്പ്: 8606776770 | കിണവക്കൽ: 9400083931 | വടകര: 9961037934 | കാപ്പാട്: 9846808230
മഞ്ചേരി: 9846872999 | കോട്ടക്കൽ: 9447624148 | തിരൂർ: 9633099992 | മാറഞ്ചേരി: 7559955255 | വെങ്കിടങ്ങ്: 9645788599 | ആറ്റിങ്ങൽ: 9497714521

Head Office: School of Qur'an | Jamia Al-Hind Al-Islamiyya | Jamia Campus
Mini Ootty | Oorakam | Malappuram | Kerala | India | PIN 676519
PIN 676519 | PH: +91 8606788882 | www.schoolofquran.in | mail@schoolofquran.com | Follow us: